


# സുതാര്യ

**ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

സാമൂഹിക നീതിയോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. സാമൂഹിക നീതി നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നു മാത്രമല്ല, നീതി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാനും സർക്കാരിന് ബാധ്യതയുണ്ട്. ജനങ്ങളോടൊപ്പം നിന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് ലക്ഷ്യം. ഇക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ജനസമ്പർക്ക പരിപാടി വൻവിജയമാണ്. സർക്കാരിന്റെയോ മുഖ്യമന്ത്രിയുടെയോ മാത്രമല്ല, ജനങ്ങളുടെയും വിജയമാണ്. ജനസമ്പർക്കം ഒരു തുടക്കമാണ്. ആ തുടക്കം ആവേശകരമായ പ്രതിഫലനങ്ങളാണ് ഉളവാക്കിയിട്ടുള്ളത്. ഇവിടം കൊണ്ട് കാര്യങ്ങൾ അവസാനിക്കുന്നില്ല. ഇതൊരു നിരന്തര പ്രക്രിയയായി തുടരും. അതിനായി സർക്കാർ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കും. സുതാര്യ കേരളം പരിപാടി അതിലൊന്നാണ്.

ജനസമ്പർക്കപരിപാടിയുടെ തുടർച്ചയായി മുഖ്യമന്ത്രിയുമായി ജനങ്ങൾ നേരിട്ട് ആശയവിനിമയം നടത്തുകയാണ് സുതാര്യ കേരള പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വർഷം നീളുന്ന ഈ പരിപാടിയിൽ ജനങ്ങളുടെ ന്യായമായ എല്ലാ ആവലാതികൾക്കും പരിഹാരം കണ്ടെത്താൻ അവസരം ലഭിക്കും. ജനങ്ങളുടെ പരാതികൾക്കും ചോദ്യങ്ങൾക്കും മുഖ്യമന്ത്രി നേരിട്ട് കോൾ സെന്ററിലൂടെ മറുപടി നൽകുന്ന ഈ പരിപാടി 2005 ജനുവരി മുതൽ ഡിസംബർ വരെ നടത്താനാണ് ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രിയോടുള്ള ചോദ്യങ്ങളും പരാതികളും സെക്രട്ടേറിയറ്റിലെ കോൾ സെന്ററിൽ സ്വീകരിക്കും. ഓരോ ആഴ്ചയും അര മണിക്കൂർ നേരം മുഖ്യമന്ത്രി കോളിന് മറുപടി നൽകും. അത് ദൂരദർശനിൽ സംപ്രേഷണം ചെയ്യും. ആകാശവാണിയിലൂടെ ആളുകൾക്ക് ശ്രവിക്കാനും കഴിയും. ബാക്കിയുള്ള ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ മറുപടി കൂടി വാങ്ങി അതത് വ്യക്തികളെ നേരിട്ടറിയിക്കും. സർക്കാർ വെബ്സൈറ്റിലും ഇത് ലഭ്യമാക്കും.

ആറു മാസം കൂടുമ്പോൾ ഓരോ വകുപ്പ് സെക്രട്ടറിയും ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ച് പരാതികളിൽ തീർപ്പു കൽപിക്കുന്ന മറ്റൊരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സെക്രട്ടറിതല അദാലത്തിൽ പങ്കെടുക്കും. സർക്കാരുമായി ബന്ധപ്പെട്ട ജനങ്ങളുടെ ഒരു പരാതിയും പരിഹാരം കാണാതെ പോയിക്കൂടാ എന്നാണ് ആഗ്രഹിക്കുന്നത്. ജനങ്ങളിൽ പരാതികളും അസംതൃപ്തിയും നിലനിൽക്കുന്ന സാഹചര്യം ജനാധിപത്യ വ്യവസ്ഥയ്ക്ക് ഒരിക്കലും ഭൂഷണമല്ല. ജനകീയ ഭരണം എന്ന മഹനീയ സങ്കൽപ്പം യാഥാർത്ഥ്യമാകുന്നത് ജനങ്ങളുടെ ഭരണത്തോടുള്ള വിശ്വാസത്തിലും അവർ അർപ്പിച്ച വിശ്വാസത്തിന്റെ ഗുണപരമായ പ്രതിഫലനത്തിലുമാണ്. ഈ വസ്തുതയാണ് സർക്കാർ അതിന്റെ മുഖമുദ്രയായി കാണുന്നത്. ജനങ്ങളുടെ സമീപമെത്തി ആവലാതികൾ കണ്ടറിഞ്ഞ് സത്വര പരിഹാരം നിർദ്ദേശിക്കും. സർക്കാരിന്റെ പരിമിതികൾക്കുള്ളിൽ നിന്ന് സാധാരണക്കാരന്റെ പ്രശ്നങ്ങൾക്ക് തീരുമാനമു



# കേരളത്തിനായി

ണ്ടാക്കും. ഇക്കാര്യത്തിൽ മുന്നിലുള്ള ഏതു തടസ്സവും നീക്കും. സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ല.

ഭരണതലത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്ക് മുൻപിൽ സർക്കാർ അറച്ചു നിൽക്കില്ല. ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ വേദിയില്ലെന്ന പരാതി ശക്തമായിരുന്നു. അത് പരിഹരിക്കുന്നതിനുള്ള വേദിയായിരുന്നു ജനസമ്പർക്ക പരിപാടി. പരാതി കേൾക്കാൻ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങുന്ന സമീപനം മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സ്വീകരിക്കണം. സർക്കാരിന്റെ പരിമിതികൾക്കുള്ളിൽ നിന്ന് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ഉദ്യോഗസ്ഥർക്കുണ്ട്. കഴിയുന്നത്ര ഫയലുകളിൽ സത്വര തീരുമാനം ഉണ്ടാകണം എന്ന നിലപാട് ഉദ്യോഗസ്ഥർ കൈക്കൊണ്ടാൽ ജനങ്ങളുടെ പരാതികളും പ്രശ്നങ്ങളും താനേ തീരും. അങ്ങനെ ഒരു മാനസികാവസ്ഥ വളർത്തിയെടുക്കാൻ എല്ലാ തലത്തിലും തീവ്രശ്രമം ഉണ്ടാകണം. ഉണ്ടാകും എന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്.

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടി നേർദിശയിൽ പുരോഗമിക്കുകയാണ്. 25,000 പേർക്കാണ് ഈ കാലയളവിൽ പട്ടയം നൽകുന്നത്. പട്ടയവിതരണം എല്ലാ ജില്ലകളിലും അവസാന ഘട്ടത്തിലാണ്. നഗരപ്രദേശങ്ങളിലെ പുറമ്പോക്കിലും സർക്കാർ ഭൂമിയിലും വർഷങ്ങളായി താമസിക്കുന്ന പാവപ്പെട്ടവരുടെ അഞ്ചു സെന്റു വരെയുള്ള ഭൂമിക്ക് സെന്റിന് 100 രൂപ നിരക്കിൽ വില ഈടാക്കി പട്ടയം നൽകാൻ തീരുമാനിച്ചത് ഒട്ടേറെ ഭൂരഹിതർക്ക് ഗുണം ചെയ്യും. ഭൂമി ലഭ്യമായിരിക്കെ ഭൂരഹിതരുണ്ടായിരിക്കുക എന്നത് പ്രാകൃതമാണ്. പരിഷ്കൃതസമൂഹത്തിന് അത് ഒട്ടും ചേർന്നതല്ല. ഇതിനു തടസ്സമായി നിൽക്കുന്ന നിയമ സാങ്കേതിക പ്രശ്നങ്ങൾ സർക്കാർ നീക്കും.

വഴിമുട്ടി നിൽക്കുന്ന ജീവിതങ്ങൾക്ക് മുന്നോട്ട് നീങ്ങാൻ അൽപം വെളിച്ചം നല്കുക, ഇല്ലായ്മയുടെ മാറാപ്പ് വലിച്ചെറിയാൻ ജീവിതത്തിൽ ഒരിക്കലെങ്കിലും അവസരം ലഭിക്കുക, ജീവിതത്തിന് അർത്ഥമുണ്ടെന്ന് ബോധ്യപ്പെടുത്തുക, ഇങ്ങനെയുള്ള അടിസ്ഥാന കാര്യങ്ങളിലെങ്കിലും നിവൃത്തി വരുത്തിയില്ലെങ്കിൽ ജനകീയ ഭരണത്തിന് ദിശാബോധം ഇല്ലാതാകും. സ്വന്തമായി ഒരു തുണ്ടു ഭൂമിയെങ്കിലും ഉണ്ടെന്ന് ആശ്വസിക്കാൻ അവസരം ലഭിച്ച നൂറുകണക്കിന് അഗതികളുടെ മുഖം പട്ടയമേളയുടെ പ്രസരിപ്പായി.

സർക്കാരിൽ പ്രതീക്ഷകൾ അർപ്പിച്ച് കാത്തിരിക്കുന്ന ജനങ്ങൾ അനവധിയാണ്. ആ പ്രതീക്ഷകളുടെ ഗൗരവവും വ്യാപ്തിയും അറിയുന്നതോടൊപ്പം ജനകീയ പ്രശ്നങ്ങൾ തീർപ്പാക്കുന്നതിൽ മാതൃക സൃഷ്ടിക്കുകയും വേണം. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ ചുവപ്പുനാടയിൽ മുറുകി കിടക്കുന്ന അവസ്ഥ ഭരണവൈകല്യമായി മാത്രമേ ജനങ്ങൾ കാണുകയുള്ളൂ. ജനകീയ ആവശ്യങ്ങൾക്ക് മുൻപിൽ പ്രതിബന്ധം സൃഷ്ടിക്കലല്ല ഭരണം; മറിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തുണ്ട് പോംവഴി എന്ന ചിന്തയാണ് യഥാർത്ഥ സേവനം. ഈ പ്രതിബദ്ധത ഭരണവുമായി ബന്ധപ്പെട്ട എല്ലാവരും, വിശിഷ്യ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പുലർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെ ഒരു വർഷം നീളുന്ന കർമ്മ പദ്ധതി വൻ വിജയമാകുമെന്നാണ് പുത്തൻ അനുഭവങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്.

വികസന കാര്യത്തിലും സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സാധാരണ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തണം. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. ദരിദ്രർ, അശരണർ, ഭൂരഹിത കർഷകർ, കർഷകത്തൊഴിലാളികൾ, ആദിവാസികൾ തുടങ്ങിയവരുടെ ഉന്നമനത്തിന് സമയബന്ധിത പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കും. വികസനകാര്യത്തിൽ രാഷ്ട്രീയത്തിനതീതമായ സഹകരണ സംസ്കാരമാണ് രൂപപ്പെടുത്തേണ്ടത്. സേവന മേഖലയിലും ഗുണപരമായ മാറ്റം വരും. ഒന്നര ലക്ഷം വീടുകളിൽ പുതിയ വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി ഏറെക്കുറെ പൂർത്തിയായി. പുതുവർഷാരംഭത്തിൽ വികസനയത്നങ്ങൾക്ക് പുതിയ മാനം നൽകുന്ന കർമ്മ പദ്ധതി സമാരംഭിക്കും. ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞ് പരിഹാരം കാണുന്ന രീതി സർക്കാരിന്റെ പ്രവർത്തനശൈലിയായി മാറും. ഈ നൂതന സംരംഭം വിജയപ്രദമാക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും സമ്പൂർണ്ണ സഹകരണം പ്രതീക്ഷിക്കുകയാണ്.

സർക്കാരിന്റെ വികസന പദ്ധതി
കളുടെ പ്രയോജനം സാധാരണ
ജനങ്ങൾക്ക് കാലതാമസം
കൂടാതെ ലഭ്യമാക്കുകയെന്ന
ലക്ഷ്യം വച്ച് മുഖ്യമന്ത്രി നടത്തിയ
പൊതുജന സമ്പർക്ക പരിപാടി
വൻ വിജയമായി. ജനകീയ
പ്രശ്നങ്ങൾക്ക് ജനങ്ങളുടെ
സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി
നേരിട്ട് പരിഹാരം നിർദ്ദേശിച്ചത്
ജനകീയ ഭരണത്തിന്റെ തിളക്ക
മാർന്ന പ്രകടനമായി. മുഖ്യ
മന്ത്രിയും ജനങ്ങളും തമ്മിലുള്ള
അകലം ഇല്ലാതാക്കിയ ജന
സമ്പർക്ക പരിപാടി ജനകീയ ഭര
ണാധികാരിയുടെ വാക്കും പ്രവൃ
ത്തിയും പരസ്പരപൂരകമാക്കി.
ജനകീയഭരണത്തിൽ ജനം തന്നെ
അധികാരി എന്ന സത്യം ഇവിടെ
അരക്കിട്ടുറപ്പിക്കുകയാണ്.
സർക്കാരിന്റെ നൂറു ദിന കർമ്മ
പരിപാടിയിലെ ഗുണാനുഭവങ്ങ
ളുടെ സാക്ഷ്യപത്രമാണ്
ഈ പുറങ്ങളിൽ.



**തിരുവനന്തപുരം ജില്ലയിൽ നിന്ന്**

# ജനമനസ്സുകളെ തൊട്ടറിഞ്ഞ്


പോളിയോ വന്ന് തളർന്ന കാലുകളുമായി വീൽചെയറിൽ ഇനിയുള്ള കാലം മുഴുവൻ കഴിയേണ്ടിവരുമെന്ന് തന്നെയായിരുന്നു അണ്ടൂർകോണം സ്വദേശി സുമംഗലാദേവി 2004 ഒക്ടോബർ 31 വരെ കരുതിയിരുന്നത്. എന്നാൽ കേരളപ്പിറവി ദിനമായ നവംബർ ഒന്ന് സുമംഗലാദേവിക്ക് ജീവിതത്തിന് പുതിയ അർത്ഥം നൽകി. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ തിരുവനന്തപുരം ജില്ലയിലെ പൊതുജനസമ്പർക്ക പരിപാടി അന്നാണ് കളക്ടറേറ്റിൽ നടന്നത്. സ്വന്തമായി 10 സെന്റ് ഭൂമി വേണമെന്ന അപേക്ഷ നൽകാൻ വീൽചെയറിലാണ് സുമംഗലാദേവി കളക്ടറേറ്റിൽ വന്നത്. ജന സമുദ്രത്തിനിടയിൽ വീൽചെയറിലിരിക്കുന്ന സുമംഗലാദേവിയെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സ്റ്റേജിൽ നിന്ന് കണ്ടു. അവരുടെ അടുത്തെത്തി പരാതി കേട്ട മുഖ്യമന്ത്രി 10 സെന്റ് ഭൂമി അനുവദിച്ച് ഉടൻ ഉത്തരവ് നൽകുകയും ചെയ്തു.

ഇതുപോലെ നിരവധി പേരുടെ പരാതികൾക്ക് കയ്യോടെ പരിഹാരം കാണാൻ മുഖ്യമന്ത്രിക്ക് സാധിച്ചു. ജനസമ്പർക്ക പരിപാടി നടന്ന അഞ്ചു ജില്ലകളിൽ ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചതും തിരുവനന്തപുരത്ത് നിന്നാണ് - 8638 എണ്ണം. ഇതിൽ 3675 പരാതികൾ മുഖ്യമന്ത്രി നേരിട്ട് ജനങ്ങളിൽ നിന്ന് വാങ്ങിയതായിരുന്നു. പരാതി ക്ഷമയോടെ കേട്ട മുഖ്യമന്ത്രി അപ്പോൾ തന്നെ പരിഹാരവും നിർദ്ദേശിക്കുകയായിരുന്നു. വിശദമായ പരിശോധന ആവശ്യമുള്ളവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറി. 2996 പരാതികൾക്ക് പരിഹാരം കാണുകയും ചെയ്തു.

രാവിലെ 10നാണ് കളക്ടറേറ്റിൽ പരാതി കേൾക്കൽ ആരംഭിച്ചത്. കളക്ടറേറ്റും ഇടറോഡുകളും കവിഞ്ഞ് ജനം ക്ഷമയോടെ കാത്തു നിന്നു. ജനങ്ങളിൽ ഒരുവനായി മുഖ്യമന്ത്രിയും ക്ഷീണവും ദാഹവും അറിയാതെ.

സാമ്പത്തിക സഹായം ആവശ്യമുള്ള പരാതികളിൽ അവയും കൈയോടെ നൽകി മുഖ്യമന്ത്രി. ചികിത്സാ ധനസഹായമായും ദുരിതാശ്വാസമായും 11.73 ലക്ഷം രൂപയാണ് വിതരണം ചെയ്തത്. രാത്രി ഏറെ വൈകിയാലും പരാതി കേട്ട് തീരില്ലെന്ന് മനസ്സിലാക്കിയ മുഖ്യമന്ത്രി പിന്നീട് ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരിൽ നിന്നും പരാതികൾ നേരിട്ട് വാങ്ങി. അവ പിന്നീട് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

"ജനസമ്പർക്ക പരിപാടികളിൽ പങ്കെടുത്ത് പകൽ മുഴുവൻ ഭക്ഷണം പോലും കഴിക്കാതെ നിന്നിട്ടും എന്റെ ശരീരത്തിന് ക്ഷീണം തോന്നിയിട്ടില്ല. പക്ഷേ എല്ലാ ശോധിച്ച് അവയ്ക്ക് കഴിയുന്നത്ര പരിഹാരം കാണാൻ ശ്രമിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി. ജില്ലയിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും ഏറെക്കാലത്തെ ആവശ്യമായ സിവിൽ സ്റ്റേഷന് അംഗീകാരം നൽകിയതായി മുഖ്യമന്ത്രി പറഞ്ഞു.



വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞ കുടപ്പനക്കുന്ന് ഇരപ്പുക്കുഴി സത്യനേശന്റെ ഭാര്യ എന്തെങ്കിലും സഹായം ലഭിക്കുമോ എന്നറിയാനാണ് മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ എത്തിയത്. ജന്മനാ അന്ധരായ രണ്ടു മക്കളെയും, അംഗവൈകല്യം ബാധിച്ച മകളെയുമാണ് ഇവർക്കു സംരക്ഷിക്കാനുള്ളത്. മരണത്തിനിടയാക്കിയ വൈദ്യുതിബോർഡിൽ സത്യനേശന്റെ ഭാര്യയ്ക്കോ മക്കളിൽ ഒരാൾക്കോ നിയമനം നൽകാൻ മുഖ്യമന്ത്രി വൈദ്യുതിബോർഡിന് നിർദ്ദേശം നൽകി. ജനസമ്പർക്കപരിപാടിയിൽ ആശ്വാസം ലഭിച്ച നൂറു കണക്കിന് കുടുംബങ്ങളിൽ ഒന്നാണ് സത്യനേശന്റേത്.

പരാതികൾക്കും പൂർണ്ണ പരിഹാരം കാണാൻ സാധിക്കില്ലല്ലോ എന്ന് ഓർത്ത് മനസ്സ് തളർന്നു പോയി"- മുഖ്യമന്ത്രി ജനങ്ങളോട് പറഞ്ഞു. ഓരോ പരാതിയും പരിശോധിച്ച് അവയ്ക്ക് കഴിയുന്നത്ര പരിഹാരം കാണാൻ ശ്രമിക്കുമെന്ന് മുഖ്യമന്ത്രി

സ്ഥലം ഉടൻ കണ്ടെത്താനായി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി. ഓരോ പരാതിയും പരിശോധിച്ച് കഴിയുന്നത്ര പരിഹാരം കാണാൻ ശ്രമിക്കുമെന്ന് മുഖ്യമന്ത്രി

> അംഗവൈകല്യം ബാധിച്ച്, സംസാരശേഷി നഷ്ടപ്പെട്ട ഒമ്പത് വയസ്സുകാരൻ നന്ദുവിന് ഉടൻ ധനസഹായമായി മുഖ്യമന്ത്രി 5000 രൂപ അനുവദിച്ചു. നന്ദുവിന് വികലാംഗ പെൻഷൻ നൽകാനും നിർദ്ദേശം നൽകി. ശരീരം തളർന്ന 16കാരനായ മകനെ ചികിത്സിക്കാൻ കന്യാകുളങ്ങര നിന്നും വന്ന ഔദാ ഉമ്മയ്ക്കും 5000 രൂപയുടെ സഹായം മുഖ്യമന്ത്രി അനുവദിച്ചു. പോളിയോ ബാധിച്ച പാലോട് സ്വദേശി ഷാജഹാന് 5000 രൂപ മുഖ്യമന്ത്രി അനുവദിച്ചു. ഭാര്യയും രണ്ടു പെൺമക്കളുമുള്ള ഇയാൾ ലഭിച്ച തുക കൊണ്ട് തട്ടുകട ആരംഭിക്കുമെന്ന് അഭിമാനത്തോടെ പറഞ്ഞു.

ഉറപ്പു നൽകി. മന്ത്രിമാരായ വക്കം പുരുഷോത്തമൻ, എൻ. ശക്തൻ, ഡെപ്യൂട്ടി സ്പീക്കർ എൻ. സുന്ദരൻ നാടാർ, നീലലോഹിതദാസൻനാടാർ എം.എൽ.എ തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു. എം.എൽ.എമാരായ കെ. മോഹൻകുമാർ, ജി. കാർത്തികേയൻ, തമ്പാനൂർ രവി, ബി. വിജയകുമാർ, വർക്കല കഹാർ, കൗൺസിലർ ഹരികുമാർ തുടങ്ങിയവർ ആദ്യാവസാനം മുഖ്യമന്ത്രിയോടൊപ്പം ഉണ്ടായിരുന്നു. ജില്ലാ കളക്ടർ ടിങ്കു ബിസ്വാൾ, ആർ.ഡി.ഒ. ശശികുമാർ, എ.ഡി.എം. പ്രഭാകരൻനായർ എന്നിവരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയെ സഹായിക്കാനായി ആദ്യാവസാനം സന്നിഹിതരായിരുന്നു. രാത്രി ഏഴുമണിക്ക് അവസാനത്തെ പരാതിയും സ്വീകരിച്ച് മുഖ്യമന്ത്രി പറഞ്ഞു - "ഇവയൊന്നും ശ്രദ്ധിക്കാതെ പോകില്ല, അടുത്ത ദിവസങ്ങളിൽ തന്നെ ഇവയ്ക്ക് പരിഹാരമാകും". ജനമനസ്സ് അറിഞ്ഞ ജനനായകൻ അത് പറഞ്ഞപ്പോൾ പുരുഷാരം ഏറ്റ് പറഞ്ഞു - ഇത് പാഴ്വാക്കല്ല. ●

**കൊല്ലം ജില്ലയിൽ നിന്ന്**

# ജീവിതസങ്കടങ്ങൾക്ക് സാന്ത്വനമായി ഒരു പകൽ

പരവൂർ കൂനയിൽ പുത്തൻവിള വീട്ടിൽ കിണർ വെട്ട് തൊഴിലാളിയായ രാജുവിനെ ആംബുലൻസിലാണ് കളക്ടറേറ്റ് വളപ്പിലെ ജനസമ്പർക്ക പരിപാടി വേദിക്കരികിൽ മകളും ഭാര്യയും കൂടി കൊണ്ടു വന്നത്.

ഒമ്പത് വർഷത്തിന് മുമ്പ് കിണറിൽ തൊടിയിറക്കവേ മണ്ണിടിഞ്ഞു വീണ് നട്ടെല്ല് തകർന്ന രാജുവിന് കഴുത്തിന് താഴെ ചലനശേഷിയില്ല. സ്വന്തമായുണ്ടായിരുന്ന അഞ്ചു സെന്റ് സ്ഥലവും വീടുംവരെ വിറ്റ് ചികിത്സിച്ചിട്ടും ചലനശേഷി വീണ്ടെടുക്കാനായില്ല.

ദാരിദ്ര്യ ദു:ഖങ്ങളുറങ്ങുന്ന ഈ ഹതഭാഗ്യന്റെ കുടുംബത്തിന്റെ കദനകഥ കേട്ട മാത്രയിൽ തന്നെ പരാതിപ്രവാഹത്തിന് നടുവിൽ നിന്ന് മുഖ്യമന്ത്രി പടികളിറങ്ങി രാജുവിന്റെ സമീപത്തെത്തി: മുറിഞ്ഞ വാക്കുകളിൽ, തൊഴുകൈകളോടെ രാജു തന്റെ കണ്ണീരിൽ കുതിർന്ന സങ്കടകഥ മുഖ്യമന്ത്രിയോട് വിവരിച്ചു. ആർദ്രചിത്തനായ മുഖ്യമന്ത്രി 15000 രൂപ ചികിത്സാധനസഹായമായി അനുവദിച്ച് ഞൊടിയിടയിൽ ഉത്തരവും നൽകി. ഒരാഴ്ചയ്ക്കകം കളക്ടറിൽ നിന്നും തുക കൈപ്പറ്റണമെന്നായിരുന്നു ഉത്തരവ്.

ഇത് അനേകായിരങ്ങളിൽ ഒരുവന്റെ അനുഭവകഥ മാത്രം. ഇങ്ങനെ ആയിരങ്ങളുടെ ജീവിതസങ്കടങ്ങൾക്ക് ഒരു വാക്കും നോക്കും കൈത്താങ്ങും കൊണ്ട് സാന്ത്വനമേകുന്നതായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടി; കാപട്യമേതുമില്ലാതെ ജനജീവിത സങ്കടങ്ങൾക്ക് കണ്ണും കാതും മനസ്സും നൽകി ജനമനസ്സുകളിലൂടെ നടത്തിയ ഒരു സ്നേഹ സേവന സഞ്ചാരം.

ഒക്ടോബർ 25 നായിരുന്നു വേണാടിന്റെ ഹൃദയഭൂമിയിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി. രാവിലെ 10.15ന് തുടങ്ങി വൈകിട്ട് 5.45 വരെ നീണ്ട പരിപാടിയിലുടനീളം മുഖ്യമന്ത്രി തന്നെ ഓരോ പരാതിയും വാങ്ങി പരിഹാര നടപടികൾ സ്വീകരിച്ച് സ്നേഹസാന്ത്വനം പകർന്നതായിരുന്നു ഈ ജനാഭിമുഖത്തിന്റെ പ്രകടമായ സവിശേഷത.

മൂന്നു ഘട്ടങ്ങളിലായിരുന്നു പരിപാടി. ആദ്യഘട്ടത്തിൽ ജില്ലാ കളക്ടർ നേരത്തേ നിശ്ചയിച്ചു പരസ്യപ്പെടുത്തിയ തീയതിക്കകം താലൂക്ക് ഓഫീസുകൾ വഴി ലഭിച്ച പരാതികളുടെ പരിഹാര നിർദ്ദേശങ്ങൾ അറിയിക്കലും ആനുകൂല്യ വിതരണവും. 2060 പരാതികളാണ് ഇപ്രകാരം ലഭിച്ചത്. ഇവ ജില്ലാ കളക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ജില്ലാതല വകുപ്പ് മേധാവികൾ അതത് വകുപ്പുകൾ വഴി പരിശോധിച്ച് നടപടികൾ കൈക്കൊണ്ട് പരാതിക്കാരെ രേഖാമൂലം അറിയിച്ചിരുന്നു. രണ്ടാം ഘട്ട






ജീവിത ദു:ഖങ്ങൾക്ക് സാന്ത്വനവുമായി

പരിപാടി വേദിയിൽ വച്ച് മുഖ്യമന്ത്രി നേരിട്ട് സ്വീകരിച്ച പരാതികൾ, അവയിൽ, സാധ്യമായവയ്ക്കെല്ലാം അപ്പോൾ തന്നെ പരിഹാരം കണ്ട് പരാതിക്കാരെ അറിയിച്ചു. തത്സമയം ലഭിച്ച 4000 ത്തിലേറെ പരാതികളിൽ ശേഷിക്കുന്നവയ്ക്ക് ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെ പരിഹാര നടപടിക്കായി ചുമതലപ്പെടുത്തി. സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായുള്ളവയ്ക്ക് കാലവിളംബം ഒഴിവാക്കി നടപടി സ്വീകരിക്കാൻ കളക്ടറേറ്റിലും സെക്രട്ടേറിയറ്റിലും പ്രത്യേക സെൽ രൂപവത്കരിച്ച് പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിക്കാൻ നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി നേരത്തെതന്നെ പ്രഖ്യാപിച്ചിരുന്നു.

## 2.26 കോടിയുടെ ധനസഹായം 1.18 ലക്ഷത്തിന്റെ ഉടൻ സഹായം

ജനസമ്പർക്ക പരിപാടിയുടെ വേദിയിൽ വച്ചു തന്നെ കൃഷി, പ്രകൃതിക്ഷോഭ ദുരിതാശ്വാസം, ഖാദി, കയർ വകുപ്പുകൾ വഴിയുള്ള 2,26,55,590 രൂപയുടെ വിവിധ ക്ഷേമാനുകൂല്യങ്ങൾ മുഖ്യമന്ത്രി വിതരണം ചെയ്തു. ഇതിന് പുറമെ 59 പേർക്ക് 1.86 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ഉടൻ അനുവദിക്കുകയും ചെയ്തു. ഒരാഴ്ച പിന്നിട്ടതോടെ ഈ തുക ജില്ലയിലെ താലൂക്ക് ഓഫീസുകൾ വഴി അർഹരായവർക്ക് വിതരണത്തിനായി ജില്ലാ കളക്ടർ ബി. ശ്രീനിവാസിന്റെ നിയന്ത്രണത്തിൽ എത്തിച്ചു കൊടുക്കുകയും ചെയ്തു.

## വികസന പ്രശ്നങ്ങളിൽ സജീവ ശ്രദ്ധ

ജനസമ്പർക്ക പരിപാടിക്ക് രാവിലെ 7.30 ന് തന്നെ കൊല്ലം ആശ്രാമം ഗസ്റ്റ് ഹൗസിലെത്തിയ മുഖ്യമന്ത്രി വിവിധ ഘട്ടങ്ങളിൽ ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ, പൗരമുഖ്യർ, സന്നദ്ധ-തൊഴിലാളി സംഘടനാ പ്രതിനിധികൾ എന്നിവരുമായി ജില്ലയുടെ സമസ്ത തലങ്ങളിലുള്ള വികസന സംരംഭങ്ങളെ കുറിച്ച് സജീവമായ ആശയവിനിമയത്തിനും തുടർന്നുള്ള തീരുമാനങ്ങൾക്കും സമയം കണ്ടെത്തിയിരുന്നു.

പാതി വഴിയിലെത്തിയ കൊല്ലം ബൈപാസിന്റെ പണി ഒരു വർഷത്തിനകം പൂർത്തിയാക്കും. കശുവണ്ടി മേഖലയിലെ ഇല്ലായ്മകൾക്കും തൊഴിൽസ്തംഭനത്തിനും അറുതി വരുത്താൻ കശുമാവ് കൃഷിയുൾപ്പെടെയുള്ള പരിപാടികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപടി സ്വീകരിക്കും. എസ്.പി. ഓഫീസിന് മുമ്പിലെ മേൽപ്പാലം പണി വേഗത്തിലാക്കും. ജില്ലാ പഞ്ചായത്തിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രതിസന്ധി റവന്യൂ മന്ത്രി കെ.എം. മാണിയുമായി ചർച്ച ചെയ്തു പരിഹരിക്കും. കടലാക്രമണത്തിൽ ഭവനരഹിതരായവരുടെ പുനരധിവാസത്തിന് ഉദ്യോഗസ്ഥ

-ജനപ്രതിനിധി തലത്തിൽ ചർച്ച നടത്തി സക്രിയമായ പരിഹാരപദ്ധതിക്ക് രൂപം നൽകും. മാലിന്യനിബിഡമായ കൊല്ലം തോടിന്റെ നവീകരണം, കുടിവെള്ളക്ഷാമം, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് - ആശ്രാമം ലിങ്ക് റോഡ്, ടൂറിസം വികസനത്തിന് കൊതിക്കുന്ന അഷ്ടമുടി - ശാസ്താംകോട്ട കായൽ പദ്ധതികൾ, കൊല്ലം, തിരുമുല്ലാവാരം ബീച്ചുകളുടെ ശോചനീയാവസ്ഥ, തീരദേശ വികസന പദ്ധതികൾ, പട്ടിക ജാതി - വർഗ്ഗ കുട്ടികളുടെ മോഡൽ റസിഡൻഷ്യൽ സ്കൂളിന് വേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 10 ഏക്കർ ഭൂമി വിട്ടു കൊടുക്കാനുള്ള തീരുമാനം അടിയന്തിരമായി സ്വീകരിക്കുമെന്ന പ്രഖ്യാപനം എന്നിവയിലെല്ലാം മുഖ്യമന്ത്രിയുടെ സജീവശ്രദ്ധയും താത്പര്യവും പതിഞ്ഞതായിരുന്നു ജനസമ്പർക്ക പരിപാടിയുടെ ഒരു പകൽ.

രാവിലെ 10.15ന് കളക്ടറേറ്റ് നടുത്തളത്തിലെത്തിയ മുഖ്യമന്ത്രിയെ ജില്ലാ കളക്ടർ ബി. ശ്രീനിവാസ് വരവേറ്റു. തൊഴിൽ മന്ത്രി ബാബു ദിവാകരൻ, എ.എ. അസീസ് എം.എൽ.എ., ഷിബു ബേബി ജോൺ എം.എൽ.എ., മേയർ സബിദാ ബീഗം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി. ഐഷാ പോറ്റി, ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി ജിജി തോംസൺ, ജില്ലാ പോലീസ് സൂപ്രണ്ട് എസ്. ശ്രീജിത്ത്, പി.ആർ.ഡി. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എസ്. മഹാദേവൻ തമ്പി തുടങ്ങിയവർ മുഖ്യമന്ത്രിയെ സ്വീകരിക്കാനെത്തിയിരുന്നു.

വയനാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ നടന്ന ജനസമ്പർക്ക പരിപാടിയുടെ വാർത്തകളും കൊല്ലത്തെ പരിപാടിക്ക് മുന്നോടിയായുള്ള വാർത്തകളും മനോഹരമായി പ്രദർശിപ്പിച്ചിരുന്ന കുരുത്തോല സ്തൂപവും വർണ്ണക്കൊടികളും കൊണ്ട് കമനീയമാക്കിയ പബ്ളിക് റിലേഷൻസ് വകുപ്പ് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ പവലിയൻ ആദ്യന്തം വീക്ഷിച്ചു കൊണ്ടാണ് വമ്പിച്ച ജനാവലിക്ക് നടുവിലൂടെ മുഖ്യമന്ത്രി വേദിയിലേക്ക് എത്തിയത്.

ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഇടതടവില്ലാതെ ഏഴര മണിക്കൂർ നീണ്ട പരിപാടിക്കൊടുവിൽ മുഖ്യപ്രശ്നങ്ങളെ ഒന്നൊന്നായി വിലയിരുത്തി മുഖ്യമന്ത്രി പറഞ്ഞു. ജനസമ്പർക്ക പരിപാടി പ്രചാരണ പരിപാടിയല്ല. പ്രശ്നപരിഹാരത്തിനുള്ള ആത്മാർത്ഥമായ ശ്രമം മാത്രം; ഒരു പകലിലൊടുങ്ങാത്ത തുടർനടപടികളിലൂടെ ജനജീവിത സങ്കടങ്ങൾ പരിഹരിക്കാനുള്ള വിനീതമായ പരിശ്രമം; കൊല്ലം, മൂതാക്കര മത്സ്യത്തൊഴിലാളി ഗ്രാമത്തിൽ അന്തിമയങ്ങിയപ്പോഴെത്തിയ മുഖ്യമന്ത്രിയെ വരവേൽക്കാൻ അവിടെയും വമ്പിച്ച ജനാവലി. വിശ്രമലേശമെന്യേ മുഖ്യമന്ത്രി അവരുടെ ജയാരവങ്ങൾ സ്വീകരിച്ച് അവരിലൊരുവനായി തൊഴിലാളി കുടുംബങ്ങളിലേക്ക് നടന്നു കയറി. ഒടുവിൽ വികസനം കൊതിക്കുന്ന തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ പരാധീനതകൾക്ക് പരിഹാരം കാണാൻ നടപടികൾ ത്വരിതപ്പെടുത്തുമെന്ന് ഉറപ്പേകി ജനമനസ്സുകളിൽ പ്രതീക്ഷയുടെ കൈത്തിരി തെളിച്ച് മടങ്ങി. ●

**ആലപ്പുഴ നിന്ന്**

# ജനകീയ പരാതികൾക്ക് ക

സാങ്കേതിക കാരണങ്ങളാൽ വർഷങ്ങളായി പരിഹാരം കാണാതെ കിടന്ന പ്രശ്നങ്ങൾക്ക് ആലപ്പുഴയിലെ ജനസമ്പർക്ക പരിപാടിയിൽ സത്വര പരിഹാരമായി. 5416 പരാതികൾ രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നുവെങ്കിലും അതിന്റെ രണ്ടിരട്ടിയിലധികം ജനങ്ങൾ പരാതി നേരിൽ സമർപ്പിക്കാനെത്തിയത് പരിപാടിയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ പ്രതിഫലനമായി. മറ്റു പൊതു പരിപാടികൾ റദ്ദാക്കിയാണ് മുഖ്യമന്ത്രി മുഴുവൻ സമയവും ജനങ്ങളുടെ പരാതികൾക്കു മുൻപിൽ നിലയുറപ്പിച്ചത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിന് ലഭിച്ച 446 അപേക്ഷകളിൽ തീർപ്പ് കല്പിച്ച് പരാതിക്കാർക്ക് മുഖ്യമന്ത്രി ചെക്കുകൾ വിതരണം ചെയ്തു.

കുട്ടനാട് താഴത്തിൽ നിന്നുള്ള കൊച്ചുനാഥൻ, കുറ്റിപ്പുറം പാപ്പച്ചൻ, കാർത്തികപ്പള്ളി താലൂക്കിലെ സുകുമാരപ്പണിക്കർ, കായംകുളം പെരിങ്ങാല സ്വദേശിനി തങ്കമ്മ, ആനാരി സ്വദേശിനി എൻ. ചെല്ലമ്മ, ധന്യ എന്നിവർക്കും പ്രകൃതി ദുരിതാശ്വാസനിധിയിൽ നിന്ന് രാജമ്മ, പുറക്കാട് സ്വദേശി ഗോപി എന്നിവർക്കും മുഖ്യമന്ത്രി



മണ്ണാഞ്ചേരി വരകാട് വെളിയിൽ ഷീബാ സിദ്ധാർത്ഥൻ എന്ന ബുദ്ധിവികാസമില്ലാത്ത കുട്ടിക്ക്

നേരിട്ട് ചെക്ക് നല്കി.

മുഖ്യമന്ത്രിക്ക് പരാതി നല്കാൻ വൻ തിരക്കാണ് അനുഭവപ്പെട്ടത്. എല്ലാ പരാതികളും സ്വീകരിച്ച ശേഷമേ താൻ മടങ്ങൂവെന്ന് മുഖ്യമന്ത്രി അറിയിച്ചതോടെ ജനങ്ങൾ ആഹ്ലാദഭരിതരായി. ഉച്ചവരെ സ്റ്റേജിൽ ഇരുന്നും നിന്നും പരാതികൾ സ്വീകരിച്ച് പരിഹാരം നിർദ്ദേശിച്ച മുഖ്യമന്ത്രി

കണ്ടെത്തുക എന്നത് സർക്കാരിന്റെ മൊത്തത്തിലുള്ള ശൈലിയാകണം.

ആലപ്പുഴ ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറക്കണമെന്ന ആവശ്യം അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. തൊഴിൽ, വ്യവസായ മന്ത്രിമാർ ഇക്കാര്യത്തിൽ ചില നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. സർക്കാർ പരിമിതികൾക്കുള്ളിൽ നിന്ന് ഇക്കാര്യത്തിൽ പരമാവധി ചെയ്യും.

കയർ മേഖലയിൽ സർക്കാർ നല്കിയ 64 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രം അനുമതി നല്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായമേഖലയിൽ കയറിനാണ് മുഖ്യസ്ഥാനമെന്ന് ഉമ്മൻചാണ്ടി അറിയിച്ചു.

മന്ത്രിമാരായ കെ.സി. വേണുഗോപാൽ, കെ.ആർ. ഗൗരിയമ്മ, എം.എൽ.എ. മാരായ ഡി. സുഗതൻ, ശോഭന ജോർജ്ജ്, കെ.കെ. ഷാജി, എം.എം. ഹസ്സൻ എന്നിവർ പങ്കെടുത്തു. ●

## ...ാതോർത്ത്....

ഉമ്മൻചാണ്ടി പരാതികളുടെ പ്രവാഹം കണ്ട് സമ്മേളനഹാളിലിറങ്ങിയാണ് പരാതി നേരിട്ട് സ്വീകരിച്ചത്. ഉച്ചയൂണുപേക്ഷിച്ച്, പരാതി നല്കാനെത്തിയവർക്കൊപ്പം മുഖ്യമന്ത്രിയും നിന്നു.

ജനാധിപത്യത്തിൽ ജനങ്ങൾക്ക് വിശ്വാസം വരണമെങ്കിൽ ഭരണാധികാരികളും ഉദ്യോഗസ്ഥരും അവരുടെ പ്രവർത്തനമേഖലകളിൽ ജനങ്ങളുടെ പരാതികൾക്കും നിവേദനങ്ങൾക്കും പരിഹാരം കാണണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളിലേയ്ക്ക് ഇറങ്ങിവന്ന് അവരുടെ പരാതികൾക്ക് പരിഹാരം



വീടിനായുള്ള അപേക്ഷ സമർപ്പിച്ചശേഷം.



എറണാകുളത്തു നിന്ന്

# കൊച്ചിയുടെ മനസ്സറിഞ്ഞ് മുഖ്യമന്ത്രി

കൊച്ചിയുടെ മനസ്സറിഞ്ഞുകൊണ്ടാണ് ഒക്ടോബർ 19ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി എറണാകുളം ടൗൺ ഹാളിൽ ജനസമ്പർക്കപരിപാടി നടത്തിയത്. നഗരത്തിന്റെയും പ്രാന്തപ്രദേശങ്ങളുടെയും എക്കാലത്തെയും ശാപമായ ശുദ്ധജല-ഗതാഗത പ്രശ്നങ്ങൾ തീർക്കാൻ സമയബന്ധിത നടപടി സ്വീകരിക്കുമെന്ന് കൊച്ചി നിവാസികൾക്ക് ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉറപ്പു നൽകി. ഹഡ്കോ ഉൾപ്പെടെയുള്ള എല്ലാ ശുദ്ധജല പദ്ധതികളും ഉടൻ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

രാവിലെ പത്തു മുതൽ വൈകിട്ട് നാലര വരെ തുടർച്ചയായി മുഖ്യമന്ത്രി ജനങ്ങളുടെ പരാതികൾ സ്വീകരിച്ചു. കസേരയിൽ ഇരിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യാതെയാണ് മുഖ്യമന്ത്രി ജനങ്ങൾക്കിടയിൽ നിന്നത്. മൂന്നു മണിയാ



യിട്ടും പരാതികളുമായി എത്തിയവരുടെ നിരയ്ക്ക് നീളം കൂടി വരുന്നത് കണ്ടതോടെ വേദി വിട്ട് മുഖ്യമന്ത്രി ഓരോരുത്തരേയും സമീപിച്ചു. എല്ലാ പരാതികളും ബന്ധപ്പെട്ട വകുപ്പു മേധാവിമാരെ വിളിച്ചു വരുത്തി പരിഗണിക്കാൻ നിർദ്ദേശം നൽകുകയായിരുന്നു. ചിലർക്ക് ഉടനടി 1000 മുതൽ 5000 രൂപ വരെയുള്ള സഹായം നൽകി. മൂവായിരത്തി നാന്നൂറോളം പരാതികളാണ് ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചത്. 22.4 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകാൻ ജനസമ്പർക്കപരിപാടിയിൽ തീരുമാനമായി.

ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലാണ്. 102 പരാതികൾ. ഇവയിൽ 88 പരാതികൾ തീർപ്പാക്കി. പട്ടയം നൽകണമെന്ന പരാതികളാണ് റവന്യൂ വകുപ്പിൽ കൂടുതൽ ലഭിച്ചത്. അതിന് ഏതാനും ദിവസങ്ങൾക്കകം പ്രത്യക്ഷഫലം കണ്ടു. നവംബർ 16 ന് എറണാകുളത്തു നടന്ന പട്ടയമേളയിൽ 3000 കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്. റവന്യൂ വകുപ്പു മന്ത്രി കെ. എം. മാണിയാണ് പട്ടയവിതരണം നടത്തിയത്. സമീപകാല ചരിത്രത്തിൽതന്നെ ഇത്രയധികം പട്ടയങ്ങൾ ഒന്നിച്ചു നൽകുന്നത് ഇതാദ്യമായിരിക്കും.

ഭൂമിക്ക് കൈവശാവകാശ രേഖ ലഭിക്കാൻ ഭൂമിയുടെ നടപ്പുവില നൽകണമെന്ന നിബന്ധന എടുത്തുകളയണമെന്ന് ജനസമ്പർക്കപരിപാടിയിൽ ജനപ്രതിനിധികൾ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഏതാനും ദിവസങ്ങൾക്കകം തന്നെ മന്ത്രിസഭ തീരുമാനമെടുത്തുവെന്നത് ഈ പരിപാടിയുടെ പ്രത്യക്ഷനേട്ടമാണ്. വീടുവയ്ക്കാൻ സ്വന്തമായി ഒരു തുണ്ടു ഭൂമിയില്ലാത്ത ആയിരങ്ങൾക്ക് ഇത് അനുഗ്രഹമായി.


മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ ലഭിച്ച 95 ശതമാനം പരാതികളിലും അന്തിമതീർപ്പ് കല്പിച്ചതായി പിന്നീട് നടന്ന അവലോകനത്തിൽ വ്യക്തമായെന്ന് ജില്ലാ കളക്ടർ എ.പി.എം. മുഹമ്മദ് ഹനീഷ് അറിയിച്ചു. തീർപ്പാക്കിയവയിൽ വർഷങ്ങൾ നിരങ്ങി നീങ്ങിയവയും പെടും.

**പത്തനംതിട്ട ജില്ലയിൽ നിന്ന്**

# അശരണർക്ക് അത്താണിയായി

അശരണരായ രോഗികളുടെയും വികലാംഗരുടെയും ദുരിതങ്ങൾ കേട്ടും പരിഹരിച്ചും ഒരു പകൽ നീണ്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി പത്തനം തിട്ടയ്ക്ക് പുത്തൻ അനുഭവമായി. ഉച്ചയൂണു പോലും ഉപേക്ഷിച്ച് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പരാതിക്കാരുടെ ദു:ഖങ്ങളും ദുരിതങ്ങളും കേട്ടു.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലേക്ക് പരാതിക്കാരുടെ പ്രവാഹമായിരുന്നു. 2700-ൽ പരം പേർ മുഖ്യമന്ത്രിയെ നേരിൽ കണ്ട് പരാതി സമർപ്പിക്കാൻ



എത്തി. പരാതിക്കാരുടെ ആവലാതികൾ കേട്ട് തീർന്നപ്പോഴേക്കും രാത്രി ഏഴരയായി. പരാതിക്കാരെയെല്ലാം നേരിൽ കണ്ട് നിവേദനങ്ങളെല്ലാം സ്വീകരിച്ചതിന് ശേഷമാണ് അദ്ദേഹം മടങ്ങിയത്.

നടക്കാൻ ശേഷിയില്ലാത്തവർ സ്ട്രച്ചറിലും ആംബുലൻസിലുമൊക്കെയെത്തി. മരത്തിൽ നിന്ന് വീണ് ശരീരം തളർന്ന മുട്ടത്തുകോണം തേക്കാട്ടിൽ ശിവശങ്കരപ്പണിക്കർ ആംബുലൻസിലാണ് മുഖ്യമന്ത്രിയെ കാണാൻ എത്തിയത്. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും മന്ത്രിമാരായ അടൂർ പ്രകാശും തിരുവഞ്ചൂർ രാധാകൃഷ്ണനും ആംബുലൻസിൽ കയറി ശിവശങ്കരപ്പണിക്കരിൽ നിന്നും പരാതി നേരിട്ട് സ്വീകരിച്ചു. ചികിത്സാ ചെലവിനായി 5000 രൂപ അനുവദിക്കുകയും വികലാംഗ പെൻഷന് ശുപാർശ ചെയ്യുകയും ചെയ്തു.

18 വർഷം മുൻപ് ചുമടെടുത്ത് കഴിയവേ ലോറിയിൽ നിന്ന് വീണ് രണ്ട് കാലും നഷ്ടപ്പെട്ട തേക്കുതോട് ചെറുവിളയിൽ പുത്തൻവീട്ടിൽ എബ്രഹാമിന്റെ സങ്കടം



കേട്ട മുഖ്യമന്ത്രി രണ്ടായിരം രൂപ അടിയന്തര ധനസഹായമായി അനുവദിച്ചു. 15 വർഷമായി നട്ടെല്ലിന് അസുഖം ബാധിച്ച മത്സ്യത്തൊഴിലാളിയായ പഴകുളം പടിഞ്ഞാറ് മുറിയിൽ ഷീജാ ഭവനിൽ ബഷീർ റാവുത്തറിനും ഹൃദയവാൽവിന് തകരാർ സംഭവിച്ച വള്ളിക്കോട് കൈപ്പട്ടൂർ മുറിയിൽ ബാബുവിനും രണ്ടായിരം രൂപ വീതം അനുവദിച്ചു. പഴകുളം ആലുവിള വിഷ്ണു ഭവനിൽ രവീന്ദ്രൻ പിള്ളയും നടക്കാൻ ശേഷിയില്ലാത്തതിനാൽ ആംബുലൻസിനെ ആശ്രയിച്ചാണ് അപേക്ഷയുമായി എത്തിയത്. അഞ്ച് മാസങ്ങൾക്ക് മുൻപ് പാറമടയിൽ കരിങ്കല്ല് ചുമക്കുമ്പോൾ മണ്ണിടിഞ്ഞ് വീണ് പരിക്കേറ്റാണ് രവീന്ദ്രൻപിള്ളയ്ക്ക് തളർച്ചയുണ്ടായത്. മുഖ്യമന്ത്രി ആംബുലൻസിൽ എത്തി രവീന്ദ്രൻ പിള്ളയുടെ ആവലാതി കേട്ടു. 5000 രൂപയുടെ ധനസഹായവും നൽകി.

പുറമറ്റം ചക്കുംമൂട്ടിൽ സി. എം. രാജു സ്ട്രെച്ചറിന്റെ സഹായത്തോടെയാണ് ജനസമ്പർക്ക പരിപാടിക്ക് എത്തിയത്. രാജുവിന്റെ ആവലാതി കേട്ട മുഖ്യമന്ത്രി 5000 രൂപയുടെ ധനസഹായം നൽകി. വൈദ്യുതി ലൈൻ പൊട്ടി വീണ് മരിച്ച മോനിച്ചന്റെ ഭാര്യയ്ക്ക് ജോലി കൊടുക്കുന്ന കാര്യം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി. കുടുംബശ്രീ പദ്ധതി പ്രകാരം മിനി ബസ് വാങ്ങാൻ 7.44 ലക്ഷം രൂപയുടെ ധനസഹായവും മുഖ്യമന്ത്രി വിതരണം ചെയ്തു. കവിയൂർ പഞ്ചായത്തിലെ കുടുംബശ്രീ പദ്ധതി പ്രകാരം നടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ 6 യുവാക്കൾക്ക് ജോലി ലഭിക്കും.

നിശ്ചയിച്ച സമയത്തിനുള്ളിൽ ലഭിച്ച 2693 പരാതികളിൽ 1413 പരാതികൾക്ക് അനുകൂല തീരുമാനമെടുത്തു. 54 എണ്ണം സർക്കാരിന് കൈമാറി.




തൃശ്ശൂർ ജില്ലയിൽ നിന്ന്

# ആയിരങ്ങൾക്ക് ആശ്വാസമായി

സർക്കാരിൽ പ്രതീക്ഷകൾ അർപ്പിച്ച് കാത്തിരിക്കുന്ന ജനങ്ങൾ - ആ പ്രതീക്ഷകളുടെ ആഴവും പരപ്പും അറിയുന്നതോടൊപ്പം ഗൗരവമേറിയ ജനകീയപ്രശ്നങ്ങൾ തീർപ്പാക്കുന്നതിൽ മാതൃക സൃഷ്ടിക്കുക- ഈ ലക്ഷ്യങ്ങൾ മുൻ നിർത്തി തൃശൂർ ജില്ലയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടി ഏറെ ഫലപ്രദമായി.

ചുവപ്പുനാട കൊണ്ട് വരിഞ്ഞുകെട്ടിയ ഫയലിൽ സാധാരണക്കാരുടെ പ്രതീക്ഷയും ജീവിതവുമാണെന്നും അവ തീർപ്പാക്കാൻ പ്രത്യേക കർമ്മപദ്ധതി തന്നെ വേണമെന്നും മുഖ്യമന്ത്രി ഉപദേശിച്ചു.

മുമ്പൊരിക്കലും ഉണ്ടാകാത്ത വിധം 5000-ത്തോളം പരാതിക്കാരാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ കാത്ത് കളക്ടറേറ്റ് അങ്കണത്തിൽ ഒക്ടോബർ 18 ന് കാത്തിരുന്നത്. സ്ത്രീകൾ, കുട്ടികൾ, വികലാംഗർ എന്നിവരും കൂട്ടത്തിൽ കുറവായിരുന്നില്ല. പരാതിക്കാർക്കെല്ലാം ടോക്കൺ നൽകിയതു തിരക്ക് ക്രമീകരിക്കാൻ സഹായിച്ചു. രാവിലെ 11 മുതൽ പരാതികൾ കേട്ടും സ്വയം വായിച്ചും പ്രശ്നങ്ങളിൽ നിന്ന് പ്രശ്നങ്ങളിലേക്ക് മുഖ്യമന്ത്രി സഞ്ചരിച്ചപ്പോൾ കടന്നു പോയത് മണിക്കൂർ അഞ്ചായിരുന്നു. ജനസമ്പർക്ക പരിപാടിയിലേക്ക് പരാതികൾ മുൻകൂട്ടി നൽകണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും തന്നെ കാണാൻ പരാതിയുമായെത്തിയവരെ മുഖ്യമന്ത്രി നിരാശരാക്കിയില്ല. എല്ലാവരുടെയും പരാതികൾ മുഖ്യമന്ത്രി സ്വീകരിച്ചു. മുഖ്യമന്ത്രി നേരിട്ട് സ്വീകരിച്ച പരാതികളിൽ 1035 പരാതികൾക്ക് പരിഹാരം നിർദ്ദേശിച്ചു. 400-ഓളം പരാതികൾ മുഖ്യമന്ത്രി സർക്കാരിലേക്ക് റഫർ ചെയ്തു. നേരത്തെ ലഭിച്ച 2824 പരാതികളിൽ താമസം കൂടാതെ നടപടിയെടുക്കുന്നതിനായി കളക്ടറേറ്റിൽ രൂപീകരിച്ച മോണിട്ടറിംഗ് സെൽ ജനസമ്പർക്ക പരിപാടി വിജയമാക്കി മാറ്റാൻ സാരമായ പങ്കു വഹിച്ചു. പരാതികൾ കിട്ടു



ന്ന മുറയ്ക്ക് ജില്ലാതല ഉദ്യോഗസ്ഥർക്ക് അവ എത്തിക്കാനും മൂന്നു ദിവസത്തിനകം ജില്ലാതലത്തിൽ നടപടി എടുപ്പിക്കാനും മോണിറ്ററിംഗ് സെല്ലിന് കഴിഞ്ഞു. സർക്കാർതലത്തിൽ നടപടി ആവശ്യമുള്ള പരാതികൾ സർക്കാരിലെത്തിക്കാനും സെൽ സഹായിച്ചു.

20 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളാണ് ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി വിതരണം ചെയ്തത്. ഗ്രാമീണ തൊഴിൽദാന പദ്ധതിക്ക് 11 ലക്ഷം, വിവിധ ആനുകൂല്യങ്ങളായി 8 ലക്ഷം, ചികിത്സാ ധനസഹായകമായി 48,000 രൂപ എന്നിവ വിതരണം ചെയ്തവയിൽ പെടുന്നു.

നേരത്തെ ലഭിച്ച പരാതികളിൽ പകുതിയോളം എണ്ണം മുഖ്യമന്ത്രി നേരിട്ട് തീർപ്പാക്കി. 247 പരാതികൾ സർക്കാരിലേക്ക് റഫർ ചെയ്തു. ബാക്കിയുള്ളവയിൽ നടപടി തുടരുന്നു.

കളക്ടർ കെ. എസ്. പ്രേമചന്ദ്രക്കുറുപ്പ് ജനസമ്പർക്ക പരിപാടിക്ക് നേതൃത്വം നൽകി. ●



ചുവപ്പുനാടയിൽ കുരുങ്ങാതെ.................

**പാലക്കാട് നിന്ന്**

# ആവേശപ്പെരുമഴയിൽ അലിഞ്ഞു ചേർന്ന്...........

കാത്തിരുന്ന സുദിനം സമാഗതമായ മട്ടിലായിരുന്നു പാലക്കാട്ടെ സ്ഥിതി. ജനസഹസ്രങ്ങളിൽ ആഹ്ളാദത്തിന്റെ പെരുമഴ ചാർത്തിയാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ജില്ലയിലെ ജനസമ്പർക്ക പരിപാടിക്ക് തുടക്കം കുറിച്ചത്. ജനസമ്പർക്ക പരിപാടി ജനങ്ങൾ ഏറ്റെടുത്തെന്ന് തോന്നിക്കും വിധമായിരുന്നു കാര്യങ്ങൾ നീങ്ങിയത്. പൂരത്തെ വെല്ലുന്ന പുരുഷാരമായിരുന്നു കളക്ടറേറ്റിൽ. മുമ്പൊരിക്കലും പാലക്കാട്ടുകാർ കണ്ടിട്ടില്ലാത്ത അണമുറിയാത്ത ജനപ്രവാഹം.

മൊത്തം 5178 പരാതികളാണ് ലഭിച്ചത്. 15.50 ലക്ഷം രൂപയുടെ ധനസഹായം മുഖ്യമന്ത്രി നേരിട്ട് പ്രഖ്യാപിച്ചു. റവന്യൂ, വൈദ്യുതി, കൃഷി, പഞ്ചായത്ത് വകുപ്പുകളിലായി ബന്ധപ്പെട്ട പരാതികളാണ് ഏറെയും.

ജനങ്ങളുടെ ഒരു പരാതിക്കും പരിഹാരമില്ലാതെ പോകില്ലെന്ന മുഖ്യമന്ത്രിയുടെ വാഗ്ദാനം തീർത്തും ഫലവത്തായി. വിദേശത്തുണ്ടായ അപകടത്തിൽ പരിക്കേറ്റ ഒറ്റപ്പാലം തോട്ടക്കുറിശ്ശി രാജേന്ദ്രന് നോർക്കയുടെ ഫണ്ടിൽ നിന്ന് 10000 രൂപ അനുവദിച്ചു. ഇടിമിന്നലിൽ രണ്ടു മക്കളെ നഷ്ടപ്പെട്ട നാഗലശ്ശേരിയിലെ കാളിക്ക് 29000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചു. വടക്കാഞ്ചേരിയിലെ കരിം, ചുലന്നൂരിലെ ആണ്ടവൻ തുടങ്ങിയവർക്ക് ചികിത്സാ ധനസഹായവും നൽകി.

രാവിലെ 10 മണി മുതൽ വൈകിട്ട് 6 വരെ ആഹാരം വെടിഞ്ഞാണ് മുഖ്യമന്ത്രി പരാതികൾ സ്വീകരിച്ച് പരിഹാരം നിർദ്ദേശിച്ചത്. ഒരു പകൽ മുഴുവൻ ജനങ്ങൾക്കായി ചെലവഴിച്ച മുഖ്യമന്ത്രി പാലക്കാടൻ ജനതയുടെ പ്രശംസയ്ക്ക് പാത്രമായി.

ആംഗ്യഭാഷയിലൂടെ ബധിരരും മൂകരും വിഷമതകൾ ധരിപ്പിച്ചപ്പോൾ മുഖ്യമന്ത്രി വികാരാധീനനായി. അംഗചലനങ്ങളിലൂടെയുള്ള ഭാഷ അദ്ദേഹം ശ്രദ്ധയോടെ വീക്ഷിച്ചു. പരാതികളിൽ അനുഭാവപൂർണ്ണമായ നടപടികൾ എടുക്കുമെന്ന് മുഖ്യമന്ത്രി അവർക്ക് ഉറപ്പ് നൽകി.

വിവിധ വിഭാഗങ്ങളിൽ 1000 രൂപ മുതൽ 10000 രൂപ വരെയുള്ള ധനസഹായം മുഖ്യമന്ത്രി വേദിയിൽ വച്ച് തന്നെ നൽകി.

പട്ടയത്തിനുള്ള അപേക്ഷകൾ ധാരാളം ലഭിച്ചിരുന്നു. നിയമ, സാങ്കേതിക കുരുക്കില്ലാത്ത അപേക്ഷകളിൽ ഉടൻ തീരുമാനമെടുത്ത് ഡിസംബർ 17 നകം പട്ടയം നല്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പൊതുജനങ്ങളുടെ പരാതി കേൾക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. പരാതി പറയാനുള്ള സ്വാതന്ത്ര്യം പൊതുജനങ്ങൾക്കുണ്ട്. അവർ പറയുന്നത് കേൾക്കാനുള്ള സന്മനസ്സ് ഉദ്യോഗസ്ഥർക്ക് ഉണ്ടാവണം. എത്രയും പെട്ടെന്ന് നടപടി എടുക്കാനും ഉദ്യോഗസ്ഥർ തയ്യാറാവണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

എം. എൽ.എമാരായ കെ. എ. ചന്ദ്രൻ, സി. പി. മുഹമ്മദ്, കെ. അച്ചുതൻ, കളത്തിൽ അബ്ദുള്ള എന്നിവർ സന്നിഹിതരായിരുന്നു. ●

## രാജ്യത്തെ ആദ്യ കംപ്യൂട്ടർവത്കൃത കലക്ടറേറ്റ് പാലക്കാടിന് സ്വന്തം

പാലക്കാട് കളക്ടറേറ്റ് രാജ്യത്തെ ആദ്യ സമ്പൂർണ കംപ്യൂട്ടർവത്കൃത കളക്ടറേറ്റായി. കളക്ടറേറ്റ് നവീകരണത്തിന്റെയും കംപ്യൂട്ടർവത്കരണത്തിന്റെയും ഒന്നാം ഘട്ട ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചതോടെയാണ്, ബഹുമതി പാലക്കാടിന് സ്വന്തമായത്.



കംപ്യൂട്ടർവത്കരിക്കുന്ന രാജ്യത്തെ 600 കളക്ടറേറ്റുകളിൽ

ആദ്യഘട്ടം ഉദ്ഘാടനം ചെയ്യുന്ന ആദ്യകളക്ടറേറ്റാണ് പാലക്കാട്. ജില്ലാ ഡാറ്റാ സെന്റർ, ജീവനക്കാർക്കുള്ള ഐ.ടി പരിശീലന കേന്ദ്രം, വീഡിയോ കോൺഫറൻസ് സൗകര്യം, ഫയലുകളുടെ നീക്കം അറിയാൻ സഹായകമായ ടച്ച് സ്ക്രീൻ സംവിധാനം, ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് തുടങ്ങിയവയാണ് പ്രവർത്തന സജ്ജമായത്. മൂന്നു ഘട്ടമായാണ് 2.45 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഭരണ നവീകരണ പദ്ധതി (എം.ജി.പി)യുടെ ഭാഗമായി നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ മേൽനോട്ടത്തിലാണ് കംപ്യൂട്ടർവത്കരണം നടന്നത്.

'ലാംബ്' എന്ന സാങ്കേതിക വിദ്യയാണ് കംപ്യൂട്ടർവത്കരണത്തിന് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. മെയ് 17ന് ആരംഭിച്ച നവീകരണ പദ്ധതിയുടെ ഒന്നാംഘട്ടം റിക്കോർഡ് വേഗത്തിലാണ് പൂർത്തിയാക്കിയത്. ഇൻഫ്രാസ്ട്രക്ചർ, ഇംപ്ളിമെന്റേഷൻ, സൈറ്റ് പ്രിപ്പറേഷൻ, വർക്ക് ഗ്രൂപ്പ് എന്നിങ്ങനെ കളക്ടർ ,ജീവനക്കാർ, സാങ്കേതിക വിദഗ്ധർ എന്നിവർ ഉൾപ്പെട്ട നാല് കമ്മിറ്റികളാണ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

തിരുവനന്തപുരം നാഷണൽ ഇൻഫർമാറ്റിക് സെന്റർ മേധാവികളുമായി കലക്ടറുടെ ചേംബറിലിരുന്ന് വീഡിയോ കോൺഫറൻസ് നടത്തിയാണ് മുഖ്യമന്ത്രി പദ്ധതി ഉദ്ഘാടനം ചെയ്തത്. പദ്ധതി രാജ്യത്തിന് തന്നെ അഭിമാനമാണെന്ന് ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു.

സേവനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനും സുതാര്യത ഉറപ്പാക്കാനും ഇതിലൂടെ കഴിയുമെന്ന് അദ്ദേഹം അവകാശപ്പെട്ടു. കെ. ശങ്കരനാരായണൻ എം. എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ സഞ്ജീവ് കൗശിക്, എൻ. ഐ. സി. സംസ്ഥാന ഓഫീസർ വി. എസ്. രഘുനാഥൻ തുടങ്ങിയവർ പ്രസംഗിച്ചു.

മൂന്നാംഘട്ടം പൂർത്തിയാകുന്നതോടെ താലൂക്ക്, വില്ലേജ് ഓഫീസുകളെ കൂടി കംപ്യൂട്ടർ ശൃംഘലയുമായി ബന്ധിപ്പിക്കും. ഒരു മേശപ്പുറത്ത് നിന്ന് മറ്റൊരു മേശപ്പുറത്തേക്ക് ഫയലെത്താനുള്ള കാലതാമസം ഇതോടെ ഇല്ലാതാകും. മേലധികാരികൾക്ക് ഫയലുകളുടെ സ്ഥിതി അറിയാൻ സൗകര്യമുണ്ടാകും. ജനങ്ങൾക്ക് കളക്ടറേറ്റ് വരാന്തയിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ സംവിധാനം ഉപയോഗിച്ച് തങ്ങളുടെ ഫയലിന്റെ സ്ഥിതി മനസ്സിലാക്കാം. ●

**വയനാട്ടിൽ നിന്ന്**

# പൊതുജന സമ്പർക്ക പരിപാടി ജനകീയ പരിപാടിയായി



നൂറു ദിവസത്തെ കർമ്മപരിപാടിയുടെ ഭാഗമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി സംസ്ഥാനത്തെ 14 ജില്ലകളിലും നടത്തുന്ന പൊതുജന സമ്പർക്ക പരിപാടി വയനാട്ടിൽ ജനകീയ പരിപാടിയായി. കല്പറ്റ കളക്ടറേറ്റ് പരിസരത്ത് ഒക്ടോബർ 14 ന് നടത്തിയ പൊതുജനസമ്പർക്ക പരിപാടി സംസ്ഥാനതല പൊതുജന സമ്പർക്കപരിപാടിയുടെ ഉദ്ഘാടനം കൂടിയായിരിക്കും.

പ്രയാസങ്ങളനുഭവിക്കുന്ന ജനങ്ങളെ നേരിൽകണ്ട് അവരുടെ പ്രശ്നങ്ങളും ദുരിതങ്ങളും മനസ്സിലാക്കുന്നതിനാണ് പൊതുജനസമ്പർക്ക പരിപാടിയെന്ന് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആരോഗ്യവകുപ്പ് മന്ത്രി കെ.കെ. രാമചന്ദ്രൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. പട്ടികവർഗ്ഗ പട്ടികജാതി പിന്നോക്ക വികസന വകുപ്പ് മന്ത്രി എ.പി. അനിൽകുമാറും പ്രസംഗിച്ചു.

സർവീസിലിരിക്കെ മരണമടഞ്ഞ ആദിവാസി സ്ത്രീയുടെ മകൾ ദേവിക്ക് സർക്കാർ ജോലി നൽകിക്കൊണ്ടുള്ള ഉത്തരവാണ് മുഖ്യമന്ത്രി പൊതു ജനസമ്പർക്ക പരിപാടിയിൽ ആദ്യം നൽകിയത്.

പൊള്ളലേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയവേ പീഡനത്തിനിരയായ വയനാട് ചുണ്ടേലിലെ യുവതിക്ക് അര ലക്ഷം രൂപയും മുഖ്യമന്ത്രി ചടങ്ങിൽ നൽകി. കടക്കെണിയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കുള്ള സഹായം, പ്രകൃതിക്ഷോഭ ധന സഹായം, പട്ടികവർഗ്ഗ വകുപ്പിന്റെ വിദ്യാസഹായം എന്നിവയും വിതരണം ചെയ്യുകയുണ്ടായി.

തുടർന്ന് മുഖ്യമന്ത്രി പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിച്ചു. മൂവായിരത്തോളം പേർ പൊതുജനസമ്പർക്ക പരിപാടിയിലെത്തിയിരുന്നു. വൈകിട്ട് അഞ്ചരമണിവരെ മുഖ്യമന്ത്രി നിന്ന നിൽപ്പിൽ പരാതി സ്വീകരിച്ചു. ഉച്ചഭക്ഷണം പോലും ഒഴിവാക്കിയാണ് അദ്ദേഹം തുടർച്ചയായി പരാതി സ്വീകരിച്ചത്.

വനഭൂമിയാണെന്ന പേരിൽ നികുതി സ്വീകരിക്കാത്തത്, കാർഷികമേഖലയിലെ വിലത്തകർച്ച കൊണ്ടുണ്ടായ ദുരിതങ്ങൾ, വരൾച്ചാകെടുതികൾ, ചികിത്സാ സഹായത്തിനായുള്ള അഭ്യർത്ഥന തുടങ്ങിയവയായിരുന്നു പരാതികളിൽ അധികവും. നേരിട്ട് കേട്ട് ആശ്വാസ വചനങ്ങളും ഒപ്പം സാമ്പത്തിക സഹായങ്ങളും മുഖ്യമന്ത്രി നൽകി.

ഓരോ പരാതിക്കാരനിൽ നിന്നും പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞും, ബന്ധപ്പെട്ട





പ്രശ്നങ്ങൾ നേരിട്ടറിഞ്ഞ്...........

## ജനസമ്പർക്ക പരിപാടിയിലൂടെ ദേവിക്ക് ജോലി കിട്ടി

കടമ്പകൾ ഏറെ കടന്നിട്ടും ആശ്രിത നിയമനം ലഭിക്കാതായ ആദിവാസി യുവതിക്ക് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ജോലി കിട്ടി. കുഞ്ഞുനാളിലേ, ജോലിയിലുള്ള അമ്മ മരിച്ചു പോയ വെള്ളച്ചി മകൾ ദേവിയ്ക്കാണ് സർക്കാർ സർവ്വീസിൽ അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ എൽ.ഡി. ക്ളർക്കായി ജോലി ലഭിച്ചത്.

അമ്മയുടെ മരണശേഷം ലഭിക്കേണ്ട ജോലിക്ക് അപേക്ഷിക്കാൻ ദേവിക്കായില്ല. വർഷങ്ങൾക്ക് ശേഷം നൽകിയതായതിനാൽ അപേക്ഷ തള്ളപ്പെട്ടു. ദേവി രാധാരാഘവൻ എം.എൽ.എ മുഖേന അപേക്ഷയുമായി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കെത്തി. മാനുഷിക വശം പരിഗണിച്ച് മന്ത്രിസഭയുടെ പ്രത്യേകാനുമതിയോടെയാണ് ജോലി നൽകിയത്. ദേവിയുടെ എസ്.എസ്.എൽ.സി. ബുക്കിൽ അമ്മ വെള്ളച്ചിയുടെ പേരിനു പകരം വല്യമ്മയുടെ പേരാണ് ചേർത്തത്. ഈ തെറ്റും പരിഹരിച്ചാണ് ജോലി നൽകിയത്. മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിയിൽ ആദ്യമെടുത്ത പരാതി ദേവിയുടേതായിരുന്നു.

### മുഖ്യമന്ത്രി ഏഴ് മണിക്കൂര്‍ പരാതി സ്വീകരിച്ചു.

വയനാട്ടിലെ ജനസമ്പര്‍ക്ക പരിപാടിയില്‍ മുഖ്യമന്ത്രി ഉമ്മന്‍ചാണ്ടി ഏഴ് മണിക്കൂര്‍ തുടര്‍ച്ചയായി പൊതുജനങ്ങളുടെ പരാതി കേട്ടു. ഇടവേളയോ, ഭക്ഷണമോ വിശ്രമമോ ഇല്ലാതെയാണിത്. രാവിലെ 10.30 ന് ആരംഭിച്ച പൊതുജനസമ്പര്‍ക്ക പരിപാടിയില്‍ വൈകിട്ട് 5.30 വരെ നിന്ന നില്‍പിലാണ് മുഖ്യമന്ത്രി പരാതിക്കാരെ അഭിമുഖീകരിച്ചത്.

വികലാംഗരും സ്ത്രീകളും കുട്ടികളും വൃദ്ധരും ഉള്‍പ്പെടെ നൂറു കണക്കിനാളുകളാണ് പരാതി നല്‍കാനെത്തിയിരുന്നത്. വികലാംഗര്‍ക്കും, സ്ത്രീകള്‍ക്കും പരാതി നല്‍കാന്‍ മുഖ്യമന്ത്രി പ്രത്യേക പരിഗണന നല്‍കി.

### പരാതികള്‍ക്ക് മറുപടി നല്‍കാന്‍ 25 കൗണ്ടറുകള്‍

മുഖ്യമന്ത്രി ഒക്ടോബര്‍ 14 ന് വയനാട്ടില്‍ നടത്തിയ പൊതുജനസമ്പര്‍ക്ക പരിപാടിയില്‍ നല്‍കിയ പരാതികളില്‍ എടുത്ത നടപടികള്‍ ജനങ്ങളെ അറിയിക്കാന്‍ കളക്ടറേറ്റില്‍ 25 കൗണ്ടറുകള്‍ ഒരുക്കിയിരുന്നു. ഉന്നത റവന്യൂ ഉദ്യോഗസ്ഥര്‍ മേല്‍നോട്ടം വഹിക്കുന്ന ഒരു പൊതു കൗണ്ടറും വിവിധ വകുപ്പുകളുടേതായി 24 കൗണ്ടറുകളുമാണ് സജ്ജീകരിച്ചത്. പരാതി നല്‍കിയവര്‍ക്ക് വിവരങ്ങളറിയാന്‍ ഇത് ഏറെ സൗകര്യപ്രദമായി.

പൊതുജന സമ്പര്‍ക്ക പരിപാടിയിലേക്ക് സെപ്തംബര്‍ 30 വരെ 2152 പരാതികള്‍ ലഭിച്ചിരുന്നു. അതില്‍ 140 പരാതികള്‍ മുഖ്യമന്ത്രിയുടെയും വകുപ്പ് മേധാവികളുടെയും പരിഗണനക്കായി വെച്ചിരുന്നു. പരാതികള്‍ മുഖ്യമന്ത്രി വേദിയില്‍വെച്ചു പരിശോധിക്കുകയുണ്ടായി. പൊതുജനസമ്പര്‍ക്ക പരിപാടിയുടെ വേദിയില്‍ വെച്ച് മുഖ്യമന്ത്രി 1500-ഓളം പരാതികള്‍ സ്വീകരിക്കുകയുണ്ടായി.

ചടങ്ങില്‍ ആരോഗ്യവകുപ്പ് മന്ത്രി കെ.കെ. രാമചന്ദ്രന്‍ മാസ്റ്റര്‍, പിന്നോക്ക പട്ടികവിഭാഗക്ഷേമ വകുപ്പ് മന്ത്രി എ.പി. അനില്‍കുമാര്‍, എം.എല്‍.എ മാരായ എന്‍.ഡി. അപ്പച്ചന്‍, രാധാരാഘവന്‍, സി. മമ്മൂട്ടി തുടങ്ങിയവര്‍ സംബന്ധിച്ചു.

ഉദ്യോഗസ്ഥരോട് അപ്പപ്പോള്‍ തന്നെ വിശദീകരണം തേടിയുമാണ് പരിഹാരം നിര്‍ദ്ദേശിച്ചത്. 14,67,500 രൂപ വിവിധ അപേക്ഷകളില്‍ ധനസഹായമായി വിതരണം ചെയ്യുകയുണ്ടായി.

# ഡോ: സി.വി. രാമന്‍

**പ്രകൃതിയെയും വര്‍ണ്ണപ്രപഞ്ചത്തെയും സ്നേഹിച്ചിരുന്ന ഒരു യുവാവിന്റെ മസ്തിഷ്ക്കത്തില്‍ ഉയര്‍ന്നു വന്ന ആശയങ്ങള്‍ ശാസ്ത്രലോകത്തിന് മുതല്‍ക്കൂട്ടാവുകയായിരുന്നു.**

എ. നാസര്‍ ബാബു

നിലാവുള്ള രാത്രിയില്‍ അനന്ത വിസ്തൃതമായ നീലാകാശം. താഴെ അഗാധമായ മെഡിറ്ററേനിയന്‍ കടലിന്റെ നീലിമ. കപ്പലിന്റെ മുകളിലത്തെ ഡക്കില്‍ പ്രകൃതിയെ നിരീക്ഷിച്ചുകൊണ്ടിരുന്ന ചെറുപ്പക്കാരന്റെ മനസ്സില്‍ കുട്ടിക്കാലത്തേ നാമ്പെടുത്തിരുന്ന ചോദ്യങ്ങളുയര്‍ന്നു വന്നു. ആകാശത്തിനും അഗാധമായ അലയാഴിക്കും ഈ നീലനിറം ആരു കൊടുത്തു? ഇതിനെന്തു ശാസ്ത്രീയ വിശദീകരണം നല്‍കാം ? അദ്ദേഹത്തിന്റെ ചിന്തകള്‍ ആകാശത്തോളം ഉയര്‍ന്നു.

സപ്തവര്‍ണ്ണങ്ങളില്‍ നീലയ്ക്ക് ഒരു പ്രത്യേക പരിവേഷമുണ്ട്. നീല ഇഷ്ടപ്പെടാത്തവരായി ചുരുക്കം ചിലരേ കാണുകയുള്ളു. അനന്തമായ നീലനിറം മനസ്സിനു കുളിര്‍മയും ആനന്ദവും നല്‍കുന്നു. മനുഷ്യവര്‍ഗ്ഗം ഉണ്ടായകാലം മുതലേ പഞ്ചഭൂതങ്ങളില്‍ ആദ്യത്തേതായ അനന്തമായി കാണുന്ന നീലാകാശവും അതില്‍ തങ്ങിനില്‍ക്കുന്ന കോടാനുകോടി നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും മറ്റു പ്രതിഭാസങ്ങളും കണ്ട് അത്ഭുതപ്പെടുകയും, അവയില്‍ ചിലതിന് ഈശ്വര പരിവേഷം നല്‍കി ആദരിക്കുകയും ചെയ്തു.

സായംസന്ധ്യയിലും പ്രഭാതത്തിലും, സൂര്യനും ആകാശത്തിനും രക്തച്ഛവി കലരുന്നതെന്തു കൊണ്ട് ? പ്രകൃതിയെയും വര്‍ണ്ണപ്രപഞ്ചത്തെയും സ്നേഹിച്ചിരുന്ന ആ യുവാവിന്റെ മസ്തിഷ്ക്കത്തില്‍ ഒരു വെളിപാടു പോലെ അപ്പോള്‍ ഉയര്‍ന്നു വന്ന ആശയങ്ങളാണ് പ്രകാശത്തെ സംബന്ധിച്ച ഒരു പ്രധാന ശാസ്ത്രപ്രബന്ധം ആയത്: "ധവളപ്രകാശത്തിന്റെ ചിതറല്‍ " (Scattering of light).

പില്‍ക്കാലത്ത് നോബല്‍ സമ്മാനത്തിനര്‍ഹനായി തീര്‍ന്ന ഡോ: സി. വി. രാമന്‍ ആയിരുന്നു ആ യുവശാസ്ത്രജ്ഞന്‍. 1921-ല്‍ കോമണ്‍വെല്‍ത്ത് രാജ്യങ്ങളുടെ വിശ്വവിദ്യാലയങ്ങളുടെ സമ്മേളനത്തില്‍ പങ്കെടുക്കാന്‍ കല്‍ക്കട്ട യൂണിവേഴ്സിറ്റിയുടെ പ്രതിനിധിയായി ലണ്ടനിലേക്ക് പോവുകയായിരുന്നു അദ്ദേഹം.

സി. വി. രാമന്‍ എന്ന ചന്ദ്രശേഖര വെങ്കിട്ട രാമന്‍ 1888 നവംബര്‍ ഏഴിന് തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയില്‍ ജനിച്ചു. ചെറുപ്പം മുതലേ ഇംഗ്ലീഷിലും ശാസ്ത്രവിഷയങ്ങളിലും പ്രത്യേകിച്ച് കണക്ക്, ഊര്‍ജ്ജതന്ത്രം എന്നിവയില്‍ അതീവ തല്‍പരനായിരുന്നു. 1903-ല്‍ മദ്രാസിലെ പ്രസിഡന്‍സി കോളേജില്‍ ഡിഗ്രി വിദ്യാര്‍ത്ഥിയായി ചേര്‍ന്നു. 1905-ല്‍ യൂണിവേഴ്സിറ്റി ഗോള്‍ഡ് മെഡലിസ്റ്റായി പാസ്സായ ശേഷം ഊര്‍ജ്ജതന്ത്രത്തില്‍ ബിരുദാനന്തര പഠനത്തിനു ചേര്‍ന്നു. ഡിഗ്രി ക്ളാസ്സില്‍ വെച്ചു തന്നെ ഭാവിയിലെ സുപ്രധാന നേട്ടങ്ങളുടെ അടിത്തറ പാകിക്കഴിഞ്ഞിരുന്നു. 18-ാമത്തെ വയസ്സില്‍ ലണ്ടനില്‍ നിന്നും പ്രസിദ്ധീകരിക്കുന്ന "ഫിലോസഫിക്കല്‍ മാഗസിനി"ല്‍ പ്രകാശത്തെ സംബന്ധിക്കുന്ന ഒരു ആധികാരിക ലേഖനമെഴുതി ലോകശ്രദ്ധയാകര്‍ഷിച്ചു. അതായിരുന്നു സി.വി.രാമന്റെ ആദ്യ ശാസ്ത്രലേഖനം. ഊര്‍ജ്ജതന്ത്രത്തിലെ ശബ്ദം, പ്രകാശം എന്നീ ശാഖകളിലായിരുന്നു ഏറെ താത്പര്യം. ലോര്‍ഡ് റാലേയുടെ "ശബ്ദ സിദ്ധാന്തം" തുടങ്ങിയ ശാസ്ത്ര ഗ്രന്ഥങ്ങള്‍ ഹൃദിസ്ഥമാക്കി. ബിരുദാനന്തരപഠനം ഉന്നതനിലയില്‍ പാസ്സായ രാമനെ ഇന്ത്യന്‍ ധനകാര്യ വകുപ്പില്‍ ഓഫീസറായി നിയമിച്ചു. ബ്രിട്ടീഷുകാര്‍ക്ക് മാത്രം ലഭിക്കുന്ന ഈ പദവി ലഭിച്ച ആദ്യ ഇന്ത്യാക്കാരനും സി.വി.രാമനായിരുന്നു. ജോലിയിലായിരിക്കുമ്പോഴും അദ്ദേഹത്തിനു താത്പര്യം ശാസ്ത്രപുസ്തകങ്ങള്‍ വായിക്കുന്നതിലും ശാസ്ത്ര ഗവേഷണങ്ങള്‍ നടത്തുന്നതിലുമായിരുന്നു. കല്‍ക്കട്ടയില്‍ 10 വര്‍ഷത്തോളം വിരസമായ ആ ജോലിയില്‍ തുടര്‍ന്നു. ആയിടയ്ക്ക് രൂപം കൊണ്ട "ഇന്ത്യന്‍ അസോസിയേഷന്‍ ഫോര്‍ ദി സയന്‍സ്" (IACS) എന്ന ശാസ്ത്രജ്ഞന്‍മാരുടെ സംഘടന

### മുഖ്യമന്ത്രി ഏഴ് മണിക്കൂർ പരാതി സ്വീകരിച്ചു.

വയനാട്ടിലെ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഏഴ് മണിക്കൂർ തുടർച്ചയായി പൊതുജനങ്ങളുടെ പരാതി കേട്ടു. ഇടവേളയോ, ഭക്ഷണമോ വിശ്രമമോ ഇല്ലാതെയാണിത്. രാവിലെ 10.30 ന് ആരംഭിച്ച പൊതുജനസമ്പർക്ക പരിപാടിയിൽ വൈകിട്ട് 5.30 വരെ നിന്ന നിൽപിലാണ് മുഖ്യമന്ത്രി പരാതിക്കാരെ അഭിമുഖീകരിച്ചത്.

വികലാംഗരും സ്ത്രീകളും കുട്ടികളും വൃദ്ധരും ഉൾപ്പെടെ നൂറു കണക്കിനാളുകളാണ് പരാതി നൽകാനെത്തിയിരുന്നത്. വികലാംഗർക്കും, സ്ത്രീകൾക്കും പരാതി നൽകാൻ മുഖ്യമന്ത്രി പ്രത്യേക പരിഗണന നൽകി.

### പരാതികൾക്ക് മറുപടി നൽകാൻ 25 കൗണ്ടറുകൾ

മുഖ്യമന്ത്രി ഒക്ടോബർ 14 ന് വയനാട്ടിൽ നടത്തിയ പൊതുജനസമ്പർക്ക പരിപാടിയിൽ നൽകിയ പരാതികളിൽ എടുത്ത നടപടികൾ ജനങ്ങളെ അറിയിക്കാൻ കളക്ടറേറ്റിൽ 25 കൗണ്ടറുകൾ ഒരുക്കിയിരുന്നു. ഉന്നത റവന്യൂ ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കുന്ന ഒരു പൊതു കൗണ്ടറും വിവിധ വകുപ്പുകളുടേതായി 24 കൗണ്ടറുകളുമാണ് സജ്ജീകരിച്ചത്. പരാതി നൽകിയവർക്ക് വിവരങ്ങളറിയാൻ ഇത് ഏറെ സൗകര്യപ്രദമായി.

പൊതുജന സമ്പർക്ക പരിപാടിയിലേക്ക് സെപ്തംബർ 30 വരെ 2152 പരാതികൾ ലഭിച്ചിരുന്നു. അതിൽ 140 പരാതികൾ മുഖ്യമന്ത്രിയുടെയും വകുപ്പ് മേധാവികളുടെയും പരിഗണനക്കായി വെച്ചിരുന്നു. പരാതികൾ മുഖ്യമന്ത്രി വേദിയിൽവെച്ചു പരിശോധിക്കുകയുണ്ടായി. പൊതുജനസമ്പർക്ക പരിപാടിയുടെ വേദിയിൽ വെച്ച് മുഖ്യമന്ത്രി 1500-ഓളം പരാതികൾ സ്വീകരിക്കുകയുണ്ടായി.

ചടങ്ങിൽ ആരോഗ്യവകുപ്പ് മന്ത്രി കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, പിന്നോക്ക പട്ടികവിഭാഗക്ഷേമ വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ, എം.എൽ.എ മാരായ എൻ.ഡി. അപ്പച്ചൻ, രാധാരാഘവൻ, സി. മമ്മൂട്ടി തുടങ്ങിയവർ സംബന്ധിച്ചു.

ഉദ്യോഗസ്ഥരോട് അപ്പപ്പോൾ തന്നെ വിശദീകരണം തേടിയുമാണ് പരിഹാരം നിർദ്ദേശിച്ചത്. 14,67,500 രൂപ വിവിധ അപേക്ഷകളിൽ ധനസഹായമായി വിതരണം ചെയ്യുകയുണ്ടായി.

# ഡോ: സി.വി. രാമൻ

എ. നാസർ ബാബു

**പ്രകൃതിയെയും വർണ്ണപ്രപഞ്ചത്തെയും സ്നേഹിച്ചിരുന്ന ഒരു യുവാവിന്റെ മസ്തിഷ്ക്കത്തിൽ ഉയർന്നു വന്ന ആശയങ്ങൾ ശാസ്ത്രലോകത്തിന് മുതൽക്കൂട്ടാവുകയായിരുന്നു.**

നിലാവുള്ള രാത്രിയിൽ അനന്ത വിസ്തൃതമായ നീലാകാശം. താഴെ അഗാധമായ മെഡിറ്ററേനിയൻ കടലിന്റെ നീലിമ. കപ്പലിന്റെ മുകളിലത്തെ ഡക്കിൽ പ്രകൃതിയെ നിരീക്ഷിച്ചുകൊണ്ടിരുന്ന ചെറുപ്പക്കാരന്റെ മനസ്സിൽ കുട്ടിക്കാലത്തേ നാമ്പെടുത്തിരുന്ന ചോദ്യങ്ങളുയർന്നു വന്നു. ആകാശത്തിനും അഗാധമായ അലയാഴിക്കും ഈ നീലനിറം ആരു കൊടുത്തു? ഇതിനെന്തു ശാസ്ത്രീയ വിശദീകരണം നൽകാം ? അദ്ദേഹത്തിന്റെ ചിന്തകൾ ആകാശത്തോളം ഉയർന്നു.

സപ്തവർണ്ണങ്ങളിൽ നീലയ്ക്ക് ഒരു പ്രത്യേക പരിവേഷമുണ്ട്. നീല ഇഷ്ടപ്പെടാത്തവരായി ചുരുക്കം ചിലരേ കാണുകയുള്ളൂ. അനന്തമായ നീലനിറം മനസ്സിനു കുളിർമയും ആനന്ദവും നൽകുന്നു. മനുഷ്യവർഗ്ഗം ഉണ്ടായകാലം മുതലേ പഞ്ചഭൂതങ്ങളിൽ ആദ്യത്തേതായ അനന്തമായി കാണുന്ന നീലാകാശവും അതിൽ തങ്ങിനിൽക്കുന്ന കോടാനുകോടി നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും മറ്റു പ്രതിഭാസങ്ങളും കണ്ട് അത്ഭുതപ്പെടുകയും, അവയിൽ ചിലതിന് ഈശ്വര പരിവേഷം നൽകി ആദരിക്കുകയും ചെയ്തു.

സായംസന്ധ്യയിലും പ്രഭാതത്തിലും, സൂര്യനും ആകാശത്തിനും രക്തശ്ചവി കലരുന്നതെന്തു കൊണ്ട് ? പ്രകൃതിയെയും വർണ്ണപ്രപഞ്ചത്തെയും സ്നേഹിച്ചിരുന്ന ആ യുവാവിന്റെ മസ്തിഷ്ക്കത്തിൽ ഒരു വെളിപാടു പോലെ അപ്പോൾ ഉയർന്നു വന്ന ആശയങ്ങളാണ് പ്രകാശത്തെ സംബന്ധിച്ച ഒരു പ്രധാന ശാസ്ത്രപ്രബന്ധം ആയത്: "ധവളപ്രകാശത്തിന്റെ ചിതറൽ " (Scattering of light).

പിൽക്കാലത്ത് നോബൽ സമ്മാനത്തിനർഹനായി തീർന്ന ഡോ: സി. വി. രാമൻ ആയിരുന്നു ആ യുവശാസ്ത്രജ്ഞൻ. 1921-ൽ കോമൺവെൽത്ത് രാജ്യങ്ങളുടെ വിശ്വവിദ്യാലയങ്ങളുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ കൽക്കട്ട യൂണിവേഴ്സിറ്റിയുടെ പ്രതിനിധിയായി ലണ്ടനിലേക്ക് പോവുകയായിരുന്നു അദ്ദേഹം.

സി. വി. രാമൻ എന്ന ചന്ദ്രശേഖര വെങ്കിട്ട രാമൻ 1888 നവംബർ ഏഴിന് തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ ജനിച്ചു. ചെറുപ്പം മുതലേ ഇംഗ്ലീഷിലും ശാസ്ത്ര വിഷയങ്ങളിലും പ്രത്യേകിച്ച് കണക്ക്, ഊർജ്ജതന്ത്രം എന്നിവയിൽ അതീവ തൽപരനായിരുന്നു. 1903-ൽ മദ്രാസിലെ പ്രസിഡൻസി കോളേജിൽ ഡിഗ്രി വിദ്യാർത്ഥിയായി ചേർന്നു. 1905-ൽ യൂണിവേഴ്സിറ്റി ഗോൾഡ് മെഡലിസ്റ്റായി പാസ്സായ ശേഷം ഊർജ്ജതന്ത്രത്തിൽ ബിരുദാനന്തര പഠനത്തിനു ചേർന്നു. ഡിഗ്രി ക്ളാസ്സിൽ വെച്ചു തന്നെ ഭാവിയിലെ സുപ്രധാന നേട്ടങ്ങളുടെ അടിത്തറ പാകിക്കഴിഞ്ഞിരുന്നു. 18-ാമത്തെ വയസ്സിൽ ലണ്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന "ഫിലോസഫിക്കൽ മാഗസിനി"ൽ പ്രകാശത്തെ സംബന്ധിക്കുന്ന ഒരു ആധികാരിക ലേഖനമെഴുതി ലോകശ്രദ്ധയാകർഷിച്ചു. അതായിരുന്നു സി.വി.രാമന്റെ ആദ്യ ശാസ്ത്രലേഖനം. ഊർജ്ജതന്ത്രത്തിലെ ശബ്ദം, പ്രകാശം എന്നീ ശാഖകളിലായിരുന്നു ഏറെ താത്പര്യം. ലോർഡ് റാലേയുടെ "ശബ്ദ സിദ്ധാന്തം" തുടങ്ങിയ ശാസ്ത്ര ഗ്രന്ഥങ്ങൾ ഹൃദിസ്ഥമാക്കി. ബിരുദാനന്തരപഠനം ഉന്നതനിലയിൽ പാസ്സായ രാമനെ ഇന്ത്യൻ ധനകാര്യ വകുപ്പിൽ ഓഫീസറായി നിയമിച്ചു. ബ്രിട്ടീഷുകാർക്ക് മാത്രം ലഭിക്കുന്ന ഈ പദവി ലഭിച്ച ആദ്യ ഇന്ത്യാക്കാരനും സി.വി.രാമനായിരുന്നു. ജോലിയിലായിരിക്കുമ്പോഴും അദ്ദേഹത്തിനു താത്പര്യം ശാസ്ത്രപുസ്തകങ്ങൾ വായിക്കുന്നതിലും ശാസ്ത്ര ഗവേഷണങ്ങൾ നടത്തുന്നതിലുമായിരുന്നു. കൽക്കട്ടയിൽ 10 വർഷത്തോളം വിരസമായ ആ ജോലിയിൽ തുടർന്നു. ആയിടയ്ക്ക് രൂപം കൊണ്ട "ഇന്ത്യൻ അസോസിയേഷൻ ഫോർ ദി സയൻസ്" (IACS) എന്ന ശാസ്ത്രജ്ഞൻമാരുടെ സംഘടന




# സ്മരണകളിലൂടെ

യിൽ അദ്ദേഹം അംഗമായി ചേർന്നു. മുഖ്യ പ്രവർത്തന മേഖലയും അതായി. മൂന്നു വർഷങ്ങൾക്ക് ശേഷം ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലായി റംഗൂണിലേക്ക് സ്ഥലം മാറ്റി. പല സ്ഥലങ്ങളിലും മാറി മാറി ജോലി ചെയ്തെങ്കിലും അവസാനം കൽക്കട്ടയിൽ എത്തിച്ചേരുകയും തന്റെ ശാസ്ത്ര ഗവേഷണങ്ങൾ തുടരുകയും ചെയ്തു.

ഈ കാലഘട്ടത്തിലാണ് അദ്ദേഹം "വലിച്ചു കെട്ടിയ നേർത്ത കമ്പികളുടെ പ്രകമ്പന സിദ്ധാന്തം" (Theory of stretched strings) എന്ന വിഷയത്തിൽ ഗവേഷണം ആരംഭിക്കുന്നത്. കൊൽക്കത്ത യൂണിവേഴ്സിറ്റിയിൽ ഫിസിക്സ് അധ്യാപകന്റെ ഒഴിവ് വന്നപ്പോൾ കൂടുതൽ ശമ്പളമുള്ള ധനവകുപ്പിലെ ജോലി ഉപേക്ഷിച്ച് അദ്ധ്യാപനജോലി ഏറ്റെടുത്തു. തന്റെ പ്രവർത്തന മണ്ഡലം ശാസ്ത്രമാണെന്ന് ബാല്യത്തിലേ അദ്ദേഹം തീരുമാനിച്ചിരുന്നു. 1919-ൽ അദ്ദേഹം IACS-ന്റെ സെക്രട്ടറിയാകുകയും അധ്യാപനവും ഗവേഷണവും തുടരുകയും ചെയ്തു.

1921 - രാമന്റെ ജീവിതത്തിലെ സുപ്രധാന വർഷമായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിലുൾപ്പെട്ട വിശ്വവിദ്യാലയങ്ങളുടെ കോൺഗ്രസ്സ് ലണ്ടനിൽ




നടത്തിയപ്പോൾ കൊൽക്കത്ത യൂണിവേഴ്സിറ്റിയുടെ പ്രതിനിധിയായി അയച്ചത് രാമനെയായിരുന്നു. അന്നത്തെ കപ്പൽ യാത്രയാണ് ലേഖനത്തിന്റെ ആരംഭത്തിൽ വിവരിച്ചത്.

വർണ്ണരാജിയിലെ തരംഗ ദൈർഘ്യം കുറഞ്ഞ നീല, വയലറ്റ്, തുടങ്ങിയ വികിരണങ്ങൾ ജലം, വായു എന്നിവയുടെ തൻമാത്രകളിൽ തട്ടി വശങ്ങളിലേക്ക് ചിതറുന്നു. തൽഫലമായാണ് ആകാശം നീല നിറത്തിൽ കാണപ്പെടുന്നതെന്ന ലോർഡ് റാലേയുടെ സിദ്ധാന്തം രാമൻ അറിയുകയായിരുന്നു. കടലിൽ ആകാശത്തിന്റെ പ്രതിഫലനമാണ് കടലിന്റെ നീലനിറത്തിന് കാരണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഈ അഭിപ്രായം മുഴുവൻ ശരിയല്ലെന്നും, പ്രകാശത്തിന് ജലത്തിന്റെ തൻമാത്രകളാൽ പ്രകീർണ്ണനം സംഭവിക്കുന്നതാണ് സമുദ്രനീലിമയ്ക്കു കാരണമെന്നും രാമൻ സമർത്ഥിച്ചു.

## രാമൻ പ്രഭാവം (Raman Effect)

ശുദ്ധമായ ഖര, ദ്രാവക, വാതക വസ്തുക്കളിൽ ഓരോ നിറത്തിലുമുള്ള പ്രകാശ വസ്തുക്കൾക്കുണ്ടാകുന്ന പ്രകീർണ്ണനത്തെ കുറിച്ചു പഠിക്കുകയായിരുന്നു രാമനും സഹപ്രവർത്തകരും. ശുദ്ധ നീല നിറം ഒരു ദ്രാവക തൻമാത്രകളിൽ പ്രകീർണ്ണനം സംഭവിച്ച ശേഷം ഫോട്ടോ പ്ളേറ്റിൽ വീഴാൻ അനുവദിച്ചു. ഡെവലപ്പ് ചെയ്തു കിട്ടിയ പ്ളേറ്റു കണ്ടു രാമനും സഹപ്രവർത്തകരും അത്ഭുതപ്പെട്ടു. ഇവർ പരീക്ഷണം ആവർത്തിച്ചു. ചിതറൽ സംഭവിച്ച തരംഗത്തിന്റെ ഇരുവശത്തും വ്യത്യസ്ത തരംഗദൈർഘ്യമുള്ള ഓരോ രേഖകൾ കൂടി കാണപ്പെട്ടു. മാതൃരേഖയോടൊപ്പം തരംഗദൈർഘ്യം കൂടിയതും കുറഞ്ഞതുമായ ഓരോ പ്രകാശരേഖകൾ കൂടെ പ്രകീർണ്ണനഫലമായി ഉണ്ടാവുന്നു. ദൈർഘ്യം കുറഞ്ഞതിനെ "ആന്റി സ്റ്റോക്ക്സ് ലൈൻ" എന്നും ദൈർഘ്യം കൂടിയതിനെ "സ്റ്റോക്സ് ലൈൻ" എന്നും പേര് നൽകി. പൊതുവെ ഇത് "രാമൻ ലൈൻസ്" എന്നാണ് അറിയപ്പെടുന്നത്. ഇവയുടെ തരംഗദൈർഘ്യം പ്രകീർണ്ണനം ചെയ്ത തൻമാത്രയെ ആശ്രയിച്ചിരിക്കും. വസ്തുക്കളുടെ തൻമാത്രയെപ്പറ്റിയുള്ള പഠനത്തിന് രാമൻ പ്രഭാവം സഹായിക്കുന്നു എന്നതാണ് ഇതിന്റെ സുപ്രധാന പ്രയോജനം.

ഉടൻ തന്നെ ഇതിന്റെ വിശദാംശങ്ങളും സിദ്ധാന്തങ്ങളും എഴുതി ലോകശാസ്ത്രജ്ഞർക്ക് രാമൻ അയച്ചു കൊടുത്തു. 1928 ഫെബ്രുവരി 28-നാണ് ഈ കണ്ടുപിടുത്തം രാമൻ മാധ്യമങ്ങളെ ആദ്യമായി അറിയിച്ചത്.

ശാസ്ത്രലോകം നോബൽസമ്മാനം നൽകി രാമനെ ആദരിക്കുകയുണ്ടായി. 1933-ൽ ബാംഗ്ളൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ഡയറക്ടറും, ഫിസിക്സ് ഡിപ്പാർട്ട്മെന്റ് മേധാവിയുമായി രാമൻ നിയമിക്കപ്പെട്ടു. 1949-ൽ ബാംഗ്ളൂരിൽ രാമൻ ഇൻസ്റ്റിറ്റ്യൂട്ട് എന്ന ബൃഹത്തായ സ്ഥാപനം രൂപം കൊണ്ടു. ഭാരതീയ സംഗീതോപകരണങ്ങൾ, എക്സ്റേ വിഭംഗനം, മാഗ്നറ്റിസം, ക്രിസ്റ്റൽ ഭൗതികം, മാനറോളജി, അൾട്രാസോണിക്സ്, കോളോയിഡ് ഭൗതികം, പുഷ്പങ്ങളുടെ നിറം, കണ്ണുകളുടെ വർണ്ണഗ്രാഹ്യത, വജ്രത്തിന്റെ ഘടന തുടങ്ങിയവ രാമന്റെ ഗവേഷണ വിഷയങ്ങളാണ്.

ഗൗരവക്കാരനായ ഒരു ശാസ്ത്രജ്ഞനും, ധിഷണാശാലിയായ ഒരധ്യാപകനും എന്നതിലുപരി സി.വി. രാമൻ ഒരു സഹൃദയനും സരസനുമായിരുന്നു. 1970-നവംബർ 21-ന് അദ്ദേഹം ഈ ലോകത്തോടു വിട പറഞ്ഞു, തന്റെ കണ്ടുപിടുത്തങ്ങൾ ശാസ്ത്രലോകത്തിന് നൽകിക്കൊണ്ട്.



# പാരിസ്ഥിതിക സ്ത്രീസമത്വവാദം

## ഒരു വീക്ഷണം

**ബി. ഹരികുമാർ**

**പുരുഷകേന്ദ്രീകൃത സമൂഹത്തിൽ സ്ത്രീയും പ്രകൃതിയും ഒരുപോലെ പീഡനമനുഭവിക്കുന്നു എന്ന വീക്ഷണത്തെക്കുറിച്ച്.**

പി.ആർ. ശ്രീകുമാർ

മണ്ണ് വിണ്ണുമായി കൈകോർക്കുന്ന ഹിമാലയസാനുക്കളിലെ കൈലാസത്തിൽ, ശിവ പാർവതിമാർ ഒന്നായിരിക്കുന്നു; വാക്കും അർത്ഥവുമെന്നപോലെ...(കുമാരസംഭവം). ഈ ആലങ്കാരിക പ്രയോഗത്തിലൂടെ സഹസ്രാബ്ദങ്ങളായി തുടർന്നുവന്ന, ഇന്നും നിലനില്ക്കുന്ന, പുരുഷകേന്ദ്രീകൃത സാമൂഹിക വ്യവസ്ഥിതിക്കെതിരായ അഭിപ്രായമാണ് കാളിദാസൻ വെളിവാക്കുന്നത്.

'പുരുഷനിലാണ് ബ്രഹ്മാവ് പൂർണ്ണമായി ആവിഷ്കരിക്കപ്പെടുന്നത്; അതിനാൽ പ്രപഞ്ചത്തിലെ മറ്റെല്ലാ ദേഹങ്ങളിലും വച്ച് അത്യുൽകൃഷ്ടമാണത്' എന്ന ഐതരേയാരണ്യക വാക്യത്തിലൂന്നിയ ഇന്ത്യൻ പുരുഷ കേന്ദ്രീകൃത സാമൂഹിക സങ്കല്പത്തിനേറ്റ കനത്ത പ്രഹരമായിരുന്നു അത്. ഇവിടെ ശിവൻ പുരുഷനെയും പാർവതി സ്ത്രീയെയും (അതുവഴി പ്രകൃതിയെയും) പ്രതിനിധാനം ചെയ്യുന്നു. കാളിദാസൻ ഉപമിച്ചപോലെ, വാക്കിന് അർത്ഥത്തിൽ നിന്ന് വേറിട്ട് ഒരു അസ്തിത്വമില്ല എന്നതുപോലെ, പുരുഷന് സ്ത്രീയെയോ പ്രകൃതിയെയോ ഒഴിവാക്കിക്കൊണ്ട് ഒരു നിലനില്പില്ല എന്ന് സൂചിതം. അർദ്ധനാരീശ്വര സങ്കല്പം അതിന്റെ മൂർത്തഭാവവും.

ഇപ്രകാരം പ്രകൃതിയെയും സ്ത്രീയെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട്, പുരുഷകേന്ദ്രീകൃത സാമൂഹിക വ്യവസ്ഥ സ്ത്രീകൾക്കും കുട്ടികൾക്കും മറ്റെല്ലാ ജീവജാലങ്ങൾക്കും ദോഷകരമാണെന്ന് വാദിക്കുന്ന സിദ്ധാന്തമാണ് ഇക്കോഫെമിനിസം അഥവാ പാരിസ്ഥിതിക സ്ത്രീസമത്വവാദം.

ഫ്രാൻസിലെ പ്രസിദ്ധമായ ലാ ഫെമിനിസം മാസികയുടെ 1972-ൽ ഇറങ്ങിയ പതിപ്പിൽ ഫ്രാങ്കോ ഡോബോൺ ആദ്യമായി പ്രയോഗിച്ചതിനു ശേഷം പാരിസ്ഥിതിക സ്ത്രീസമത്വവാദത്തിന് അപരിമേയമായ വളർച്ചയാണ് കൈവന്നിട്ടുള്ളത്. റോസ്മേരി റാഡോൾഫ് റൂഥർ 1975-ൽ ഈ വിഷയത്തെ കുറിച്ച് പുസ്തകമെഴുതിയതോടെ അമേരിക്കയിലും ഈ പ്രസ്ഥാനം വേരുകളുറപ്പിക്കാൻ തുടങ്ങി.

സ്ത്രീയെ പ്രകൃതിയുമായും പുരുഷനെ സംസ്കാരവുമായും താദാത്മ്യപ്പെടുത്തുന്നത് വളരെ വ്യാപകവും പുരാതനവുമാണെന്ന് നരവംശപഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സാംസ്കാരിക രീതിയിൽ പ്രകൃതിയെ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു എന്നിടത്താണ് പ്രശ്നം തുടങ്ങുന്നത്. കാരണം, തന്നെക്കാൾ താഴെക്കിടയിലുള്ളതും വേറിട്ടതുമായ ഒന്നാണ് പ്രകൃതിയെന്ന് പുരുഷൻ കരുതി. സത്യവിരുദ്ധമായ ഈ സാംസ്കാരിക സിദ്ധാന്തത്തിന്റെ കാരണമെന്തായിരിക്കാം?

കുഞ്ഞിനെ പോറ്റുന്നവൾ എന്ന നിലയിൽ സ്ത്രീക്ക് ആദ്യകാല സമൂഹത്തിൽ കൂടുതൽ ഉത്പാദനപരവും സംരക്ഷണപരവുമായ ജോലികൾ ചെയ്യേണ്ടിവന്നു. കുഞ്ഞിനെ സംരക്ഷിക്കൽ, ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുകയും ഭക്ഷണം തയ്യാറാക്കുകയും ചെയ്യൽ, വസ്ത്രം, കലം തുടങ്ങിയ നിത്യോപയോഗ വസ്തുക്കൾ നിർമ്മിക്കൽ, ശുചിയാക്കൽ, മാലിന്യ നിർമാർജനം എന്നിവ അവളുടെ ഉത്തരവാദിത്തമായി. വിലമതിക്കപ്പെടുന്നതും കൂടുതൽ ശക്തി ആവശ്യമായതും വല്ലപ്പോഴും ഉള്ളതുമായ ജോലികൾ - യുദ്ധം, നിലം തയ്യാറാക്കൽ മുതലായവ - പുരുഷന്മാർ ചെയ്യുവാൻ തുടങ്ങി. ഇതിനാൽ ഇവർക്ക് ധാരാളം വിശ്രമസമയം ലഭിക്കുകയും ചെയ്തു. ഈ അവസരം തങ്ങളുടെ ഔന്നത്യം സ്ഥാപിക്കാനും സ്ത്രീകളുമായി ബന്ധപ്പെട്ട ജോലികളെ വില കുറച്ച് കാണിക്കുവാനും വിനിയോഗിച്ചു. ആദ്യകാലങ്ങളിൽ ജോലിത്തിരക്കുമൂലം സ്ത്രീകൾ ഈ നീക്കത്തെ പൂർണ്ണമായും അവഗണിച്ചു. എന്നാൽ, ക്രമേണ അവരാലും അംഗീകരിക്കപ്പെട്ടുകൊണ്ട് പുരുഷകേന്ദ്രീകൃത വീക്ഷണം വളരുകയായി.

പ്രകൃതിയുമായി നിരന്തര സമ്പർക്ക

മുള്ളവൾ സ്ത്രീയാണല്ലോ. വിറക് ശേഖരിക്കുന്നതിനും കുടിവെള്ളം സംഭരിക്കുന്നതിനും മറ്റുമായി പ്രകൃതിയെ ആശ്രയിക്കുകയും പകരം ജലവും വളവും സസ്യജാലങ്ങൾക്ക് നല്കുകയും ചെയ്യുന്നതിലൂടെ സ്ത്രീ പ്രകൃതിയുടെ ഭാഗമായി. ഇപ്രകാരമുള്ള സ്ത്രീയുടെ ഭൗതിക ജീവിതചര്യകളെ ഭൗതികലോകവുമായി ബന്ധിപ്പിച്ച്, പ്രകൃതിയെയും രണ്ടാംകിടയായി പുരുഷൻ കാണാൻ തുടങ്ങി. പ്രകൃതിയും സ്ത്രീയും സ്വന്തം ശക്തിയുപയോഗിച്ച് കീഴടക്കപ്പെടേണ്ടതും ഭരിക്കപ്പെടേണ്ടതുമാണെന്നും അല്ലാതെ നിലനില്പിന് ആശ്രയിക്കേണ്ടതല്ലെന്നുമായി. 'സ്വർണ്ണവും സ്ത്രീയും തല്ലുന്തോറും തിളങ്ങും (മെച്ചപ്പെടും)'; 'മണ്ണും പെണ്ണും സംരക്ഷിക്കുന്നതിനനുസരിച്ച് ഗുണംചെയ്യും' തുടങ്ങിയ ചൊല്ലുകൾ ഇത്തരം ചിന്താഗതിയിൽനിന്നും ഉരുത്തിരിഞ്ഞവയാണ്.

ഇതിനനുബന്ധമായാണ് മൃഗങ്ങളെ ഉപയോഗിച്ച് നിലം ഉഴൽ നിലവിൽ വന്നത്. വേട്ടയാടപ്പെട്ട വന്യജീവികൾക്ക് സ്വാതന്ത്ര്യം നിലനിർത്താനായി. വളർത്തുമൃഗങ്ങൾ മനുഷ്യകുടുംബത്തിലെ അംഗമായി. എന്നാൽ നുകംപേറുന്ന ജീവികൾ, ചാട്ടവാറാൽ നയിക്കപ്പെട്ടവ, മനുഷ്യനുമായി പുതിയൊരു ബന്ധം സ്ഥാപിച്ചു; അടിമത്തത്തിന്റെ! കൃഷിക്കാരനെന്ന സ്ഥാനം പുരുഷനായപ്പോൾ സ്വന്തം കൃഷിസ്ഥലമെന്ന ആശയം അവനുണ്ടായി.

മറ്റു വിഭാഗം മനുഷ്യരെ കടന്നാക്രമിച്ച് അടിമകളാക്കാൻ തുടങ്ങിയതോടെ പുതിയൊരു മനുഷ്യവിഭാഗത്തെ സൃഷ്ടിച്ചു. എതിർ വിഭാഗത്തിലെ പുരുഷന്മാരെ കൊല്ലുകയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും തൊഴിലെടുക്കാനും ലൈംഗികാവശ്യങ്ങൾക്കും വേണ്ടി അടിമകളാക്കാനും തുടങ്ങി. ക്രമേണ സ്ത്രീയുടെ അധ്വാനം അടിമത്തത്തിന്റെ പ്രതീകമായി. കുടുംബത്തിലെ സ്ത്രീകൾ, തടവിലാക്കപ്പെട്ട അടിമ സ്ത്രീകളെക്കാൾ 'ഉന്നതരായ' അടിമകളായും മാറി.

മതത്തെയും ഇതിനനുകൂലമാക്കി മാറ്റാൻ പുരുഷന് കഴിഞ്ഞു. വേദവാക്യങ്ങൾ തന്റെ അപ്രമാദിത്വം അടിവരയിട്ടുറപ്പിക്കുവാൻ അവൻ ആയുധമാക്കി. പഴയ നിയമത്തിലെ പ്രപഞ്ചോത്പത്തി വർണ്ണന ഉദാഹരണം. ഭൂമിയിലുള്ളതെല്ലാം മനുഷ്യന് അനുഭവിക്കാൻ ദൈവം ഒരുക്കിവച്ചതാണെന്ന മനുഷ്യകേന്ദ്രീകൃത ലോകസങ്കല്പം പടിഞ്ഞാറിന്റെ വേദമന്ത്രമായി. പ്രകൃതിവിഭവങ്ങളെ നിർദ്ദാക്ഷണ്യം ചൂഷണം ചെയ്യാനുള്ള ന്യായീകരണം ഇതായിരുന്നു. കാട് കയ്യേറി നശിപ്പിച്ചവരെ കർഷകരായും കർഷകത്തൊഴിലാളികളായും അധ്വാനവർഗമായും പരിഗണിച്ച് പ്രോത്സാഹനം നല്കി കേരളം വരൾച്ച പോലുള്ള കൊടിയ പ്രകൃതിദുരന്തങ്ങളിലേയ്ക്ക് നിപതിക്കുന്നത് സ്മരണീയം.

വ്യാവസായിക വിപ്ലവത്തോടെ പടർന്നു പന്തലിച്ച അപരിമേയ വികസനം ( infinite progress) പക്ഷേ, മൂന്നു നൂറ്റാണ്ടുകൾക്കിപ്പുറം ഒരു പേക്കിനാവായി മാറിയിരിക്കുകയാണ്. തിന്മയിൽ ഉയിർകൊണ്ട പാശ്ചാത്യ ശാസ്ത്ര, വ്യവസായ വിപ്ലവങ്ങൾക്ക് കുറച്ചുപേരെ സമ്പന്നരാക്കാനും പ്രകൃതിക്കും ബഹുഭൂരിപക്ഷം മനുഷ്യർക്കും കനത്ത ആഘാതങ്ങൾ ഏല്പിക്കുവാനുമേ കഴിഞ്ഞുള്ളൂ. കൊടിയ വരൾച്ചയായും വെള്ളപ്പൊക്കമായും പുതിയ പകർച്ചവ്യാധികളായും പ്രകൃതി തിരിച്ചടി തുടങ്ങിയപ്പോൾ പുതിയൊരു അവബോധത്തിന്റെ അവശ്യകത ബോധ്യപ്പെട്ടു.



ഭൂമിയിലെ വൈകിയെത്തിയ അതിഥികളാണ് നമ്മളെന്ന തിരിച്ചറിവ് അവിടെനിന്നാരംഭിക്കുന്നു. പ്രകൃതിക്ക് മനുഷ്യനില്ലാതെ കുറേക്കൂടി നന്നായി പ്രവർത്തിക്കാൻ കഴിയും. എന്നാൽ, മനുഷ്യനോ? പ്രകൃതിയുടെ ഭക്ഷ്യശൃംഖലയിൽ ഒരു പരാദമായി പറ്റിപ്പിടിച്ച് കൂടുതൽ കൂടുതൽ ഉപയോഗിക്കുകയും കുറച്ച് തിരിച്ചുനല്കുകയും ചെയ്യുന്നു.

പാരിസ്ഥിതിക സ്ത്രീസമത്വവാദമനുസരിച്ച് ദൈവം പുരുഷനോ മനുഷ്യരൂപമുള്ളതോ അല്ല; സകല ചരാചരങ്ങളുടെയും പ്രഭവസ്ഥാനമാണ്. ഇതനുസരിച്ച് ആണും പെണ്ണും തമ്മിലും, മനുഷ്യസമൂഹങ്ങൾ തമ്മിലും, മനുഷ്യനും മറ്റു ജീവികളും തമ്മിലും ആധിപത്യത്തിലധിഷ്ഠിതമായല്ല, മറിച്ച് പരസ്പരാശ്രയത്വത്തിലുള്ള ബന്ധമാണ് വേണ്ടത്. വെള്ളക്കാർക്ക് കറുത്തവരുടെ മേലും, ആണിന് പെണ്ണിന്റെ മേലും, മാനേജർക്ക് തൊഴിലാളിയുടെ മേലും, മനുഷ്യന് മൃഗങ്ങളുടെയും സസ്യങ്ങളുടെയും മേലുമുള്ള വംശീയവും ലിംഗപരവും വർഗ്ഗപരവും മനുഷ്യകേന്ദ്രീകൃതവുമായ അധീശത തള്ളിക്കളയേണ്ടതാണ്. മേൽപറഞ്ഞ ഓരോ ബന്ധത്തിലും മേൽകൈ നേടിയിരിക്കുന്ന വിഭാഗം യഥാർത്ഥത്തിൽ കൂടുതൽ ആശ്രയത്വമുള്ളവരാണ്!

ഈ ആശ്രയത്വം അംഗീകരിച്ചതുകൊണ്ടുമാത്രം പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. സ്ത്രീ, പുരുഷ, വർണ്ണ, വർഗ്ഗ പരസ്പരാശ്രയത്വം തന്നെ മാറ്റി എഴുതപ്പെടേണ്ടതുണ്ട്. പക്ഷേ, സ്ത്രീസമത്വവാദികൾ ആവശ്യപ്പെടുന്നതുപോലെ, സ്ത്രീക്കും പുരുഷൻ ചെയ്യുന്ന ജോലികൾ ചെയ്യാൻ അവസരമൊരുക്കലല്ല; മറിച്ച്, പുരുഷനെ സ്ത്രീ ചെയ്യുന്ന ജോലികളായ കുഞ്ഞിനെ വളർത്തൽ, വീട്ടുകാര്യം നോക്കൽ തുടങ്ങിയവയിൽ പങ്കെടുപ്പിക്കൽ കൂടെയാണ് അത്. (അല്ലാത്തപക്ഷം, സ്ത്രീക്കത് അധികജോലി നല്കൽ മാത്രമേ ആകുകയുള്ളൂ.) ഇതിലൂടെ പുരുഷന് പ്രകൃതിയെ അടുത്തറിയാൻ അവസരം കൈവരികയും പരസ്പരാശ്രയത്വത്തിന്റെ ആവശ്യകത മനസ്സിലാകുകയും തദ്വാരാ പ്രകൃതിയോടുള്ള സമീപനത്തിൽ മാറ്റം വരികയും ചെയ്യും.



പി.ആർ. ശ്രീകുമാർ

ചുരുക്കത്തിൽ, സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള മേൽവിവരിച്ച വിധത്തിലുള്ള പരസ്പരബന്ധിതമായ ആധിപത്യത്തിലേയ്ക്ക് ശ്രദ്ധ കൊണ്ടുവരുവാനുള്ള ഒരു ആഗോളപ്രതിഭാസമായി പാരിസ്ഥിതിക സ്ത്രീസമത്വവാദത്തെ കാണാം. സ്ത്രീയെയും പ്രകൃതിയെയും അടിച്ചമർത്താൻ സഹായകമായ സാമൂഹികവും രാഷ്ട്രീയവുമായ വ്യവസ്ഥകൾ മാറ്റുകയെന്നതാണ് ഇവർ ലക്ഷ്യമിടുന്നത്. പ്രതിരോധം, സൃഷ്ട്യുന്മുഖത, പ്രതീക്ഷ എന്നിവയുടെ സംയോജനമാണ് അത്.

പ്രകൃതിക്കേല്ക്കുന്ന മുറിവുകൾ സ്വന്തം വേദനകളായി ഉൾക്കൊള്ളാൻ ഇക്കോഫെമിനിസ്റ്റുകൾക്ക് കഴിയുന്നു. എന്നാൽ, പ്രത്യക്ഷത്തിൽ പ്രകൃതിയെ ആശ്രയിക്കാത്ത, അതിന്മേൽ അധീശത്വത്തിലൂന്നിയ ബന്ധം ആഗ്രഹിക്കുന്ന, പുരുഷനെക്കൂടി ഉന്നതമായ ഈ മാനസിക നിലയിലേയ്ക്ക് എത്തിക്കുവാൻ കഴിയുന്നിടത്താണ് ശതകോടികളായ ഇന്ത്യൻ ഗ്രാമീണ സ്ത്രീകളുടെ യഥാർത്ഥ സ്വാതന്ത്ര്യപ്രാപ്തി. ●

ഐശ്വര്യത്തിന്റെ പ്രതീകമായി മാനവരാശി അംഗീകരിക്കുന്ന ഒന്നാണ് വിളക്കുകൾ. കൽവിളക്കുകൾ, മൺവിളക്കുകൾ, ഓട്ടുവിളക്കുകൾ, ഇരുമ്പുവിളക്കുകൾ, വെള്ളിവിളക്കുകൾ, സ്വർണ വിളക്കുകൾ എന്നിങ്ങനെ വിവിധ നിർമ്മാണവസ്തുക്കളുടെ പേരിൽ വിളക്കുകൾ അറിയപ്പെടുന്നുണ്ട്. നിലവിളക്ക്, കൊടിവിളക്ക്, ആലുവിളക്ക്, കൈവിളക്ക്, ഗണപതി വിളക്ക്, തട്ടുവിളക്ക്, തൂക്കുവിളക്ക് തുടങ്ങി നിർമ്മാണ വ്യത്യാസത്തിന്റെ പേരിലും ഇവ പ്രശസ്തങ്ങളാണ്.

കേരളത്തിലങ്ങോളമിങ്ങോളമുള്ള പഞ്ചലോഹ ശില്പികളിൽ നല്ലൊരു വിഭാഗം വിളക്കുനിർമ്മാണത്തിൽ ഏർപ്പെട്ടുവരുന്നുണ്ട്. ഈ വിളക്കുകളെല്ലാം നിർമ്മാതാക്കളുടെ തഴക്കവഴക്കങ്ങളും നിർമ്മാണ വൈദഗ്ധ്യവും സൗന്ദര്യാത്മക ബോധവും വിളിച്ചോതുന്നവയാണ്. ഈ ഘടകങ്ങൾ ചില നൂതന സൃഷ്ടിക്ക് പ്രേരിപ്പിച്ചെന്നതിന്റെ ഉത്തമോദാഹരണമാണ് ലക്ഷ്മി വിളക്ക് എന്ന പേരിലറിയപ്പെടുന്ന തൂക്കുവിളക്ക്. ഇന്ന് പലരും ലക്ഷ്മിവിളക്ക് നിർമ്മിച്ചുവരുന്നുണ്ടെങ്കിലും ഇതിനു രൂപകല്പന നല്കിയത് പയ്യന്നൂർ പടോളിയിൽ ജീവിച്ചിരുന്ന ഉണ്ടക്കൻ എന്ന വ്യക്തിയുടെ പൂർവികരാണ്. ഇവരുടെ പ്രഥമ വാസസ്ഥാനം ചെറുതാഴത്തായിരുന്നു. ഉണ്ടക്കന്റെ മകൻ കൊവ്വൽ പടോളി കണ്ണനെ പിൻതുടർന്ന് അദ്ദേഹത്തിന്റെ മകൻ കൊവ്വൽ പടോളി കൃഷ്ണൻ ഇന്ന് ഇത് വ്യാപകമായി നിർമ്മിച്ചുവരുന്നുണ്ട്. വടക്കൻ കൊവ്വലിലെ (മൂശാരി കൊവ്വൽ - കുഞ്ഞിമംഗലം) മൂശാരിമാരും ലക്ഷ്മിവിളക്ക് ഉണ്ടാക്കാറുണ്ട്.

ഐശ്വര്യത്തിന്റെയും ആഢ്യത്വത്തിന്റെയും പ്രതീകമായ

**എല്ലാ വിളക്കുകളും ഐശ്വര്യത്തിന്റെ പ്രതീകമാണ്. ചീയോതി വിളക്കെന്നറിയപ്പെടുന്ന ലക്ഷ്മി വിളക്ക് ആഢ്യത്വത്തിന്റെ ചിഹ്നം കൂടിയാണ്. ഇതിന്റെ രൂപകല്പനയ്ക്ക് പിന്നിൽ ...............**

# ഐശ്വര്യത്തിന്റെ

**എം.വി. ലളിതാംബിക**



ലക്ഷ്മിവിളക്ക് ആദ്യകാലഘട്ടത്തിൽ കാവുകളിലും ക്ഷേത്രങ്ങളിലും ധനാഢ്യരുടെ വസതികളിലും മാത്രമാണ് ദർശിക്കാൻ കഴിഞ്ഞിരുന്നത്. എന്നാൽ ഇന്ന് മിക്ക ഹൈന്ദവ ഗൃഹങ്ങളിലും പടിഞ്ഞാറ്റകത്ത് ലക്ഷ്മിവിളക്ക് തെളിയിക്കുന്നതായി കാണാം. ഇത് ഭവനത്തിന്റെ ഉന്നതിക്ക് വഴി തെളിക്കുമെന്ന് അവർ വിശ്വസിക്കുന്നു. ഇവർ മറ്റെന്തിനെക്കാളും ലക്ഷ്മിവിളക്കിന് വില കല്പിച്ചുപോന്നിരുന്നു. ചീയോതി വിളക്ക് (ചീയോതി - ചീവോതി - ശ്രീഭഗവതി) എന്നാണ് ഇതിന്റെ നാടൻ ഭാഷ്യം.

കോറോത്തു കുടക്കൽ കുഞ്ഞിക്കണ്ണൻ എന്ന ഒരു വീരപുരുഷനെക്കുറിച്ചുള്ള വടക്കൻപാട്ടു കഥയിൽ ചീയോതി (ശ്രീഭഗവതി) വിളക്കിനെക്കുറിച്ച് പരാമർശം കാണുന്നു. കുഞ്ഞിക്കണ്ണൻ പട ജയിച്ച് വന്നപ്പോൾ ചിറയ്ക്കൽ തമ്പുരാൻ 'നാടും അർത്ഥവും' പാതി നല്കാൻ പോലും തയ്യാറായി. പക്ഷേ, അതൊന്നും തനിക്ക് വേണ്ടെന്നും പള്ളിയറയ്ക്കകത്തുള്ള വിശേഷപ്പെട്ട ചീയോതിവിളക്ക് തരേണമെന്നുമാണ് കുഞ്ഞിക്കണ്ണൻ പറഞ്ഞത്. നാടും അർത്ഥവും പാതി ലഭിക്കുന്നതിനെക്കാൾ ഐശ്വര്യം ഈ ഒരു വിളക്കുമൂലം ലഭിക്കുമെന്ന് മുൻകാലങ്ങളിൽ വിശ്വസിച്ചിരുന്നുവെന്നതിന്റെ സൂചനയാണിത്. വിളക്കുമായി കോറോത്തു കുടക്കലെത്തിയ കുഞ്ഞിക്കണ്ണൻ പടിഞ്ഞാറ്റകത്ത് വിളക്കുമായി ചെന്നു.

'പടിഞ്ഞാറ്റ്യാത്തേയ്ക്ക് കൊണ്ടുപോയി
തൂക്കുവിളക്കിന്റരികത്തല്ലേ
ചീയോതി വിളക്കാത ഒപ്പിക്ക്ന്ന്'

എന്നിങ്ങനെ ആ വസ്തുത പാട്ടിൽ പരാമർശിച്ചിട്ടുണ്ട്.

വിഗ്രഹങ്ങളെ വാർക്കുമ്പോഴുള്ള പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് ലക്ഷ്മിവിളക്കിലെ ലക്ഷ്മീരൂപം നിർമ്മിക്കുന്നത്.

'യാസാ പത്മാസനസ്ഥാ വിപുലകടിതടീ,

പത്മപത്രായതാക്ഷീ,
ഗംഭീരാവർത്ത നാഭീ, സ്തനഭരനമിതാ,
ചാരു ശുദ്രോത്തരീയാ
ലക്ഷ്മീ ദി വ്യൈർഗ്ഗജേന്ദ്രൈർ മണിഗണഖചിതൈഃ
സ്നാവിതാ ഹേമകുംഭൈർ-
നിത്യം സാപത്മ ഹസ്താ മമവസ്തു ഗൃഹേ
സർവമംഗല്യയുക്താ'

എന്ന ധ്യാനശ്ലോകം മഹാലക്ഷ്മിയുടെ ആസനം (വാഹനം), വസ്ത്രാലങ്കാരങ്ങൾ, ആയുധങ്ങൾ തുടങ്ങിയ സകലകാര്യങ്ങളും വിശദമാക്കുന്ന രൂപചിത്രീകരണമാണ്. ഇതിൽ വർണിക്കുന്ന രൂപമായിരിക്കണം ശില്പിയുടെ മനസ്സിലുറച്ച് വിഗ്രഹമായി മാറേണ്ടത്.

വളരെയേറെ ഏകാഗ്രതയോടെയും ശ്രദ്ധയോടെയും ചെയ്യേണ്ടുന്ന ഒരു തൊഴിലാണിത്. ചെറിയൊരശ്രദ്ധയോ നോട്ടക്കുറവോ പറ്റിയാൽ അതുവരെ ചെയ്ത അധ്വാനഫലം നഷ്ടമാകും.

'ആശാരി മൂശാരി മൂശയ്ക്കിരിക്കുമ്പോൾ
കോണകവാലിന് ചേരകേറി' എന്ന ചൊല്ല് ഈ തൊഴിൽ കൂട്ടായ്മയിൽ ഉണ്ടായിരിക്കേണ്ട ഏകാഗ്രതയെയും ശ്രദ്ധയെയുമാണ് ചൂണ്ടിക്കാണിക്കുന്നത്.

# ചീയോതി

ലക്ഷ്മിവിളക്ക് ഉണ്ടാക്കുന്നതിന് ആദ്യമായി ലക്ഷ്മീരൂപം, പ്രഭ, ആനകളുടെ രൂപം, ചങ്ങല എന്നിവ മെഴുകു കൊണ്ട് ഉണ്ടാക്കുന്നു. ഈ മെഴുകുരൂപങ്ങൾക്കു മീതെ നല്ല പശിമയും മിനുസവുമുള്ള മണ്ണ് കുഴച്ചു തേക്കുന്നു. ഈ മണ്ണിന് മൂവംപുറത്തെ മണ്ണ് എന്നാണ് പറയുന്നത്. ഇത് തണലത്തു വെച്ച് ഉണക്കിയ ശേഷം അല്പം മിനുസം കുറഞ്ഞ, പരുമണ്ണ് എന്നറിയപ്പെടുന്ന മണ്ണുതേച്ച്, ഉണക്കുന്നു. ഏറ്റവും പുറമെ മാടോട്മണ്ണിൽ ചാക്കു മുറിച്ചിട്ട് അരച്ചെടുത്തത് തേയ്ക്കുന്നു. മാടോട്, കരുവോട്, മൂശ പൊളിച്ചത് എന്നിവ പൊടിച്ചാണ് മാടോടുമണ്ണ് ഉണ്ടാക്കുന്നത്. ഇത് ഉണക്കിയശേഷം പൊട്ടിപ്പോകാതിരിക്കാൻ ഇരുമ്പുപട്ട വെച്ച് ഉറപ്പിക്കുന്നു. മണ്ണ് തേക്കുമ്പോൾ ഒരു ഭാഗത്ത് ഒരു ദ്വാരം ഉണ്ടാക്കിയിരിക്കണം. ഈ ദ്വാരം അസ്ത്രക്കാല് എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ അസ്ത്രക്കാലിന്റെ ഭാഗം അല്പാല്പമായി ചൂടാക്കി മെഴുക് നിശ്ശേഷം ഉരുക്കിക്കളയുകയാണ് പിന്നീട് ചെയ്യുന്നത്.

വിളക്കു നിർമ്മാണത്തിനാവശ്യമായ ഓട് മണ്ണിന്റെ മൂശയിലിട്ട് തീയിൽ വെച്ച് ഉരുക്കണം. ഇത് ഉരുക്കുന്നതിന് വൃത്താകൃതിയിൽ ചുറ്റും മൂടപ്പെട്ട അടുപ്പാണ് ഉപയോഗിക്കുന്നത്. ഈ അടുപ്പിന് 'പെയ്യുന്ന കല്ല്' എന്നാണ് പേര്. കൈകൊണ്ട് തിരിക്കുന്ന ചെറിയ യന്ത്രത്തിൽനിന്നും ഇരുമ്പു പൈപ്പുവഴിയാണ് അടുപ്പിലേയ്ക്ക് കാറ്റ് എത്തിക്കുന്നത്. മൂശ അടുപ്പിലേയ്ക്കിറക്കിവെച്ച് ചുറ്റും മരക്കരി നിറച്ചാണ് തീ കൂട്ടുന്നത്. ഓട് നന്നായി ഉരുകിക്കഴിഞ്ഞാൽ തീജ്വാലകൾക്ക് നീല നിറമുണ്ടാകും. അപ്പോൾ മാത്രമേ ഇത് ഉപയോഗപ്രദമായ അവസ്ഥയിലെത്തുകയുള്ളു.

മണ്ണുകൊണ്ടുണ്ടാക്കിയ അച്ച് (കരുവോട്) ഒല(ഉല)യിൽ വെച്ച് ശരിയായി പഴുപ്പിച്ച ശേഷം മണലിൽ അസ്ത്രക്കാൽ പുറത്തുകാണത്തക്കവിധം താഴ്ത്തിവയ്ക്കുന്നു. പിന്നീട് ഉരുക്കി പാകപ്പെടുത്തിയ ഓട് അസ്ത്രക്കാലിലൂടെ ഒഴിക്കുന്നു. ഇടയ്ക്കിടയ്ക്ക് പൂഴി നനച്ചു കൊടുക്കണം. അരമണിക്കൂർ കഴിഞ്ഞാൽ അതെടുത്ത് നന്നായി വെള്ളമൊഴിച്ച് തണുപ്പിച്ചശേഷം കരുവോട് (മണ്ണിന്റെ അച്ച്) പൊട്ടിച്ച് ഓട്ടുരൂപം പുറത്തെടുക്കുന്നു. ഇത് പ്രത്യേകം തയ്യാറാക്കിയ അരംകൊണ്ടും ഉളികൊണ്ടും രാകി മിനുസപ്പെടുത്തുന്നു. ഇപ്പോൾ എമരിക്ലോത്തുപയോഗിച്ചും മിനുസപ്പെടുത്താറുണ്ട്. ഇങ്ങനെ മിനുസപ്പെടുത്തി നിറം വരുത്തിയവ ഉപയോഗിക്കാവുന്ന രൂപത്തിലുള്ളതാണ്.

വിളക്കിന്റെ പീഠവും തട്ടും വട്ടക്കണ്ണിയും പ്രത്യേകം അച്ചിൽ വാർത്തെടുക്കുകയാണ് ചെയ്യുന്നത്. ചെറിയ ലക്ഷ്മിവിളക്കുണ്ടാക്കുമ്പോൾ ലക്ഷ്മീരൂപവും അച്ചിൽ വാർത്തെടുക്കാറുണ്ട്. വിളക്കിന്റെ ചങ്ങലക്കണ്ണികൾ അച്ചിൽ വാർത്തെടുത്ത് പരസ്പരം യോജിപ്പിക്കാറുമുണ്ട്. അച്ച് ഉറപ്പിക്കുന്നതിന് പ്രത്യേകം പെട്ടിയുണ്ട്. വെള്ളം തളിച്ച് കുതിർത്ത കരിമണ്ണ് ഈ പെട്ടിയിൽ ഇട്ട് അതിലേയ്ക്ക് അച്ച് ഇറക്കിവച്ച് കരിമണ്ണിട്ടു മൂടിയശേഷം ചവിട്ടി ഉറപ്പിക്കുന്നു. പിന്നീട് അതിന്റെ മുകൾഭാഗം നിരപ്പാക്കുകയും അവിടെ അസ്ത്രക്കാൽ നിർമ്മിക്കുകയും ചെയ്യും. കരുവോടിന്റെ പൊട്ടിയ കഷണങ്ങൾ പൊടിച്ചു മിനുസപ്പെടുത്തിയാണ് കരിമണ്ണുണ്ടാക്കുന്നത്. അച്ച് പതുക്കെ പുറത്തെടുത്തശേഷം അസ്ത്രക്കാലിലൂടെ ഉരുക്കിയ ഓട് ഒഴിച്ച് മണ്ണ് മാറ്റിയാൽ ഓടുരൂപം വാർന്നു കിട്ടും. ഇതും ആദ്യത്തേതുപോലെ രാകി മിനുസപ്പെടുത്തണം.

> **കുഞ്ഞിക്കണ്ണൻ പട ജയിച്ച് വന്നപ്പോൾ ചിറയ്ക്കൽ തമ്പുരാൻ നാടും അർത്ഥവും പാതി നല്കാൻ പോലും തയ്യാറായി. പക്ഷേ, അതൊന്നും തനിക്ക് വേണ്ടെന്നും പള്ളിയറയ്ക്കകത്തുള്ള വിശേഷപ്പെട്ട ചീയോതി വിളക്ക് തരേണമെന്നുമാണ് കുഞ്ഞിക്കണ്ണൻ പറഞ്ഞത്.**

മകരപ്പക്ഷികളുടെ രൂപങ്ങളോടുകൂടിയ, ആർച്ച് ആകൃതിയിലുള്ള പ്രഭയുടെ അടിവശത്ത് വ്യാളീരൂപവും ഉണ്ടാകും. ഈ പ്രഭയുടെ അറ്റം വിളക്കുതട്ടോടുകൂടിയ പീഠത്തിന്റെ ഇരുവശങ്ങളിലുമുള്ള കുഴികളിലേയ്ക്കിറക്കുന്നു. പിന്നീട് ലക്ഷ്മീരൂപവും ആനകളുടെ രൂപവും വട്ടക്കണ്ണിയും ചങ്ങലക്കണ്ണികളും പരസ്പരം യോജിപ്പിച്ച് പീഠവും പ്രഭയുമായി ബന്ധിപ്പിക്കുന്നു. ചില ലക്ഷ്മിവിളക്കുകൾക്ക് പ്രഭയുടെ മുകൾവശത്ത് വട്ടക്കണ്ണിയോടു ചേരുന്ന ഭാഗത്ത് കിംപുരുഷന്റെ രൂപവും ഉണ്ടാകാറുണ്ട്.

പയ്യന്നൂരിലെയും കുഞ്ഞിമംഗലം വടക്കൻകൊവ്വലിലെയും മൂശാരിമാർ ലക്ഷ്മിവിളക്കുപോലെ ഗണപതീരൂപമുള്ളതും അയ്യപ്പരൂപമുള്ളതുമായ വിളക്കുകളും നിർമ്മിക്കുന്നുണ്ട്. ഗണപതിയുടെ രൂപമുള്ള വിളക്കിന് ഗണപതിയുടെ വാഹനമായ എലിയാണ് ആനകൾക്കു പകരമായി ഉണ്ടാവുക. അയ്യപ്പരൂപമുള്ളതിന് ഇരുവശവും പുലിയെയാണ് നിർമ്മിക്കുന്നത്. പുലിപ്പുറത്തിരുന്നു കൊണ്ടുള്ള അയ്യപ്പരൂപത്തിലാണ് അയ്യപ്പവിളക്ക് നിർമ്മിക്കുന്നത്. ഇന്ന് ഏറെ പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന ലക്ഷ്മിവിളക്കിന് ആവശ്യക്കാർ കൂടി വരികയാണ്. ആവശ്യക്കാരുടെ നിർദ്ദേശാനുസരണമുള്ള തൂക്കത്തിലും വലുപ്പത്തിലും അവർ വിളക്ക് നിർമ്മിച്ചു കൊടുക്കും. വിവിധതരം വിളക്കുകൾക്ക് പുറമെ ഉരുളി, പൂജാസാമഗ്രികൾ, മറ്റ് ഓട്ടുപാത്രങ്ങൾ തുടങ്ങിയവയും അവർ വാർത്തെടുക്കുന്നുണ്ട്.



**സൈനിക സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധവും വ്യത്യസ്തവുമായ വശങ്ങളാണ് ഇവിടെ.**

**ഇനി വരുന്ന ജനുവരി 9 ന് സൈനിക സ്കൂളിലേക്കുള്ള പ്രവേശനപരീക്ഷ നടക്കാനിരിക്കുകയാണ്.**

**പി. കെ. ശങ്കരൻകുട്ടി**

# ഉന്നതശ്രേണിയിലേക്ക

അച്ചടക്കവും കായികശക്തിയും മേധാശക്തിയും ഒരേ സമയം പ്രദാനം ചെയ്യുന്നതും തികച്ചും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസരീതിയാണ് സൈനികസ്കൂളുകളുടേത്. വിദ്യാഭ്യാസത്തിലൂടെ ഉന്നത ശ്രേണികളിലേക്ക് പറന്നുയരാൻ സൈനിക സ്കൂൾ വിദ്യാഭ്യാസം സഹായകമാവുന്നു. സൈനിക സ്കൂൾ എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് മുൻ കേന്ദ്ര പ്രതിരോധ മന്ത്രിയും ലോകപ്രസിദ്ധനുമായ വി. കെ. കൃഷ്ണമേനോനാണ്. പ്രതിരോധസേനയിലേക്ക് വിവിധ സംസ്ഥാനങ്ങളിൽ നിന്നും അച്ചടക്കവും ആരോഗ്യവും ബുദ്ധിശക്തിയും കഴിവുമുള്ള ചെറുപ്പക്കാരെ ഓഫീസർ പദവികളിലേക്ക് വാർത്തെടുക്കുകയാണ് സൈനിക സ്കൂളുകളുടെ സ്ഥാപനോദ്ദേശ്യം. 1961-ൽ ഇന്ത്യയിൽ 18 സംസ്ഥാനങ്ങളിൽ സ്കൂളുകൾ നിലവിൽ വന്നു. കേരളത്തിലെ സ്കൂൾ തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടത്തു സ്ഥിതി ചെയ്യുന്നു. 300 ഏക്കർ വിസ്തൃതിയുള്ള വിശാലമായ കോമ്പൗണ്ടാണ് ഈ സ്കൂളിനുള്ളത്. ഡൽഹിയിലെ സെൻട്രൽ സ്കൂൾ ഓഫ് സെക്കന്ററി എഡ്യുക്കേഷന്റെ സിലബസിനെ ആധാരമാക്കിയുള്ള 10 + 2 വിദ്യാഭ്യാസ സമ്പ്രദായമാണ് സൈനിക സ്കൂളുകളുടേത്. പഠിത്തത്തോടൊപ്പം കായികാഭ്യാസത്തിനും പ്രാധാന്യം നൽകുന്ന ഇവിടെ പാഠ്യേതരവിഷയങ്ങളിൽ കുട്ടികൾക്ക് അഭിരുചി വളർത്താനും അവരുടെ കഴിവുകൾ ഉയർത്തിയെടുക്കാനും മറ്റു മേഖലകളിൽ അവബോധം വളർത്താനും പ്രത്യേകം ശ്രദ്ധിച്ചു പോരുന്നു.

ആറാം ക്ളാസ്സിലേക്കും ഒൻപതാം ക്ളാസ്സിലേക്കുമാണ് പ്രവേശനം അനുവദിച്ചിട്ടുള്ളത്. ആൺകുട്ടികൾക്ക് മാത്രമാണ് പ്രവേശനം. ജൂലൈ ഒന്നാം തീയതി പത്തിനും പതിനൊന്നിനും ഇടയ്ക്കു പ്രായമുള്ളവർക്ക് ആറാം ക്ളാസ്സിലേക്കും പതിമൂന്നിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ളവർക്ക് ഒൻപതാം ക്ളാസ്സിലേക്കും പ്രവേശനം തേടാം. വിദ്യാർത്ഥികൾ പഠനകേന്ദ്രത്തിൽ തന്നെ താമസിച്ചു പഠിക്കുന്ന റസിഡൻഷ്യൽ വിദ്യാഭ്യാസ സമ്പ്രദായമാണ് സൈനിക സ്കൂളുകളുടേത്.

ആകെ ഒഴിവുകളിൽ 67% സ്കൂൾ സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കി വച്ചിരിക്കുന്നു. ബാക്കി 33% അന്യ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്കാണ്. ഒഴിവുകളുടെ 15% പട്ടിക ജാതിക്കാർക്കും 7.5% പട്ടികവർഗ്ഗക്കാർക്കും 25% പ്രതിരോധസേനാംഗങ്ങളുടെയും വിമുക്തഭടന്മാരുടെയും മക്കൾക്കുമായി സംവരണം ചെയ്തിട്ടുണ്ട്. മത്സരപരീക്ഷയിലൂടെയാണ് അഡ്മിഷന് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. മത്സര പരീക്ഷയിൽ വിജയിച്ചാൽ ഇന്റർവ്യൂവും വൈദ്യപരിശോധനയും നടത്തും. അവയിലും വിജയികളായാൽ അഡ്മിഷൻ ലഭിക്കും. ആറാം ക്ളാസ്സിലേക്കുള്ള പ്രവേശന പരീക്ഷയിൽ കണക്കു പരീക്ഷ കൂടാതെ ഭാഷാപ്രാവീണ്യ പരീക്ഷയും ബുദ്ധി പരീക്ഷയും ഉണ്ടാകും. ഒൻപതാം ക്ളാസ്സിലേക്ക് കണക്ക്, സയൻസ്, ഇംഗ്ളീഷ്,



# ാരു ചവിട്ടുപടി

സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങളിലാണ് പ്രവേശന പരീക്ഷ. ഇംഗ്ലീഷിലോ ഹിന്ദിയിലോ മലയാളത്തിലോ പ്രവേശന പരീക്ഷ എഴുതാം.

പ്രതിരോധ സേനയിൽ നിന്നുള്ള മൂന്ന് ഉയർന്ന ഉദ്യോഗസ്ഥർക്കാണ് സ്കൂൾ നിടത്തിപ്പിന്റെ ചുമതല. പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, രജിസ്ട്രാർ എന്നീ തസ്തികകളിലാണ് അവർ സേവനമനുഷ്ഠിക്കുന്നത്. പ്രതിരോധ മന്ത്രി ചെയർമാനും അതതു സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രി അഥവാ വിദ്യാഭ്യാസ മന്ത്രി അംഗവുമായിട്ടുള്ള ഒരു സ്വയംഭരണ സമിതിയ്ക്കാണ് സ്കൂളിന്റെ ഭരണച്ചുമതല. സൈനിക സ്കൂളിലെ വിദ്യാർത്ഥികളുടെ അംഗസംഖ്യ 600 ആണ്. ഒരു സ്കൂൾവർഷത്തിൽ മൂന്നു സെഷൻ ഉണ്ടായിരിക്കും. ജൂൺ മുതൽ സെപ്റ്റംബർ വരെയാണ് ആദ്യ സെഷൻ. സെപ്റ്റംബർ മുതൽ ഡിസംബർ വരെ രണ്ടാം സെഷനും ജനുവരി മുതൽ ഏപ്രിൽ വരെ മൂന്നാം സെഷനുമാണുള്ളത്. ഏപ്രിൽ മേയ് മാസങ്ങളിൽ 50 ദിവസം നീണ്ടു നിൽക്കുന്ന മദ്ധ്യവേനലവധിക്കാലമാണ്.

ആറാം ക്ളാസ്സുമുതൽ എട്ടാം ക്ളാസ്സുവരെയുള്ള പഠനത്തിൽ ഭാഷാപഠനത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. ഒന്നാം ഭാഷയായി ഇംഗ്ലീഷും, രണ്ടാം ഭാഷയായി ഹിന്ദിയും, മൂന്നാം ഭാഷയായി മലയാളവും പഠിക്കാം. ഒൻപത് പത്ത് ക്ളാസ്സുകളിൽ ഇംഗ്ലീഷ്, ഹിന്ദി, മലയാളം, മാത്തമാറ്റിക്സ്, സോഷ്യൽസയൻസ്, ജനറൽ സയൻസ്, വർക്ക് എക്സ്പീരിയൻസ് എന്നീ വിഷയങ്ങളാണുള്ളത്. പതിനൊന്ന് പന്ത്രണ്ട് ക്ളാസ്സുകളിൽ ഒന്നാം ഭാഷയായ ഇംഗ്ലീഷുമാത്രമേ ഭാഷാ പഠനത്തിനായി അനുവദിച്ചിട്ടുള്ളു. ഇംഗ്ലീഷ് കൂടാതെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, കമ്പ്യൂട്ടർ സയൻസ് എന്നിവയാണ് ഈ ക്ളാസ്സുകളിലെ പാഠ്യവിഷയങ്ങൾ. മൂന്നു സെഷനുകളിലും കുട്ടിയുടെ പഠനം വിലയിരുത്താൻ പരീക്ഷ നടത്തി രക്ഷകർത്താക്കൾക്ക് പ്രോഗ്രസ് റിപ്പോർട്ടു നൽകും. പഠിക്കാൻ മോശമായ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് നൽകി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ അദ്ധ്യാപകർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

പത്താം ക്ളാസ്സ് പൂർത്തിയാക്കുന്നവർക്ക് അഖിലേന്ത്യാ സെക്കന്ററി സ്കൂൾ പരീക്ഷയും പന്ത്രണ്ടാം ക്ളാസ്സ് പൂർത്തിയാക്കുന്നവർക്ക് സീനിയർ സെക്കന്ററി സ്കൂൾ പരീക്ഷയും എഴുതാം. കൂടാതെ പ്രതിരോധസേനയിലേക്ക് ആഫീസർമാരെ തെരഞ്ഞെടുക്കുന്നതിന് നാഷണൽ ഡിഫൻസ് അക്കാദമിയിലേക്കുള്ള പ്രവേശന പരീക്ഷ എഴുതാനും കുട്ടികളെ സജ്ജരാക്കുന്നുണ്ട്. യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഈ പരീക്ഷയ്ക്കുവേണ്ടി പതിനൊന്നാം ക്ളാസ്സുമുതൽ തന്നെ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് അനുവദിച്ചിട്ടുണ്ട്. പന്ത്രണ്ടാം ക്ളാസ്സ് വിദ്യാർത്ഥികളാണ് പ്ളസ്ടൂ പരീക്ഷയ്ക്കൊപ്പം ഈ പരീക്ഷയും എഴുതുന്നത്. എൻ. ഡി. എ. പരീക്ഷയിൽ വിജയികളാകുന്നവരെ കടകവസലയിലെ നാഷണൽ ഡിഫൻസ് അക്കാദമിയിലെ മൂന്നു വർഷത്തെ പഠനത്തിനു ശേഷം കര-നാവിക-വ്യോമ സേനകളിലെ ആഫീസർമാരായി നിയമിക്കും. പത്താം ക്ളാസ്സ്, പ്ളസ്ടൂ പരീക്ഷകളിൽ കഴക്കൂട്ടം സൈനിക സ്കൂളിന് എല്ലാ വർഷവും 100% വിജയമാണ് ലഭിച്ചിട്ടുള്ളത്. ഇന്ത്യയിലെ ഏറ്റവും നല്ല സൈനിക സ്കൂൾ എന്ന ബഹുമതി ഈ സ്കൂളിന് പത്തിലധികം തവണ ലഭിച്ചിട്ടുണ്ട്. ഓരോ വർഷവും നാഷണൽ ഡിഫൻസ് അക്കാദമിയിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. പ്രതിരോധ സേനയിലെ ഓഫീസർ പദവികളിലേക്ക് പ്രവേശനം ലഭിക്കാത്തവർക്കും അവയിൽ താത്പര്യമില്ലാത്തവർക്കും എൻട്രൻസ് പരീക്ഷയിലൂടെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്കോ ഇതരവിഷയങ്ങളിലെ ബിരുദ കോഴ്സുകളിലേക്കോ അഭിരുചിക്കനുസരിച്ച് പഠിക്കാവുന്നതാണ്. മറ്റ് സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി പാഠ്യവിഷയങ്ങളിലും പാഠ്യേതരവിഷയങ്ങളിലും പ്രാവീണ്യം നേടി വരുന്ന സൈനിക സ്കൂൾ വിദ്യാർത്ഥികൾ ഒരു മേഖലയിലും പിൻതള്ളപ്പെടാറില്ല. ഡോക്ടർ, എൻജിനീയർ, ശാസ്ത്രജ്ഞർ, കോളേജ് അധ്യാപകർ, ഓഫീസർമാർ, ഉന്നത മാനേജീരിയൽ ഉദ്യോഗസ്ഥർ തുടങ്ങിയുള്ള ഉന്നതശ്രേണികളിലേക്ക് സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് അനായാസം കടന്നു ചെല്ലാൻ കഴിയും. സൈനിക സ്കൂളിലെ പൂർവ വിദ്യാർത്ഥികളുടെ ബയോഡാറ്റ പരിശോധിച്ചാൽ ഇക്കാര്യം

ബോധ്യമാകും.

വിദ്യാർത്ഥികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിൽ പ്രത്യേകശ്രദ്ധയാണ് സൈനിക സ്കൂളുകൾ ചെലുത്തുന്നത്. സ്കൂളിൽ മികച്ച ലൈബ്രറിയാണ് സജ്ജമാക്കിയിട്ടുള്ളത്. വായന എല്ലാ പേർക്കും നിർബന്ധമാണ്. ഒരാഴ്ചയിൽ ഒരു പിരീഡ് ലൈബ്രറി പരിചയത്തിനും വായനയ്ക്കുമായി സിലബസിൽ തന്നെ നീക്കി വച്ചിട്ടുണ്ട്. ദിവസവും ഉച്ചയ്ക്കു ശേഷം മൂന്നു മുതൽ നാലുവരെയുള്ള ലൈബ്രറി/ഹോബി സമയ പട്ടികയ്ക്കു പുറമെയാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസവും ഇതരമേഖലകളിലെ ബോധവത്കരണവും പ്രദാനം ചെയ്യുന്ന ആഡിയോവിഷ്വൽ പഠന സമ്പ്രദായവും സൈനിക സ്കൂളിനുണ്ട്.

ഫൈൻ ആർട്സ്, ക്രാഫ്റ്റ്, മ്യൂസിക്, കരകൗശലം, ഹോബി ക്ളബ് തുടങ്ങി പാഠ്യേതര വിഷയങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കുന്നതിലും അവർക്കുള്ള അഭിരുചി വളർത്തിയെടുക്കുന്നതിലും പ്രാവീണ്യം നേടിക്കൊടുക്കുന്നതിലും സൈനിക സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ഒന്നോ അതിലധികമോ വിഷയങ്ങളിൽ ഓരോ കുട്ടിയും പരിശീലനം നേടണമെന്നത് നിർബന്ധമാണ്. കൂടാതെ വാദപ്രതിവാദം, ഡ്രാമ, സെമിനാർ, സിംപോസിയം തുടങ്ങിയവയിൽ പങ്കെടുക്കാനും അഭിരുചിക്കനുസരിച്ച് വളർന്നുവരാനും അവരവരുടെ പ്രാവീണ്യം തെളിയിക്കാനും അവസരങ്ങളൊരുക്കിയിട്ടുണ്ട്. ഇവയിൽ മത്സരങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ വിദ്യാഭ്യാസം എല്ലാവർക്കും നിർബന്ധമാണ്. പഠനപ്രക്രിയയുടെ ഭാഗമായി അറിവിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനും വിവിധ മേഖലകളെ കുറിച്ചുള്ള ബോധവത്കരണം ഉയർത്താനും പ്രയോജനപ്പെടുന്ന വിധം പതിവായി പഠനയാത്രാ പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.



> മറ്റ് സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി പാഠ്യവിഷയങ്ങളിലും പാഠ്യേതരവിഷയങ്ങളിലും പ്രാവീണ്യം നേടി വരുന്ന സൈനിക സ്കൂൾ വിദ്യാർത്ഥികൾ ഒരു മേഖലയിലും പിൻതള്ളപ്പെടാറില്ല.

കുട്ടികളിൽ സാശ്രയശീലവും നേതൃത്വ പാടവവും വളർത്തിയെടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചു പോരുന്നു. ഇതിനായി വിവിധ മേഖലകളിൽ പങ്കാളിത്തം നൽകുന്നു. 60 കുട്ടികളെ ഒരു ഗ്രൂപ്പായി രൂപീകരിച്ചിട്ടുള്ള "ഹൗസു" കളുടെ ക്യാപ്റ്റൻമാർ സീനിയർ വിദ്യാർത്ഥികളാണ്. ഓരോ ഹൗസിന്റെയും ചുമതല ഓരോ അദ്ധ്യാപകരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. നെഹ്റു ഹൗസ്, ഗാന്ധി ഹൗസ്, നേതാജി ഹൗസ് എന്നൊക്കെയാണ് ഹൗസുകൾക്ക് പേരു നൽകിയിട്ടുള്ളത്. മെസ്സ്, ഗെയിംസ്, സ്പോർട്സ്, കൾച്ചറൽ പരിപാടികളുടെ നടത്തിപ്പ് തുടങ്ങിയവയിലും വിദ്യാർത്ഥികൾക്ക് പങ്കാളിത്തം അനുവദിച്ചിട്ടുണ്ട്.

ദിവസവും രാവിലെ കായികാഭ്യാസം നിർബന്ധമാണ്. ഫിസിക്കൽ എഡ്യൂക്കേഷന്റെ ഭാഗമായി എല്ലാ ദിവസവും വൈകുന്നേരം സ്പോർട്സും ഗെയിംസും ഉണ്ടായിരിക്കും. ക്രിക്കറ്റ്, ഫുട്ബാൾ, ബാസ്ക്കറ്റ്ബാൾ, ടെന്നീസ്, ഹോക്കി തുടങ്ങിയവയിൽ ഇഷ്ടാനുസരണം കുട്ടികൾക്ക് പങ്കെടുക്കാം. വിവിധ കളികളിൽ കുട്ടികളെ പരിശീലിപ്പിക്കാൻ കോച്ചുകളുടെ സേവനവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ദിവസവും രാവിലെ 5.30ന് പ്രഭാതഭേരിയോടെയാണ് പ്രക്രിയ ആരംഭിക്കുന്നത്. തുടർന്ന് കായികാഭ്യാസ പരിശീലനത്തോടെ ദിനചര്യ തുടങ്ങുന്നു. കാര്യങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് സമയം തിരിച്ച് ഓരോന്നിനും പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആഹാരം, വിദ്യാഭ്യാസം, വായന, ഹോബി, സ്പോർട്സ്, ഗെയിംസ്, സാംസ്കാരിക പരിപാടികൾ സ്വയംപഠനം തുടങ്ങിയവ സമയബന്ധിതമായാണ് നടത്തുന്നത്. രാത്രി 11 മണിവരെ പട്ടിക അനുസരിച്ച് വിദ്യാർത്ഥികൾ വിവിധ കാര്യങ്ങളിൽ വ്യാപൃതരായിരിക്കും. അതിനുശേഷമുള്ള സമയം പിന്നെ ഉറക്കത്തിനാണ്. ചിട്ടയായുള്ള വിദ്യാഭ്യാസത്തിലൂടെ അനുസരണാശീലവും അച്ചടക്കവും സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

സൈനിക സ്കൂൾ വിദ്യാഭ്യാസത്തിനായി ഒരു കുട്ടി ഒരു വർഷം നൽകേണ്ട ഫീസ് 29280 രൂപയാണ്. രക്ഷകർത്താക്കളുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധയിനം സ്കോളർഷിപ്പുകൾ അനുവദിച്ചിട്ടുണ്ട്.

## കേന്ദ്ര സർക്കാർ സ്കോളർഷിപ്പുകൾ

പ്രതിരോധ സേനയിലെ ജൂനിയർ കമ്മീഷൻഡ് ഓഫീസർമാരുടെ മക്കൾക്ക് അർധ സ്കോളർഷിപ്പായി 5250 രൂപയും ജവാന്മാരുടെ മക്കൾക്ക് മുഴുവൻ സ്കോളർഷിപ്പായി 10500 രൂപയും പ്രതിവർഷം അനുവദിച്ചിട്ടുണ്ട്. അയ്യായിരത്തിനും എണ്ണായിരത്തിനും ഇടയ്ക്ക് രൂപ പ്രതിമാസ വരുമാനമുള്ള വിമുക്തഭടന്മാരുടെ മക്കൾക്ക് 5250 രൂപ അർധ സ്കോളർഷിപ്പായും അയ്യായിരത്തിനു താഴെ മാസവരുമാനമുള്ള വിമുക്തഭടന്മാരുടെ മക്കൾക്ക് 10500 രൂപ മുഴുവൻ സ്കോളർഷിപ്പായും നൽകുന്നു. കൂടാതെ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും പ്രവേശനം ലഭിക്കുന്നവർക്ക് പ്രത്യേക സ്കോളർഷിപ്പുകളും അനുവദിച്ചിട്ടുണ്ട്.

## സംസ്ഥാന സർക്കാർ സ്കോളർഷിപ്പ്

ഏഴായിരം രൂപവരെ മാസവരുമാനമുള്ള രക്ഷിതാക്കളുടെ മക്കൾക്ക് മുഴുവൻ സ്കോളർഷിപ്പായി പ്രതിവർഷം 14000 രൂപയും ക്ളോത്തിംഗ് അലവൻസായി ആദ്യവർഷം 1000 രൂപയും തുടർവർഷങ്ങളിൽ 500 രൂപയും നൽകും. 7000നും 8500നും മധ്യേ പ്രതിമാസ വരുമാനമുള്ളവരുടെ മക്കൾക്ക് മുക്കാൽ സ്കോളർഷിപ്പായി 10500 രൂപയും ക്ളോത്തിംഗ് അലവൻസായി ആദ്യവർഷം 1000 രൂപയും തുടർവർഷങ്ങളിൽ 500 രൂപയും നൽകും. എണ്ണായിരത്തി അഞ്ഞൂറിനും പതിനായിരത്തിനും മധ്യേ മാസവരുമാനമുള്ളവരുടെ മക്കൾക്ക് അര സ്കോളർഷിപ്പായി പ്രതിവർഷം 7000 രൂപ അനുവദിച്ചിട്ടുണ്ട്. ഇവർക്ക് ക്ളോത്തിംഗ് അലവൻസ് അനുവദിച്ചിട്ടില്ല. കൂടാതെ സൈനിക സ്കൂളിൽ പഠിക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്ക് സംസ്ഥാന സൈനിക ക്ഷേമവകുപ്പിൽ നിന്നും പ്രത്യേക സാമ്പത്തിക സഹായവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ വർഷത്തെ സൈനിക സ്കൂൾ പ്രവേശന പരീക്ഷ 2005 ജനുവരി 9ന് നടക്കും. കോട്ടയം, എറണാകുളം, കോഴിക്കോട്, കഴക്കൂട്ടം സൈനിക സ്കൂൾ, ലക്ഷദ്വീപിലെ കവറത്തി എന്നിവിടങ്ങളാണ് പരീക്ഷാകേന്ദ്രങ്ങൾ. അപേക്ഷാ ഫോറവും വിശദവിവരങ്ങളും മുൻവർഷത്തെ ചോദ്യപേപ്പറും 325 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം ആവശ്യപ്പെട്ടാൽ കഴക്കൂട്ടം സൈനിക സ്കൂൾ പ്രിൻസിപ്പലിൽ നിന്നു ലഭിക്കും. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് 225 രൂപ മതിയാകും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 10.



**കേരളത്തിന് ദൈവം അനുഗ്രഹിച്ചു നൽകിയ നെല്ലിനമാണ് ഞവരയെന്ന് ശാസ്ത്രലോകം അഭിപ്രായപ്പെടുന്നു. അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഔഷധം കൂടിയാണിത്. ഡോ. സ്വാമിനാഥൻ ഫൗണ്ടേഷനും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് നടത്തിയ പഠനം ഇതിനെ പിൻതാങ്ങുന്നു.**

# ഞവര

## നമ്മുടെ 'ആചാര്യ' നെല്ല്

**ആർ. ഹേലി**

നെല്ലരിയുടെ മഹിമ കണ്ടെത്താൻ ശാസ്ത്ര ലോകം നടത്തുന്ന പുതിയ തിരച്ചിലുകൾ നമ്മെ അതിശയിപ്പിക്കും. ജീവിതശൈലിയിൽ മാനവരാശി വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ അമൂല്യമായ നമ്മുടെ നെല്ലിനങ്ങളുടെ പൈതൃക ഗുണവിശേഷങ്ങളെപ്പറ്റി കൂടുതൽ പഠിയ്ക്കാൻ നിർബന്ധിക്കുന്നതും വളരെ ജിജ്ഞാസ പരത്തുന്നതുമായ സംഭവവികാസമാണ്. ലോകത്തിലെ പകുതിയിലേറെ ജനതയ്ക്ക് ആഹാരമായി കഴിഞ്ഞിരിക്കുന്ന നെല്ലരിയുടെ പുതിയ ശക്തി കേന്ദ്രങ്ങൾ അടുത്തറിയാനുള്ള ശ്രമം മുൻപ് സൂചിപ്പിക്കുന്ന ഒരു യജ്ഞമേഖലയായി മാറിയിരിക്കുന്നു. ഒരുലക്ഷത്തിനാല്പതിനായിരം നെല്ലിനങ്ങൾ ലോകത്തുണ്ടെന്നാണ് ശാസ്ത്രനിഗമനം. ഇവ മുഴുവനും ശേഖരിച്ചിട്ടില്ലെന്ന് മാത്രമല്ല ശേഖരിച്ചവയുടെ വൈവിധ്യമാർന്ന ഗുണഗണങ്ങളെ ശാസ്ത്രലോകം പൂർണ്ണമായി കണ്ടെത്തിയിട്ടുമില്ല. ജൈവവൈവിധ്യത്തിന്റെയും ആയുർവേദത്തിന്റെയും അപൂർവ്വഖനിയായി വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിലെ സുഗന്ധഗുണം, ഔഷധഗുണം ഇവയുള്ള നെല്ലിനങ്ങളെക്കുറിച്ച് മദ്രാസിലെ ഡോ. സ്വാമിനാഥൻ ഫൗണ്ടേഷനും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് ആഗസ്റ്റ് മാസത്തിൽ നടത്തിയ ഒരു പഠനം ശ്രദ്ധേയമായ പല കാര്യങ്ങളും ഇതു സംബന്ധിച്ച് വെളിച്ചത്തു കൊണ്ടു വന്നിരിക്കുന്നു.

ലോകപ്രശസ്തി നേടിയ നെൽഗവേഷണ കേന്ദ്രമായ പട്ടാമ്പിയിൽ ആഗോള നെൽകൃഷിവർഷത്തിന്റെ ഭാഗമായി നടത്തിയ ഈ സെമിനാറിന്റെ യഥാർത്ഥ കഥാനായകൻ കേരളത്തിന്റെ മാത്രമെന്ന് വിശേഷിപ്പിക്കാവുന്ന ഞവര നെല്ലിനത്തിന്റെ സവിശേഷതകളായിരുന്നു. ദൈവത്തിന്റെ സ്വന്തം നാടിന് സർവ്വേശ്വരൻ അനുഗ്രഹിച്ചു നൽകിയ നെല്ലിനമാണ് ഞവരയെന്നത്രെ ശാസ്ത്രലോകത്തിന്റെ അഭിപ്രായം. ഞവര കേരളീയർക്ക് ഓർമ്മ വച്ച കാലം മുതലേ അറിയാമെന്നാണ് വിശ്വാസം. സംസ്ഥാനത്തിനുള്ളിൽ ഞവര എന്ന പദത്തിന് സാദൃശ്യമുള്ള നിരവധി നാമങ്ങളുണ്ട്. നവര, നവിര, ഞവര, ഞവിര, നകര, നമര, നകരപുഞ്ച എന്നിങ്ങനെ നീണ്ടു പോകുന്നു ആ പേരുകളുടെ വ്യൂഹം.

വിതച്ചാൽ 60 ദിവസത്തിനുള്ളിൽ കൊയ്യാൻ കഴിവുള്ള ഇനം നെല്ലാണ് ഞവര. മഴയെ മാത്രം ആശ്രയിച്ച് നെല്ല് കൃഷി ചെയ്യുന്ന ഉയർന്ന തടങ്ങളിൽ സാധാരണ ഗതിയിൽ കൃഷി ചെയ്താൽ വിളവെടുക്കാൻ 60 ദിവസം മതിയാകും. ഒരു കാരണവശാലും കൊയ്യാൻ 90 ദിവസം കഴിയില്ലെന്ന് ഈ രംഗത്ത് നടത്തിയ ശ്രദ്ധേയമായ നിരീക്ഷണ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സ്വാമിനാഥൻ ഫൗണ്ടേഷന്റെ കൽപ്പറ്റ കേന്ദ്രത്തിന്റെ അധിപൻ ഡോ. അനിൽകുമാർ തറപ്പിച്ചു പറയുന്നു. കറുപ്പും സ്വർണ്ണത്തിന്റെ മഞ്ഞ നിറവുമുള്ള രണ്ടിനങ്ങളാണ് പ്രധാനമായുള്ളത്. നിരവധി കാർഷിക പരിസ്ഥിതി വ്യത്യാസമനുസരിച്ച് ഉപയിനങ്ങൾ ഇനിയുമുണ്ട്. ഒരു മീറ്റർ ഉയരംവരെ വളരുന്നതും ചായുന്ന സ്വഭാവത്തോടു കൂടിയതുമാണ് ഞവര നെല്ലിന്റെ സസ്യഘടന. കൃഷിയുടെ എല്ലാ ഘട്ടത്തിലും അതീവശ്രദ്ധ ആവശ്യമാണ്. 'സസ്തിക സാലി' യെന്ന് സംസ്കൃതത്തിൽ വിളിക്കുന്ന ഞവരയ്ക്ക് ഔഷധ നെല്ലിനങ്ങളിൽ 'ആചാര്യ' സ്ഥാനമാണുള്ളത് എന്ന് കരുതാം. കൃഷിക്കാർ മാത്രമല്ല രോഗം മാറ്റുന്ന ചികിത്സാവിദഗ്ധരും ഞവരയുടെ ആരാധകരാണ്. വൈദ്യന്മാരുടെ നിർദ്ദേശാനുസരണം അങ്ങാടിക്കടയിൽ നിന്ന് വാങ്ങുന്ന ഒരു 'മരുന്ന്' എന്ന നിലയിലേയ്ക്ക് വരെ ഞവര എത്തിയെന്നത് വിസ്മരിക്കാൻ കഴിയാത്ത സത്യമത്രെ!

ആയുർവേദത്തിന്റെ ഉള്ളറകളിലേക്ക് ശാസ്ത്രലോകം കടന്ന് ചെല്ലാൻ തുടങ്ങിയപ്പോഴാണ് ഞവരമാഹാത്മ്യത്തിന് വീണ്ടും സുവർണ്ണനിറം കൈവന്നത്. കൽപ്പറ്റയിൽ എം.എസ്.എസ്.ആർ. എഫ്

**ആയുർവേദത്തിലെ 'ഞവരക്കിഴി' ലോക പ്രശസ്തമായി കഴിഞ്ഞിരിക്കുന്നു. ഒരു പക്ഷേ 'ഞവരയെ' കേരളത്തിലെ മണ്ണിൽ നിന്നും മാറ്റാതെ നിലനിറുത്തിയത് ഇതാണെന്ന് നിസ്സംശയം പറയാം. അല്ലെങ്കിൽ ഇതിനകം ഞവര ഒരു ഓർമ്മയായി മാറുമായിരുന്നു !!**

പ്രവർത്തകർ ഞവരയെപ്പറ്റി അഖില കേരളാടിസ്ഥാനത്തിൽ പരിചയസമ്പന്നരായ കർഷകരെയും ആയുർവേദ വൈദ്യന്മാരെയും സ്ഥാപനങ്ങളെയും കൂട്ടിയിണക്കി ശേഖരിച്ച വിവരങ്ങളും പരീക്ഷണ കൃഷിയും തുടർന്നുള്ള പ്രസിദ്ധീകരണങ്ങളും ഞവരയ്ക്ക് ആധുനിക നെൽഗവേഷണ ശാസ്ത്രമേഖലയിൽ വമ്പിച്ച ഉണർവ് നൽകിയിരിക്കുന്നു. കൂടുതൽ ആവേശകരമായ ഒരു ചിത്രം സെമിനാറിൽ അവതരിപ്പിക്കണമായിരുന്നു എന്നാണ് അതിൽ പങ്കെടുത്ത വ്യക്തി എന്ന നിലയിൽ എനിക്ക് തോന്നിയത്. ഈ രംഗത്ത് ഇപ്പോൾ മൂന്ന് സുപ്രധാന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. സ്വാമിനാഥൻ ഫൗണ്ടേഷന് പുറമേ കേരള കാർഷിക സർവകലാശാലയും തിരുവനന്തപുരത്തെ രാജീവ് ഗാന്ധി ബയോടെക്നോളജി കേന്ദ്രവും ഞവരപഠനത്തിൽ പുരോഗതി നേടിയിരിക്കുന്നു. ഈ രണ്ട് ഏജൻസികളും അവരുടെ പ്രവർത്തനങ്ങൾ വിവരിച്ചതും സ്വാമിനാഥൻ ഫൗണ്ടേഷൻ നൽകിയ ഹ്രസ്വവിവരങ്ങളും വൻപിച്ച പ്രതീക്ഷ നൽകുന്ന നെല്ലിനമായി 'ഞവര' ഉയർത്തെഴുന്നേൽക്കുന്നതിന്റെ ശുഭലക്ഷണങ്ങളായി കരുതാം. ഇനി ഞവരയുടെ ഗുണഗണങ്ങളെക്കുറിച്ച് കൂടുതലറിയാം.

ഡോ. അനിൽകുമാർ തന്റെ പ്രബന്ധത്തിൽ ഞവരമഹത്വത്തെ ലളിതമായ രീതിയിൽ വിവരിക്കുന്നുണ്ട്.

- ദിവസവും ഒരു നേരം ഞവരക്കഞ്ഞി കഴിക്കുന്നതിനെ വിശിഷ്ട ആഹാരമായി കരുതാം. പശുവിൻ പാലും പഞ്ചസാരയും ചേർത്തുള്ള ഞവരക്കഞ്ഞി ദീർഘായുസ്സ് നൽകും. പുരാതന ഇന്ത്യയിലെ പുണ്യവാന്മാരായ മഹാത്മാക്കളുടെ പ്രിയങ്കരമായ ആഹാരമായിരുന്നത്രെ ഇത്.
- ഞവര നെല്ല് അവിച്ച് കുത്തി എടുക്കുന്നതിന് വമ്പിച്ച 'ശിക്ഷണരീതി' കളുണ്ട്. അല്ലെങ്കിൽ ഞവരയുടെ ഗുണം കുറഞ്ഞു പോകും. ഞവര അരിയായി കൂടുതൽ നാൾ സൂക്ഷിച്ചാൽ അതിന്റെ ഗുണമേറും! ചെമ്പ്പാത്രത്തിൽ അവിച്ച് തയ്യാറാക്കുന്ന അരി ഉപയോഗിച്ച് ആഹാരവിഭവമുണ്ടാക്കി കഴിയ്ക്കുന്നത് വാതരോഗത്തെ ഒഴിവാക്കും. മാത്രമല്ല നല്ല ഊർജ്ജവും ശരീരത്തിന് അത് പ്രദാനം ചെയ്യും.
- മറ്റു പല മരുന്നുകളും ചേർത്ത് തയ്യാറാക്കുന്ന ഞവരയുടെ മരുന്നുകഞ്ഞി പ്രസിദ്ധമാണ്. ഇതുവഴി മഴക്കാലത്തെ രോഗങ്ങളെ ഒഴിവാക്കാൻ സാധിക്കും. കർക്കിടകത്തിലെ മരുന്നുകഞ്ഞിക്ക് ഇപ്പോൾ പ്രചാരം കൂടിയിട്ടുണ്ട്.
- ചിട്ടകളനുസരിച്ച് തയ്യാറാക്കിയാൽ പ്രമേഹരോഗികൾക്ക് ഞവരച്ചോറ് കഴിയ്ക്കാമെന്നു കരുതുന്നു. കൂടുതൽ പഠനം ആവശ്യപ്പെടുന്ന രംഗമായി ഇത് തീർന്നിരിക്കുന്നു.
- ഞവര ഉപയോഗിച്ച് മികച്ച ഒരു 'ബേബി ഫുഡ്' നാട്ടിലിപ്പോഴും തയ്യാറാക്കുന്നുണ്ട്. ഞവരമാവും 'കുന്നൻ' വാഴക്കായ്പൊടിയും കലർത്തിയത് ചോറൂണിന് മുൻപ് തന്നെ കുഞ്ഞുങ്ങൾക്ക് നൽകാം. ഇതിനെപ്പറ്റി അറിവുള്ളവർക്ക് തന്നെ ഇതു തയ്യാറാക്കാൻ ചെലവേറെയാകും എന്നതിനാൽ 'സമ്പന്നരുടെ' 'ബേബിഫുഡാ'യി ഇത് കരുതപ്പെടുന്നു. അതിനാൽ ഇതിലൂടെ ഒരു വാണിജ്യ രാജവീഥി ഞവരമാവിന് ഉണ്ടാക്കാൻ കഴിയുമോ എന്നത് ഒരു പ്രശ്നമാണ്.
- നാട്ടുവൈദ്യൻമാർ കടുത്ത അർശ്ശസ്സിന് പോലും ഞവര പരിഹാരമാണ് എന്ന് അവകാശപ്പെടുന്നു. ഞവരയും പാലും ചെറിയ ഉള്ളിയും ചേർത്തുള്ള 'മരുന്ന്' പശുവിൻ നെയ്യിൽ വരട്ടി വെറും വയറ്റിൽ 21 ദിവസം കഴിക്കണമെന്നാണ് വിധി. മലബാറിൽ ചിലയിടങ്ങളിൽ ഞവരച്ചോറിൽ കറിവേപ്പില, പുളിമോര്, കുരുമുളക് പൊടി ഇവ കുഴച്ചും അർശ്ശസ്സിന് എതിരെ കഴിക്കുന്നുണ്ട്.
- മൂത്രസംബന്ധമായ തകരാറുകൾ പരിഹരിക്കാൻ ഞവര മികച്ചതാണെന്ന് തൃശ്ശൂരിൽ നിന്നുള്ള റിപ്പോർട്ടുകളെ ഉദ്ധരിച്ച് ഡോ. അനിൽകുമാർ വെളിവാക്കുന്നു. ഞവരമൂട് കഴുകി വൃത്തിയാക്കി തിളപ്പിച്ച വെള്ളം ഒരു ഗ്ലാസ്സു വീതം മൂന്നു നാല് തവണ ദിവസവും കഴിച്ചാൽ ആശ്വാസം കിട്ടുമെന്നാണ് അനുഭവം.
- ഞവരനെല്ലിന്റെ അവലും അശ്വഗന്ധവും പഞ്ചസാരയും പൊടിച്ചുകഴിച്ചാൽ ഊർജ്ജം വർദ്ധിക്കും. ഞവരമാവ് പൊടി പാലിൽ കലർത്തി കുടിക്കാം. ശുക്ളത്തിന്റെ അളവ് കൂട്ടാനും പുരുഷബീജത്തിന്റെ വീര്യം സമ്പുഷ്ടമാക്കാനും ഇത് ഉപകരിക്കും. കുട്ടികളില്ലാത്തവർക്ക് ഇത് പരീക്ഷിക്കാമെന്നും ശുപാർശയുണ്ട്.
- ആമാശയത്തിലെ വ്രണങ്ങൾ ഉണങ്ങാൻ ഞവരഅരിപ്പൊടിയും ഏത്തവാഴപ്പഴവും കലർത്തി മൂന്നു മാസം കഴിക്കണം എന്നും വിളർച്ച മാറ്റാൻ ഇത് സഹായിക്കുമെന്നും കരുതപ്പെടുന്നു.
- തളർവാതത്തിൽ നിന്ന് കുട്ടികളെ രക്ഷിക്കാനുള്ള 'ഞവരക്കൂട്ട്' ആലപ്പുഴ ജില്ലക്കാർക്ക് പണ്ട് പണ്ടേ അറിവുള്ളതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. അത്ഭുതകരമാണ് ഈ അവകാശം.
- കണ്ണൂർ ജില്ലയിൽ പറശ്ശിനിക്കടവ് ആശുപത്രിയിൽ പാമ്പുകടി ഏറ്റവർക്ക് ഞവര ശുപാർശയുണ്ട്. വേദന കുറയ്ക്കാനാണ് ഇത് ഉപയോഗിക്കുന്നത്. ഇത് വളരെ ശ്രദ്ധേയമായ ഒരു അവകാശമാണ്.
- ഞവരപ്പായസം കഴിച്ചാൽ മുലയൂട്ടുന്ന അമ്മമാർക്ക് കൂടുതൽ മുലപ്പാൽ ചുരത്തുമെന്നത് മറ്റൊരു ഗുണവിശേഷമായി അവതരിപ്പിക്കപ്പെടുന്നു. പാരമ്പര്യമുള്ള വിശ്വാസമാണിത്.
- കാലിലെ നീരുവറ്റാനും നീറ്റൽ അനുഭവം മാറ്റാനും ഇളം ചൂടുള്ള ഞവരക്കുഴമ്പ് സഹായിക്കും.
- അകാലത്തിലെ മുടി കൊഴിച്ചിൽ തടയാൻ ഞവരവെള്ളം നല്ലതാണ്.
- ചുമ മാറ്റാനും പൊള്ളലും മുറിവും ഉണക്കാനും ഞവര ശുപാർശ ചെയ്യാറുണ്ട്.

ആധുനിക ഔഷധ ഗവേഷണ രംഗത്ത് ഞവരയുടെ വൈവിദ്ധ്യമാർന്ന ഗുണങ്ങൾ ഉന്നതതല പഠനത്തിന് പറ്റിയ വിഷയമാണ്.

ഇതിന് പുറമേയാണ് ആയുർവേദത്തിലെ വിശാലവും വിപുലവുമായ ഞവര

ഉപയോഗ മേഖലകൾ. യവനമഹർഷി യുവത്വവും ആയുസ്സും നിലനിർത്താൻ ശുപാർശ ചെയ്തിരിക്കുന്നത് ഞവരയെ ത്തന്നെയാണെന്ന് വ്യാപകമായി വിശ്വസിച്ചു വരുന്നു. ഞവരയുടെ വേരുകൾ തണുപ്പ് നൽകുന്നു. പൊള്ളലുകൾ തീർക്കുന്നു. മൂത്രരോഗങ്ങൾ ശമിപ്പിക്കുന്ന ഞവര പ്രമേഹം നിയന്ത്രിക്കും എന്നുവരെ അവകാശപ്പെടുന്നു. ഞവര തവിടിൽ തയ്യാറാക്കുന്ന 'സസ്തിക തൈലം' എല്ലാവിധ നാഡീരോഗങ്ങൾക്കും ശരീരവേദനകൾക്കും 'സ്പോൻഡിലൈറ്റിസി'നും ഔഷധമാണ്. മരുന്നേ ഇല്ല എന്നു വിശ്വസിക്കുന്ന മോട്ടോർ ന്യൂറോൻ രോഗത്തിനും ഇത് ഔഷധമാണെന്ന വിശ്വാസം ശരിയാണെങ്കിൽ അതുമതി ഞവരയ്ക്ക് നോബൽ സമ്മാനം കിട്ടുവാൻ. ശരീരത്തിൽ നിന്ന് എല്ലാ അശുദ്ധിയും മാറ്റി മാംസപേശികളെ ആകെ ഉത്തേജിപ്പിക്കാൻ ഞവരയ്ക്ക് കഴിയും എന്നാണ് വിശ്വാസം.

ആയുർവേദത്തിലെ 'ഞവരക്കിഴി' ലോകപ്രസിദ്ധമായി കഴിഞ്ഞിരിക്കുന്നു. ഒരു പക്ഷേ 'ഞവരയെ' കേരളത്തിലെ മണ്ണിൽ നിന്നും മാറ്റാതെ നിലനിറുത്തിയത് ഇതാണെന്ന് നിസ്സംശയം പറയാം. അല്ലെങ്കിൽ ഇതിനകം ഞവര ഒരു ഓർമ്മയായി മാറുമായിരുന്നു !!

ഞവര മാഹാത്മ്യം കേട്ട് അത്ഭുതപ്പെടുന്നവരും അമർഷം പ്രദർശിപ്പിക്കുന്നവരും നമ്മുടെ ഇടയിൽ ധാരാളം. സുഗന്ധ നെല്ലരിയായ ബസുമതിയിലൂടെ പ്രതിവർഷം 2500 കോടി രൂപയുടെ വിദേശനാണ്യം ഇന്ത്യയ്ക്കും അത്രയും തുകയോളം പാകിസ്ഥാനും ജാസ്മിൻ നെല്ലരി വഴി വിയറ്റ്നാമും ധാരാളം പണം വാരിക്കൂട്ടുന്നത് കണ്ട് ലോകമെമ്പാടും ഔഷധനെല്ലിന് പ്രിയം വർദ്ധിച്ചിരിക്കുന്നു. ഇന്ത്യയിലും ഇത് വളരെ വർദ്ധിച്ചിട്ടുണ്ട്. ഒരു പക്ഷേ 'ഞവര' പഠനവും ഇതിന്റെ ഭാഗമാകാം. ഇത് കേരളത്തിലെ നെൽകൃഷിക്ക് ഒരു പുതുജീവനും ഉണർവ്വും നൽകും. ഈ നേട്ടം കൈവരുത്തുവാൻ നാം കൈയും കെട്ടി ഇരുന്നാൽ പോര. ഇന്നത്തെ നിലയിൽ മറ്റേതെങ്കിലും രാഷ്ട്രം ഇത് പേറ്റന്റ് എടുത്ത് കൃഷി ചെയ്ത് സ്വർണ്ണം കൊയ്തെന്ന് വരാം.

അതിശക്തമായ ഗവേഷണം കാർഷിക രംഗത്ത് കടന്നു വരണം, അതിന്റെ ഉപയോഗത്തെയും മേന്മയെയും ഉപഭോഗ മുറകളെയും വിഭവ നിർമ്മാണത്തെയും കുറിച്ച് ശക്തിയായ ഗവേഷണം നടത്തുന്നതിനോടൊപ്പം, കൃഷി വികസനം, സംഭരണം, വിപണനം, വിഭവരൂപപ്പെടുത്തൽ എന്നീ രംഗങ്ങളിലും ഗവേഷണം നടത്തണം. ഇപ്പോൾ യഥാർത്ഥത്തിൽ ഇതിനെക്കുറിച്ചുള്ള പഠനങ്ങൾ ദേശീയ സംസ്ഥാന സർക്കാരുകളുടെ പരിഗണനയിൽ കാര്യമായി എത്തിയിട്ടില്ല എന്നത് വെറും സത്യം. സ്വാമിനാഥൻ ഫൗണ്ടേഷനും രാജീവ് ഗാന്ധി ഫൗണ്ടേഷനും, കാർഷിക സർവ്വകലാശാലയും മറ്റുമൊക്കെ അവരുടെ പരിമിതമായ പണം കൊണ്ട് ചെയ്യുന്ന ചില പഠനങ്ങളും അവർ പ്രസിദ്ധീകരിക്കുന്ന ചില പ്രബന്ധങ്ങളുമാണ് നമ്മുടെ 'വീരവാദങ്ങ'ളുടെ അടിസ്ഥാന ശക്തി. പക്ഷേ ഇതിനകം ഇതിന്റെ അപാര സാദ്ധ്യതകൾ ലോകത്തെ ബോധ്യപ്പെടുത്താൻ സ്വാമിനാഥൻ ഫൗണ്ടേഷന് കഴിഞ്ഞിട്ടുണ്ട്. ഞവരയെ കുറിച്ച് നാട്ടിൽ കിട്ടാവുന്ന അറിവുകളും സംസ്ഥാനവ്യാപകമായി നടത്തിയ ഏതാനും വർഷത്തെ പഠനങ്ങളും പര്യടനങ്ങളും ആയുർവ്വേദ, കർഷക കേന്ദ്രങ്ങളുമായിട്ടുള്ള ആശയ വിനിമയത്തിലൂടെ അവർക്ക് ശേഖരിച്ച് പ്രസിദ്ധീകരിയ്ക്കാൻ കഴിഞ്ഞത് വളരെ വലിയ കാര്യം തന്നെയാണ്. രാജീവ് ഗാന്ധി ബയോടെക്നോളജി കേന്ദ്രവും കാർഷിക സർവകലാശാലയും ഈ രംഗത്തേയ്ക്ക് കടന്നു വന്നതും ശുഭോദർക്കം തന്നെ.

ഞവര 60 ദിവസം മാത്രം മൂപ്പുള്ള നെല്ലാണ്. വിളവ് വളരെ കുറവാണ്. എല്ലാ മണ്ണിലും എല്ലാ കാലത്തും വളർത്താൻ കഴിയില്ല. കൃഷിയിൽ വളരെ ശ്രദ്ധ വേണം. രാസവസ്തു പ്രയോഗം തീരെ പാടില്ല. സർവോപരി ഉണ്ടാക്കിയാൽ ആരു വാങ്ങും എന്നത് വലിയ പ്രശ്നവുമാണ്. വാങ്ങിയാൽ ഉപയോഗരീതിയും പ്രശ്നമാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി കുന്നത്തുകാൽ കൃഷിഭവൻ ഞവരക്കൃഷി ചെയ്ത് വിളയിച്ചപ്പോൾ അവർ വൈദ്യന്മാരെ വീടുകളിൽ സന്ദർശിച്ചാണ് വിറ്റഴിച്ചത്. പിന്നീടവർ കൃഷി ചെയ്തതായും അറിവില്ല. അപ്പോൾ ഇതിന്റെ കൃഷി വിപുലപ്പെടുത്തുമ്പോൾ അതിന് വളരെ സാങ്കേതിക പിന്തുണ മാത്രമല്ല വിപണന പിന്തുണയും – കഴിയുമെങ്കിൽ ഇൻഷറൻസ് പരിരക്ഷവരെ ഉൾപ്പെടുത്തണം. കൃഷിവകുപ്പ് കണ്ണിലെ കൃഷ്ണമണിയെപ്പോലെ സൂക്ഷിച്ച് വേണം ഞവരക്കൃഷി രംഗത്ത് കാലു കുത്താൻ. കാരണം ഗവേഷണ രംഗത്ത് സർക്കാർ അറച്ചു നിന്നാൽ വിദേശ ഏജൻസികൾ പണമിറക്കിയെന്ന് വരാം. പക്ഷേ അവർ ഇതിന്റെ കൃഷി ഇന്ത്യൻ മണ്ണിൽ നിന്നു മാറ്റി കളയാതിരിക്കാൻ സർക്കാർ തന്നെ ഈ പരിപാടിയുമായി മുന്നോട്ട് വരേണ്ടതുണ്ട്.

ഗവേഷണത്തിനും കൃഷിക്കും ഒപ്പം ഉപഭോഗത്തിനും ഊന്നൽ നൽകുന്ന ഒരു സമീപനം ദാഹിക്കുന്ന വിളയാണ് 'ഞവര'. പട്ടാമ്പിയിൽ ആഗോള ശ്രദ്ധയർഹിക്കുന്ന 'ഔഷധ നെൽകൃഷി'യുടെ സെമിനാറിൽ ഡോ. എം. എസ്. സ്വാമിനാഥൻ നേരിട്ട് ഡൽഹിയിൽ നിന്നും വന്നെത്തി പങ്കെടുത്തത് ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. പട്ടാമ്പിയിൽ നടന്നത് – യഥാർത്ഥത്തിൽ കേരളത്തിന്റേതു മാത്രമായ– ഈ നിമിഷം വരെ നമുക്ക് മാത്രം അവകാശപ്പെടാവുന്ന 'ഞവര'യുടെ മാഹാത്മ്യത്തെ ലോകസമക്ഷം അവതരിപ്പിക്കാനുള്ള ശ്രമമായിരുന്നു. 2004–ൽ ഐക്യരാഷ്ട്രസഭ ആഗോള നെൽവർഷാചരണം വഴി നെല്ലരി ജീവനാണ് എന്ന് ലോക ജനതയെ ബോദ്ധ്യപ്പെടുത്താൻ നടത്തിയ പരിശ്രമങ്ങളിൽ കേരളത്തിൽ ഗുണഫലങ്ങൾ സൃഷ്ടിക്കാൻ 'ഞവര'യ്ക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കാം.

> **ദിവസവും ഒരു നേരം ഞവരക്കഞ്ഞി കഴിക്കുന്നതിനെ വിശിഷ്ട ആഹാരമായി കരുതാം. പശുവിൻ പാലും പഞ്ചസാരയും ചേർത്തുള്ള ഞവരക്കഞ്ഞി ദീർഘായുസ്സ് നൽകും. പുരാതന ഇന്ത്യയിലെ പുണ്യവാന്മാരായ മഹാത്മാക്കളുടെ പ്രിയങ്കരമായ ആഹാരമായിരുന്നത്രെ ഇത്.**



# കയ്പേറുന്ന മധുരം

എഴുമാവിൽ രവീന്ദ്രനാഥ്

**ഏറ്റവും കൂടുതൽ പ്രമേഹസാന്ദ്രതയുള്ള നാടാണ് കേരളമെന്ന് ഈയിടെ നടത്തിയ ഒരു സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നു. ശരിയായ വ്യായാമം, ശരിയായ ഭക്ഷണക്രമം എന്നിവയിലൂടെ ഈ രോഗത്തെ മരുന്നുകളില്ലാതെ തന്നെ നമുക്ക് ചെറുക്കാം.**

രണ്ടായിരത്തി ഇരുപതാമാണ്ടോടെ ഭാരതം ലോകപ്രമേഹ തലസ്ഥാനമായിമാറുമെന്നാണല്ലോ ലോകാരോഗ്യ സംഘടനയുടെ പ്രവചനം. എന്നാൽ അതിനു മുമ്പ് മറെറാരു ബഹുമതി നേടുന്നത് നമ്മുടെ കൊച്ചുകേരളമാകും. ഏററവും കൂടുതൽ പ്രമേഹരോഗസാന്ദ്രതയുള്ള നാടെന്ന ബഹുമതി! ഇത് അതിശയോക്തിയോ അബദ്ധപ്രസ്താവനയോ അല്ല. ഒരു പ്രമുഖ ബഹുരാഷ്ട്ര ഔഷധകമ്പനിയും ഡയബററിക് റിസർച്ച് ഫൗണ്ടേഷനും ചേർന്ന് ഈയിടെ നടത്തിയ  സർവ്വേയാണ് ഇത്തരമൊരു നിഗമനത്തിലേക്കു വിരൽ ചൂണ്ടുന്നത്.

രോഗവ്യാപനം, സാദ്ധ്യതകൾ, മേഖലകൾ എന്നിവ സംബന്ധിച്ച് 14 ജില്ലകളിൽ മൂന്നുഘട്ടങ്ങളിലായി നടത്തിയ സാമ്പിൾ സർവ്വേ, വ്യക്തിഗതവിവരശേഖരണം, കേസ്സ് ഡയറികളുടെ വിശകലനം എന്നിവ ക്രോഡീകരിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ഗവേഷകർക്കും ആരോഗ്യപ്രവർത്തകർക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ്. രോഗവ്യാപനം രണ്ടു ഗ്രൂപ്പുകളിലാണത്രെ പ്രകടമായിക്കാണുന്നത്. ഓഫീസ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും കുട്ടികളുമാണ് ഈ ഗ്രൂപ്പുകളിൽ ഉൾപ്പെടുന്നത്. തൊണ്ണൂറുകളിൽ രോഗികളിൽ സിംഹഭാഗവും അമ്പതുവയസ്സിനുമുകളിൽ ഉള്ളവരായിരുന്നുവെങ്കിൽ ഇന്ന് അമ്പതുശതമാനത്തോളം പേരും മുപ്പതുവയസ്സിനുമുകളിലുള്ളവരാണ്. മെയ്യനങ്ങി പണിയെടുക്കുന്നവർക്കിടയിൽ 2 ശതമാനം പേരിൽ മാത്രം പ്രമേഹം കാണപ്പെടുമ്പോൾ പേന കൊണ്ടു ജോലി നോക്കുന്നവരിൽ 11 ശതമാനത്തെയാണ് ഇത് വേട്ടയാടുന്നത്. എഴുപതുകളിൽ ഇത് വെറും അരശതമാനം മാത്രമായിരുന്നുവെന്നോർക്കുക!

മാറിയ ജീവിതസാഹചര്യങ്ങൾ, ഭക്ഷണക്രമങ്ങൾ, മാനസികപിരിമുറുക്കങ്ങൾ എന്നിവയും രോഗകാരണമായിത്തീരുന്നു. ജീവനക്കാർ നടന്നും സൈക്കിൾ ചവിട്ടിയും ഓഫീസുകളിലെത്തിയിരുന്ന പഴയകാലം മാറി. ഇന്ന് സർക്കാർ ഉദ്യോഗസ്ഥരിൽ പതിനെട്ടുശതമാനത്തിനും- ബാങ്ക്, ഇൻഷ്വറൻസ് മേഖലകളിൽ  ജോലിചെയ്യുന്നവരിൽ 37 ശതമാനത്തിനും സ്വകാര്യമേഖലയിൽ പണിയെടുക്കുന്നവരിൽ 29 ശതമാനത്തിനും സ്വന്തമായി വാഹനങ്ങൾ ഉണ്ട്. വാഹനഉടമകൾ ജാഗ്രതൈ! നിങ്ങൾ വ്യായാമത്തിന്റെ ശത്രുക്കളാണെങ്കിൽ പ്രമേഹമെന്ന ഭീകരന്റെ നീരാളിക്കൈകൾ നിങ്ങളെ തെരയുന്നുണ്ട്.

ഓഫീസ് വിട്ട് വീട്ടിലെത്തിക്കഴിഞ്ഞാൽ ടി.വികാണൽ, പത്രപാരായണം, ട്യൂഷൻ, ഗൃഹജോലി, സാമൂഹിക പ്രവർത്തനം എന്നിവയിലേർപ്പെടുന്നവരാണത്രെ 68 ശതമാനം പേരും. ബാക്കിയുള്ളവരിൽ 20 ശതമാനം പേർ പരോക്ഷമായും 12 ശതമാനം പേർ പ്രത്യക്ഷമായും വ്യായാമങ്ങളിലേർപ്പെടുന്നു. വ്യായാമത്തെ അവഗണിയ്ക്കുന്ന എഴുപതുശതമാനത്തോളം വരുന്നവർ പ്രമേഹരോഗത്തിന്റെ ഹിററ്ലിസ്റ്റിലാണ്.

ഔദ്യോഗികരംഗത്തെ മാനസികപിരിമുറുക്കങ്ങൾ, കുടുംബജീവിതത്തിലെ അസ്വാരസ്യങ്ങൾ എന്നിവ പ്രമേഹത്തിനും രക്തസമ്മർദ്ദത്തിനും കാരണമാകുന്നു. പ്രതിബന്ധങ്ങളെ അതിജീവിയ്ക്കാൻ തക്കമനക്കരുത്തുള്ളവർ വെറും 5 ശതമാനം മാത്രമേയുള്ളൂ. കൗൺസിലിങ്ങ് സെന്ററുകളെ അഭയം പ്രാപിയ്ക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുകയാണത്രെ.

ആഹാരങ്ങളിലും ആഹാരക്രമങ്ങളിലും വന്ന മാററം രോഗകാരണങ്ങളിൽ ഒന്നാണ്. അനാവശ്യവും അമിതവുമായ ചേരുവകൾ, അറിയാതെ ഉള്ളിൽ ചെല്ലുന്ന കീടനാശിനികൾ, രാസവസ്തുക്കൾ എന്നിവ പ്രമേഹത്തെ ക്ഷണിച്ചു

വരുത്തുന്നു. കാർബൈഡിൽ പഴുത്ത ഫലവർഗ്ഗങ്ങൾ, എൻഡോസൾഫാനും, ഫ്യുറഡാനും തളിച്ചു വിളയിച്ച പച്ചക്കറികൾ, മായം കലർന്ന ഭക്ഷ്യവസ്തുക്കൾ, ശുദ്ധമല്ലാത്ത ജലം എന്നിവയും ആഗ്നേയഗ്രന്ഥികളുടെ പ്രവർത്തനത്തെ താറുമാറാക്കുന്നു.

കുട്ടികളാണ് പ്രമേഹത്തിന്റെ അടുത്ത ഇര. സർവ്വേപ്രകാരം സംസ്ഥാനത്ത് മൂന്നുശതമാനത്തോളം കുട്ടികൾ പ്രമേഹബാധിതരായുണ്ട്. ഇവരിൽ തൊണ്ണൂറുശതമാനവും പട്ടണവാസികളാണ്. സോഫ്ററ് ഡ്രിങ്ക്സ്, ഫാസ്റ്റ് ഫുഡ്, കൃത്രിമ നിറവും മണവും പ്രിസർവേററീവുകളും ചേർത്ത ബേക്കറി ഉത്പന്നങ്ങൾ എന്നിവയുടെ അമിതഉപഭോഗമാണത്രെ ഇവരെ രോഗത്തിലേക്കു തള്ളിവിടുന്നത്. രോഗികളിൽ കൂടുതൽ പേരും കായികവിനോദങ്ങൾക്കുപകരംകമ്പ്യൂട്ടർ ഗെയിം, ഇന്റർനെററ് ബ്രൗസിംങ്ങ് തുടങ്ങിയവ ഹോബിയായി തെരെഞ്ഞെടുത്തവരാണത്രെ.

ശരിയായ വ്യായാമം, ശരിയായ ഭക്ഷണക്രമം എന്നിവയിലേക്ക് വിരൽ ചൂണ്ടുന്നതാണ് പുതിയ കണ്ടെത്തലുകൾ. മരുന്നുകളില്ലാതെ പ്രമേഹത്തെ ചെറുക്കാൻ നമുക്കുകഴിയുമെന്ന സന്ദേശം കൂടി ഈ റിപ്പോർട്ടിലുണ്ട്.

ഈ രോഗം സംബന്ധിച്ച് നമുക്കിടയിൽ നിലനില്ക്കുന്ന ചില അബദ്ധധാരണകളെ ഒന്നു പരിശോധിയ്ക്കാം. അമിതമായി മധുരം ഉപയോഗിച്ചാൽ പ്രമേഹമുണ്ടാകുമെന്ന ധാരണ തികച്ചും തെററാണ്. ആഗ്നേയ ഗ്രന്ഥികൾ വേണ്ടത്ര ഇൻസുലിൻ ഉത്പാദിപ്പിക്കാതിരിക്കുകയോ, ഉള്ള ഇൻസുലിൻ ഫലപ്രദമായി പ്രവർത്തിയ്ക്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയാണ് പ്രമേഹരോഗത്തിന്റെ പ്രധാനകാരണം. പക്ഷെ പ്രമേഹ രോഗലക്ഷണങ്ങൾ കണ്ടെത്തിയാൽ മധുരത്തെ വർജ്ജിച്ചേ പററൂ.



പാവയ്ക്ക, വേപ്പില, തുടങ്ങി കയ്പുള്ള വസ്തുക്കൾ ധാരാളം കഴിച്ചാൽ പ്രമേഹം കുറയുമെന്ന ധാരണയും ശരിയല്ല. ഇൻസുലിൻ ഉദ്ദീപിപ്പിക്കാൻ ഇവയ്ക്കു കഴിയില്ല. അതുപോലെ തന്നെയാണ് ചക്കരക്കൊല്ലി എന്ന ഇലച്ചെടി പ്രമേഹത്തെ കുറയ്ക്കുമെന്ന വാദവും. ചക്കരക്കൊല്ലിയുടെ ഇലകൾ ചവയ്ക്കുമ്പോൾ നാവിലെ രസമുകുളങ്ങൾ താത്കാലികമായി മരവിയ്ക്കുന്നു. തന്മൂലം പഞ്ചസാര വായിലിടുമ്പോൾ മധുരം തോന്നുന്നില്ല. പക്ഷെ ഇത് ശരീരത്തിനുള്ളിൽ ഒരു മാററവുമുണ്ടാക്കുന്നില്ല.

പ്രമേഹം ഇത്ര ദിവസം കൊണ്ടു സുഖപ്പെടുത്തും എന്ന പരസ്യങ്ങൾ ക്ലാസ്സിഫൈഡ് കോളങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെടാറുണ്ട്. സ്ഥിരമായി ഇൻസുലിൻ ഉദ്ദീപിപ്പിക്കാൻ കഴിയുന്ന ഒരു ഔഷധവും ഇന്നേവരെ കണ്ടെത്തിയതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. നിങ്ങളുടെ പ്രമേഹം ടൈപ്പ് ഒന്നോ, രണ്ടോ എന്നത് ഒരു എൻഡോക്രൈനോളജിസ്റ്റിന്റെ വിദഗ്ധപരിശോധനയിലൂടെ മാത്രമേ കണ്ടെത്താനാവൂ. തുടർന്നു വേണം പ്രമേഹനിയന്ത്രണത്തിനുള്ള ഔഷധങ്ങളോ വ്യായാമമുറകളോ ആരംഭിയ്ക്കുവാൻ.

പ്രമേഹം ഇത്രദിവസം കൊണ്ടു സുഖപ്പെടുത്തും എന്ന പരസ്യങ്ങൾ ക്ലാസ്സിഫൈഡ് കോളങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെടാറുണ്ട്. സ്ഥിരമായി ഇൻസുലിൻ ഉദ്ദീപിപ്പിക്കാൻ കഴിയുന്ന ഒരു ഔഷധവും ഇന്നേവരെ കണ്ടെത്തിയതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

തലച്ചോറിലെ കോശങ്ങൾ ശരിയായി പ്രവർത്തിക്കാൻ ഗ്ലൂക്കോസിന്റെ ക്രമമായ അളവിലുള്ള ലഭ്യത ആവശ്യമാണ്. ഔഷധങ്ങൾ അമിതമായി ചെന്നാൽ ഗ്ലൂക്കോസിന്റെ അളവു കുറയുന്നു. ഇത് അഡ്രിനലിൻ എന്ന ഹോർമോൺ രക്തത്തിൽ അമിതമാകാൻ കാരണമാകും. തന്മൂലം രക്തസമ്മർദ്ദം, ഹൃദയമിടിപ്പ് എന്നിവ വർദ്ധിച്ച് തലകറക്കം, നാവുകുഴയൽ എന്നിവ അനുഭവപ്പെടുകയും രോഗി മരണപ്പെടുകയും ചെയ്യാം. അതിനാൽ ഔഷധങ്ങൾ കൃത്യസമയത്ത് കൃത്യ അളവിൽ ഒരു ശീലമാക്കി മാററണം.

വിവാഹം തുടങ്ങിയ ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ മധുരം അകത്താക്കുകയും അതിനുപരിഹാരമായി കൂടുതൽ ഔഷധങ്ങൾ സേവിക്കുകയും ചെയ്യുന്നവർ ധാരാളമുണ്ട്. ഇത് നിങ്ങളുടെ വൃക്കകളെയും തലച്ചോറിനെയും തകരാറിലാക്കും.

പ്രമേഹരോഗികൾ കഠിനമായ

വ്യായാമമുറകൾ തുടക്കത്തിലേ ചെയ്യരുത്. വ്യായാമത്തിന്റെ ദൈർഘ്യം വിദഗ്ധോപദേശത്തോടെ കുറേശ്ശെക്കുറേശ്ശെയായി വർദ്ധിപ്പിക്കുകയാണ് നല്ലത്. അമിത വ്യായാമം ശരീരത്തിലെ ഗ്ലൂക്കോസിന്റെ അളവു താഴുവാനിടയാക്കും. നടത്തം, സൈക്കിളിംഗ് എന്നിവ ഉത്തമമായ വ്യായാമങ്ങളാണ്. ദിവസേന ഒരു നിശ്ചിതസമയം വ്യായാമത്തിനായി തെരഞ്ഞെടുക്കേണ്ടതാണ്.

രോഗികൾ പലപ്പോഴും മൂത്രത്തിലെ പഞ്ചസാര മാത്രം പരിശോധിച്ച് രോഗനില തിട്ടപ്പെടുത്താറുണ്ട്. ചികിത്സയെക്കുറിച്ചോ ഔഷധങ്ങളെക്കുറിച്ചോ പ്രധാന തീരുമാനങ്ങളെടുക്കാൻ മൂത്രപരിശോധന മാത്രം പര്യാപ്തമല്ല. രക്തപരിശോധനയെ അപേക്ഷിച്ച് മൂത്രപരിശോധനയ്ക്ക് കൃത്യത കുറവാണ്. ആയതിനാൽ ഒരു നിശ്ചിതസമയത്ത് രക്തപരിശോധനയും ഇടയ്ക്കിടയ്ക്കുള്ള മൂത്രം പരിശോധനയും ഒരു നിഷ്ഠയാക്കി മാറ്റുക. ഇതിന് ഒരു ഡോക്ടറുടെ ഉപദേശം സ്വീകരിക്കേണ്ടതാണ്.

# പ്രമേഹം ഒരു സാമൂഹിക പ്രശ്നം

**ഡോ. ബി. പത്മകുമാർ**
അസിസ്റ്റന്റ് പ്രൊഫസർ, ആലപ്പുഴ മെഡിക്കൽ കോളേജ്

**നവംബർ 14, ലോക പ്രമേഹദിനമായിരുന്നു. അതിവേഗം വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ ആരോഗ്യപ്രശ്നത്തെ നാം ഗൗരവത്തോടെ വീക്ഷിക്കേണ്ടിയിരിക്കുന്നു.**

പ്രമേഹം ആഗോളവ്യാപകമായി ഗൗരവമേറിയ ഒരു പൊതുജനാരോഗ്യ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ലോകത്താകമാനം 14.3 കോടി പ്രമേഹരോഗികളുണ്ടെന്നാണ് കണക്ക്. 2025 ആകുമ്പോഴേക്കും എണ്ണം 30 കോടി കവിയുമെന്ന് ലോകാരോഗ്യ സംഘടനയുടെ പഠനങ്ങൾ സൂചിപ്പിക്കുന്നു.

ഭാരതത്തിലും സ്ഥിതി വ്യത്യസ്തമല്ല. 2025 ആകുമ്പോഴേക്കും, 5.7 കോടി പ്രമേഹരോഗികളുമായി ഭാരതം പ്രമേഹത്തിന്റെ ആഗോള തലസ്ഥാനമാകുമെന്നാണ് സൂചന. ഭാരതത്തിലെ പല വൻ നഗരങ്ങളിലും 10 ശതമാനത്തിലേറെയാളുകൾ പ്രമേഹത്തിന്റെ പിടിയിലാണ്. എന്നാൽ ഗ്രാമങ്ങളിൽ ഇത് 4 ശതമാനത്തിൽ താഴെയാണെന്ന വസ്തുത ശ്രദ്ധേയമാണ്.

ആധുനിക മനുഷ്യന്റെ ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളാണ് പ്രമേഹം ഇത്രയും വ്യാപകമാകാനിടയാക്കിയത്. അമിതഭക്ഷണവും ഫാസ്റ്റ്ഫുഡ് ഭക്ഷണ സംസ്കാരവും അമിതവണ്ണത്തിനും പ്രമേഹത്തിനും കാരണമായി. താരതമ്യേന വ്യായാമരഹിതമായ ജീവിതക്രമം, ശരീരത്തിലെ ഇൻസുലിന്റെ പ്രവർത്തനശേഷിയെ പ്രതികൂലമായി ബാധിച്ചു. കൂടാതെ സംഘർഷനിർഭരമായ ജീവിതവും മദ്യപാനവുമൊക്കെ ശാരീരിക പ്രവർത്തനങ്ങളുടെ അസന്തുലിതാവസ്ഥയ്ക്കും പ്രമേഹരോഗത്തിനും കാരണമായി. സ്റ്റീറോയിഡുകളുടെയും ഗർഭനിരോധനഉറകളുടെയും അമിത ഉപയോഗവും പ്രമേഹത്തിനിടയാക്കിയ മറ്റു ഘടകങ്ങളാണ്.

## സങ്കീർണ്ണതകളുടെ രോഗം

ശരീരത്തിലെ സുപ്രധാന ആന്തരാവയവങ്ങളുടെ പ്രവർത്തനത്തെ ബാധിച്ച് സങ്കീർണ്ണമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയെന്നത് പ്രമേഹത്തിന്റെ സ്വഭാവമാണ്. പ്രമേഹം നാലാമത്തെ പ്രധാന മരണ കാരണമാണ്. പ്രമേഹരോഗികളിൽ ആയുർദൈർഘ്യം അഞ്ചിലൊന്നു കുറയുന്നു. പ്രമേഹ രോഗികളിൽ രക്തക്കുഴലുകളുടെ ഉൾഭാഗത്ത് കൊഴുപ്പടിഞ്ഞു കൂടിയുണ്ടാകുന്ന അതിറോസ്ക്ളീറോസിസിനുള്ള സാദ്ധ്യത കൂടുതലാണ്. ഇതുമൂലം ഹൃദ്രോഗസാദ്ധ്യത നാലുമടങ്ങാണ്. വേദനയില്ലാതെയുണ്ടാകുന്ന നിശബ്ദ ഹൃദയാഘാതം പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു.



മാംസഭുക്കുകളുടെ ഭക്ഷണക്രമം

പ്രമേഹമുള്ളവർക്ക് മസ്തിഷ്ക്കാഘാതത്തിനുള്ള സാദ്ധ്യത മൂന്നു മടങ്ങ് കൂടുതലാണ്. നിയന്ത്രണാധീനമല്ലാത്ത പ്രമേഹം അന്ധതയ്ക്കും കാരണമായേക്കാം. പ്രമേഹരോഗികളിൽ അന്ധതയ്ക്കുള്ള സാദ്ധ്യത 25 മടങ്ങ് കൂടുതലാണ്. നമ്മുടെ നാട്ടിൽ കാൽ മുറിക്കേണ്ടി വരുന്നവരിൽ 50 ശതമാനവും പ്രമേഹമുള്ളവരാണ്. കൂടാതെ തുടർച്ചയായുണ്ടാകുന്ന രോഗാണുബാധയും രക്തത്തിലെ പഞ്ചസാരയുടെ ഏറ്റക്കുറച്ചിലുകളും രോഗിയുടെ ജീവിതം പ്രശ്നസങ്കീർണ്ണമാക്കുന്നു.

## ചെലവേറുന്ന ചികിത്സ

പ്രമേഹ ചികിത്സയ്ക്കും, തുടർച്ചയായ ലബോറട്ടറി പരിശോധനകൾക്കുമൊക്കെയുള്ള ചെലവ് ഏറിക്കൊണ്ടിരിക്കുകയാണ്. സങ്കീർണതകളുടെ ചികിത്സയാണ് കൂടുതൽ ചെലവേറിയത്. പ്രമേഹ രോഗിയുടെ ചികിത്സയിൽ നാല്പതു ശതമാനവും സങ്കീർണതകളുടെ ചികിത്സാചെലവാണ്. ഒരു പ്രമേഹ രോഗിക്ക് രോഗ ചികിത്സയ്ക്കും, ലബോറട്ടറി പരിശോധനകൾക്കുമൊക്കെയായി പ്രതിവർഷം 5000 രൂപയോളം ചെലവ് വരുന്നുണ്ട്. ശരാശരി

വ്യായാമമുറകൾ തുടക്കത്തിലേ ചെയ്യരുത്. വ്യായാമത്തിന്റെ ദൈർഘ്യം വിദഗ്ധോപദേശത്തോടെ കുറേശ്ശെക്കുറേശ്ശെയായി വർദ്ധിപ്പിക്കുകയാണ് നല്ലത്. അമിത വ്യായാമം ശരീരത്തിലെ ഗ്ലൂക്കോസിന്റെ അളവു താഴുവാനിടയാക്കും. നടത്തം, സൈക്കിളിംഗ് എന്നിവ ഉത്തമമായ വ്യായാമങ്ങളാണ്. ദിവസേന ഒരു നിശ്ചിതസമയം വ്യായാമത്തിനായി തെരഞ്ഞെടുക്കേണ്ടതാണ്.

രോഗികൾ പലപ്പോഴും മൂത്രത്തിലെ പഞ്ചസാര മാത്രം പരിശോധിച്ച് രോഗനില തിട്ടപ്പെടുത്താറുണ്ട്. ചികിത്സയെക്കുറിച്ചോ ഔഷധങ്ങളെക്കുറിച്ചോ പ്രധാന തീരുമാനങ്ങളെടുക്കാൻ മൂത്രം പരിശോധന മാത്രം പര്യാപ്തമല്ല. രക്തപരിശോധനയെ അപേക്ഷിച്ച് മൂത്രപരിശോധനയ്ക്ക് കൃത്യത കുറവാണ്. ആയതിനാൽ ഒരു നിശ്ചിതസമയത്ത് രക്തപരിശോധനയും ഇടയ്ക്കിടയ്ക്കുള്ള മൂത്രം പരിശോധനയും ഒരു നിഷ്ഠയാക്കി മാറ്റുക. ഇതിന് ഒരു ഡോക്ടറുടെ ഉപദേശം സ്വീകരിക്കേണ്ടതാണ്. ●

# പ്രമേഹം ഒരു സാമൂഹിക പ്രശ്നം

**ഡോ. ബി. പത്മകുമാർ**
**അസിസ്റ്റന്റ് പ്രൊഫസർ, ആലപ്പുഴ മെഡിക്കൽ കോളേജ്**

**നവംബർ 14, ലോക പ്രമേഹദിനമായിരുന്നു. അതിവേഗം വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ ആരോഗ്യപ്രശ്നത്തെ നാം ഗൗരവത്തോടെ വീക്ഷിക്കേണ്ടിയിരിക്കുന്നു.**

പ്രമേഹം ആഗോളവ്യാപകമായി ഗൗരവമേറിയ ഒരു പൊതുജനാരോഗ്യ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ലോകത്താകമാനം 14.3 കോടി പ്രമേഹരോഗികളുണ്ടെന്നാണ് കണക്ക്. 2025 ആകുമ്പോഴേക്കും എണ്ണം 30 കോടി കവിയുമെന്ന് ലോകാരോഗ്യ സംഘടനയുടെ പഠനങ്ങൾ സൂചിപ്പിക്കുന്നു.

ഭാരതത്തിലും സ്ഥിതി വ്യത്യസ്തമല്ല. 2025 ആകുമ്പോഴേക്കും, 5.7 കോടി പ്രമേഹരോഗികളുമായി ഭാരതം പ്രമേഹത്തിന്റെ ആഗോള തലസ്ഥാനമാകുമെന്നാണ് സൂചന. ഭാരതത്തിലെ പല വൻ നഗരങ്ങളിലും 10 ശതമാനത്തിലേറെയാളുകൾ പ്രമേഹത്തിന്റെ പിടിയിലാണ്. എന്നാൽ ഗ്രാമങ്ങളിൽ ഇത് 4 ശതമാനത്തിൽ താഴെയാണെന്ന വസ്തുത ശ്രദ്ധേയമാണ്.

ആധുനിക മനുഷ്യന്റെ ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളാണ് പ്രമേഹം ഇത്രയും വ്യാപകമാകാനിടയാക്കിയത്. അമിതഭക്ഷണവും ഫാസ്റ്റ്ഫുഡ് ഭക്ഷണ സംസ്കാരവും അമിതവണ്ണത്തിനും പ്രമേഹത്തിനും കാരണമായി. താരതമ്യേന വ്യായാമരഹിതമായ ജീവിതക്രമം, ശരീരത്തിലെ ഇൻസുലിന്റെ പ്രവർത്തനശേഷിയെ പ്രതികൂലമായി ബാധിച്ചു. കൂടാതെ സംഘർഷനിർഭരമായ ജീവിതവും മദ്യപാനവുമൊക്കെ ശാരീരിക പ്രവർത്തനങ്ങളുടെ അസന്തുലിതാവസ്ഥയ്ക്കും പ്രമേഹരോഗത്തിനും കാരണമായി. സ്റ്റീറോയിഡുകളുടെയും ഗർഭനിരോധനഗുളികകളുടെയും അമിത ഉപയോഗവും പ്രമേഹത്തിനിടയാക്കിയ മറ്റു ഘടകങ്ങളാണ്.

## സങ്കീർണ്ണതകളുടെ രോഗം

ശരീരത്തിലെ സുപ്രധാന ആന്തരാവയവങ്ങളുടെ പ്രവർത്തനത്തെ ബാധിച്ച് സങ്കീർണ്ണമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയെന്നത് പ്രമേഹത്തിന്റെ സ്വഭാവമാണ്. പ്രമേഹം നാലാമത്തെ പ്രധാന മരണ കാരണമാണ്. പ്രമേഹരോഗികളിൽ ആയുർദൈർഘ്യം അഞ്ചിലൊന്നു കുറയുന്നു. പ്രമേഹ രോഗികളിൽ രക്തക്കുഴലുകളുടെ ഉൾഭാഗത്ത് കൊഴുപ്പടിഞ്ഞു കൂടിയുണ്ടാകുന്ന അതിറോസ്ക്ളീറോസിസിനുള്ള സാദ്ധ്യത കൂടുതലാണ്. ഇതുമൂലം ഹൃദ്രോഗസാദ്ധ്യത നാലുമടങ്ങാണ്. വേദനയില്ലാതെയുണ്ടാകുന്ന നിശബ്ദ ഹൃദയാഘാതം പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു.



മാംസഭുക്കുകളുടെ ഭക്ഷണക്രമം

പ്രമേഹമുള്ളവർക്ക് മസ്തിഷ്ക്കാഘാതത്തിനുള്ള സാദ്ധ്യത മൂന്നു മടങ്ങ് കൂടുതലാണ്. നിയന്ത്രണാധീനമല്ലാത്ത പ്രമേഹം അന്ധതയ്ക്കും കാരണമായേക്കാം. പ്രമേഹരോഗികളിൽ അന്ധതയ്ക്കുള്ള സാദ്ധ്യത 25 മടങ്ങ് കൂടുതലാണ്. നമ്മുടെ നാട്ടിൽ കാൽ മുറിക്കേണ്ടി വരുന്നവരിൽ 50 ശതമാനവും പ്രമേഹമുള്ളവരാണ്. കൂടാതെ തുടർച്ചയായുണ്ടാകുന്ന രോഗാണുബാധയും രക്തത്തിലെ പഞ്ചസാരയുടെ ഏറ്റക്കുറച്ചിലുകളും രോഗിയുടെ ജീവിതം പ്രശ്നസങ്കീർണ്ണമാക്കുന്നു.


## ചെലവേറുന്ന ചികിത്സ

പ്രമേഹ ചികിത്സയ്ക്കും, തുടർച്ചയായ ലബോറട്ടറി പരിശോധനകൾക്കുമൊക്കെയുള്ള ചെലവ് ഏറിക്കൊണ്ടിരിക്കുകയാണ്. സങ്കീർണതകളുടെ ചികിത്സയാണ് കൂടുതൽ ചെലവേറിയത്. പ്രമേഹ രോഗിയുടെ ചികിത്സയിൽ നാല്പതു ശതമാനവും സങ്കീർണതകളുടെ ചികിത്സാചെലവാണ്. ഒരു പ്രമേഹ രോഗിക്ക് രോഗ ചികിത്സയ്ക്കും, ലബോറട്ടറി പരിശോധനകൾക്കുമൊക്കെയായി പ്രതിവർഷം 5000 രൂപയോളം ചെലവ് വരുന്നുണ്ട്. ശരാശരി

വരുമാനക്കാരനെ സംബന്ധിച്ചിടത്തോളം ദുഷ്കരമാവുകയാണ് പ്രമേഹചികിത്സ. ഇവിടെയാണ് രോഗ പ്രതിരോധത്തിലൂന്നിയ ആരോഗ്യ അവബോധത്തിന്റെ പ്രസക്തി.

### പ്രമേഹത്തെ പ്രതിരോധിക്കാം

ജീവിതരീതിയുടെ ക്രമീകരണങ്ങളിലൂടെ പ്രമേഹരോഗസാധ്യത 50 ശതമാനം കണ്ടു കുറയ്ക്കാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഭക്ഷണക്രമീകരണം പ്രമേഹ പ്രതിരോധത്തിനുള്ള പ്രധാന മാർഗമാണ്. പെട്ടെന്ന് ആഗിരണം ചെയ്യപ്പെടുന്ന അന്നജമടങ്ങിയ മധുരപലഹാരങ്ങൾ ഒഴിവാക്കണം. നാരുകൾ ധാരാ




സസ്യഭുക്കുകളുടെ ഭക്ഷണക്രമം

ളമായി അടങ്ങിയ ഭക്ഷണസാധനങ്ങൾ ഉപയോഗിക്കണം. ക്രമമായ വ്യായാമം ഇൻസുലിന്റെ പ്രവർത്തനക്ഷമതയെ കൂട്ടുകയും പേശികളിലേക്ക് കൂടുതൽ ഗ്ളൂക്കോസ് ആഗിരണം ചെയ്യുവാൻ സഹായിക്കുകയും ചെയ്യുന്നു. ദിവസേന 30-40 മിനിട്ട് നടക്കുന്നതു തന്നെയാണ് ഏറ്റവും ഉചിതമായ വ്യായാമം. യോഗ, ധ്യാനം ഇവയിലേർപ്പെടുന്നത്, മാനസിക പിരിമുറുക്കം ഒഴിവാക്കി പ്രമേഹത്തെ തടയുവാൻ ഉപകരിക്കും.

### സാമൂഹിക പങ്കാളിത്തം

ഗൗരവമേറിയ ഈ ആരോഗ്യപ്രശ്നത്തെ ഒരു സാമൂഹിക പ്രശ്നമായി കണക്കാക്കി, ഫലപ്രദമായ നിയന്ത്രണ പരിപാടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രമേഹത്തെ പറ്റിയും നിയന്ത്രണമാർഗങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ പാഠ്യ പദ്ധതിയിലൂടെ ബോധവത്കരിക്കണം. സന്നദ്ധസംഘടനകൾക്ക് നമ്മുടെ നാട്ടിലെ പ്രമേഹരോഗികളുടെ വ്യക്തമായ കണക്ക് ശേഖരിക്കാവുന്നതാണ്. തുടർച്ചയായുള്ള പ്രമേഹ വിദ്യാഭ്യാസ-ബോധവത്കരണ പരിപാടികൾ ഏറ്റെടുത്തു നടത്തുന്നത് ഉചിതമായിരിക്കും. പ്രമേഹ രോഗികളുടെ കൂട്ടായ്മകൾ ഉണ്ടാകുന്നത് സമാന പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പരിഹാര മാർഗങ്ങൾ കണ്ടെത്തുവാനും ഉപകരിക്കും.



# നീലക്കുയിൽ

## കാലത്തെ അതിജീവിച്ച പ്രമേയം



**നീലക്കുയിലിന് 50 വയസ്സ് തികയുകയാണ്. കാലഘട്ടത്തിനുമപ്പുറത്തേക്ക് കടന്നു ചെല്ലാൻ കെല്പുള്ള പ്രമേയവും ഹരിതാഭമായ മനോഹര ഗാനങ്ങളും ഈ ചിത്രത്തെ ഇന്നും ശ്രദ്ധേയമാക്കുന്നു.**

എൻ.സി. സേനൻ

മലയാളത്തിലെ നാല്പത്തൊന്നാമത് ചിത്രമാണ് ചന്ദ്രതാരയുടെ നീലക്കുയിൽ. ചിത്രത്തിന് പ്രസിഡന്റിന്റെ വെള്ളിമെഡൽ ലഭിച്ചതിനു പുറമേ മലയാളികളുടെ അകമഴിഞ്ഞ അഭിനന്ദനവും നേടാനായി. ഈ ചിത്രത്തിൽ പങ്കെടുത്തവരെല്ലാംതന്നെ പിന്നീട് മലയാള ചലച്ചിത്രരംഗത്തെ ഉന്നതങ്ങളിൽ എത്തിക്കുവാൻ കഴിവുള്ള പ്രഗത്ഭമതികളായിത്തീരുകയും ചെയ്തു. സംവിധായകർ പി. ഭാസ്കരനും രാമു കാര്യാട്ടും. സംഗീതം കെ. രാഘവൻ. ഛായാഗ്രഹണം എ. വിൻസന്റ്, കഥ-സംഭാഷണം ഉറൂബ്. നിർമ്മാണം കുറെയധികം നല്ല ചിത്രങ്ങൾ കാഴ്ചവച്ച ടി.കെ. പരീക്കുട്ടിയും. 1953-ൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി, 1954-ൽ റിലീസായ ഈ ചിത്രത്തോടെ മലയാള ചലച്ചിത്രരംഗത്ത് ഒരു വഴിത്തിരിവ് സൃഷ്ടിക്കപ്പെട്ടു. തുടർന്നുവന്ന ചിത്രങ്ങളിൽ അത് പ്രകടമാവുകയും ചെയ്തു.

അന്നുവരെ മലയാളത്തിൽ നിർമ്മിച്ചിട്ടുള്ള ചിത്രങ്ങളിൽനിന്നും വ്യത്യസ്തമായ ഒന്നായിരുന്നു ചിത്രത്തിന്റെ കഥാതന്തു. പുരോഗമനപരമായ ഒരു പ്രമേയം വളരെ വിദഗ്ധമായിത്തന്നെ കൈകാര്യം ചെയ്തു. ഈ ചിത്രത്തിൽ പ്രവർത്തിച്ചിരുന്നവരെല്ലാം തന്നെ ഒരു നല്ല ചിത്രത്തിന്റെ ആവശ്യകതയെപ്പറ്റി കൂലങ്കഷമായി ചിന്തിച്ച് വന്നവരായിരുന്നു. ആശയത്തിനു പുറകെ

വരുമാനക്കാരനെ സംബന്ധിച്ചിടത്തോളം ദുഷ്കരമാവുകയാണ് പ്രമേഹചികിത്സ. ഇവിടെയാണ് രോഗ പ്രതിരോധത്തിലൂന്നിയ ആരോഗ്യ അവബോധത്തിന്റെ പ്രസക്തി.

### പ്രമേഹത്തെ പ്രതിരോധിക്കാം

ജീവിതരീതിയുടെ ക്രമീകരണങ്ങളിലൂടെ പ്രമേഹരോഗസാധ്യത 50 ശതമാനം കണ്ടു കുറയ്ക്കാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഭക്ഷണക്രമീകരണം പ്രമേഹ പ്രതിരോധത്തിനുള്ള പ്രധാന മാർഗമാണ്. പെട്ടെന്ന് ആഗിരണം ചെയ്യപ്പെടുന്ന അന്നജമടങ്ങിയ മധുരപലഹാരങ്ങൾ ഒഴിവാക്കണം. നാരുകൾ ധാരാ



സസ്യഭുക്കുകളുടെ ഭക്ഷണക്രമം

ളമായി അടങ്ങിയ ഭക്ഷണസാധനങ്ങൾ ഉപയോഗിക്കണം. ക്രമമായ വ്യായാമം ഇൻസുലിന്റെ പ്രവർത്തനക്ഷമതയെ കൂട്ടുകയും പേശികളിലേക്ക് കൂടുതൽ ഗ്ളൂക്കോസ് ആഗിരണം ചെയ്യുവാൻ സഹായിക്കുകയും ചെയ്യുന്നു. ദിവസേന 30-40 മിനിട്ട് നടക്കുന്നതു തന്നെയാണ് ഏറ്റവും ഉചിതമായ വ്യായാമം. യോഗ, ധ്യാനം ഇവയിലേർപ്പെടുന്നത്, മാനസിക പിരിമുറുക്കം ഒഴിവാക്കി പ്രമേഹത്തെ തടയുവാൻ ഉപകരിക്കും.

### സാമൂഹിക പങ്കാളിത്തം

ഗൗരവമേറിയ ഈ ആരോഗ്യപ്രശ്നത്തെ ഒരു സാമൂഹിക പ്രശ്നമായി കണക്കാക്കി, ഫലപ്രദമായ നിയന്ത്രണ പരിപാടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രമേഹത്തെ പറ്റിയും നിയന്ത്രണമാർഗങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ പാഠ്യപദ്ധതിയിലൂടെ ബോധവത്കരിക്കണം. സന്നദ്ധസംഘടനകൾക്ക് നമ്മുടെ നാട്ടിലെ പ്രമേഹരോഗികളുടെ വ്യക്തമായ കണക്ക് ശേഖരിക്കാവുന്നതാണ്. തുടർച്ചയായുള്ള പ്രമേഹ വിദ്യാഭ്യാസ-ബോധവത്കരണ പരിപാടികൾ ഏറ്റെടുത്തു നടത്തുന്നത് ഉചിതമായിരിക്കും. പ്രമേഹ രോഗികളുടെ കൂട്ടായ്മകൾ ഉണ്ടാകുന്നത് സമാന പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പരിഹാര മാർഗങ്ങൾ കണ്ടെത്തുവാനും ഉപകരിക്കും.

# നീലക്കുയിൽ

## കാലത്തെ അതിജീവിച്ച പ്രമേയം



**നീലക്കുയിലിന് 50 വയസ്സ് തികയുകയാണ്. കാലഘട്ടത്തിനുമപ്പുറത്തേക്ക് കടന്നു ചെല്ലാൻ കെല്പുള്ള പ്രമേയവും ഹരിതാഭമായ മനോഹര ഗാനങ്ങളും ഈ ചിത്രത്തെ ഇന്നും ശ്രദ്ധേയമാക്കുന്നു.**

**എൻ.സി. സേനൻ**

മലയാളത്തിലെ നാല്പത്തൊന്നാമത് ചിത്രമാണ് ചന്ദ്രതാരയുടെ നീലക്കുയിൽ. ചിത്രത്തിന് പ്രസിഡന്റിന്റെ വെള്ളിമെഡൽ ലഭിച്ചതിനു പുറമേ മലയാളികളുടെ അകമഴിഞ്ഞ അഭിനന്ദനവും നേടാനായി. ഈ ചിത്രത്തിൽ പങ്കെടുത്തവരെല്ലാംതന്നെ പിന്നീട് മലയാള ചലച്ചിത്രരംഗത്തെ ഉന്നതങ്ങളിൽ എത്തിക്കുവാൻ കഴിവുള്ള പ്രഗത്ഭമതികളായിത്തീരുകയും ചെയ്തു. സംവിധായകർ പി. ഭാസ്കരനും രാമു കാര്യാട്ടും. സംഗീതം കെ. രാഘവൻ. ഛായാഗ്രഹണം എ. വിൻസന്റ്, കഥ-സംഭാഷണം ഉറൂബ്. നിർമ്മാണം കുറെയധികം നല്ല ചിത്രങ്ങൾ കാഴ്ചവച്ച ടി.കെ. പരീക്കുട്ടിയും. 1953-ൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി, 1954-ൽ റിലീസായ ഈ ചിത്രത്തോടെ മലയാള ചലച്ചിത്രരംഗത്ത് ഒരു വഴിത്തിരിവ് സൃഷ്ടിക്കപ്പെട്ടു. തുടർന്നുവന്ന ചിത്രങ്ങളിൽ അത് പ്രകടമാവുകയും ചെയ്തു.

അന്നുവരെ മലയാളത്തിൽ നിർമ്മിച്ചിട്ടുള്ള ചിത്രങ്ങളിൽനിന്നും വ്യത്യസ്തമായ ഒന്നായിരുന്നു ചിത്രത്തിന്റെ കഥാതന്തു. പുരോഗമനപരമായ ഒരു പ്രമേയം വളരെ വിദഗ്ധമായിത്തന്നെ കൈകാര്യം ചെയ്തു. ഈ ചിത്രത്തിൽ പ്രവർത്തിച്ചിരുന്നവരെല്ലാം തന്നെ ഒരു നല്ല ചിത്രത്തിന്റെ ആവശ്യകതയെപ്പറ്റി കൂലങ്കഷമായി ചിന്തിച്ച് വന്നവരായിരുന്നു. ആശയത്തിനു പുറകെ

സാങ്കേതിക മികവ് നൽകാൻ ഛായാഗ്രാഹകനായ വിൻസന്റിന് കഴിഞ്ഞു എന്നതും സംതൃപ്തിയോടെ ഇന്നദ്ദേഹം അനുസ്മരിക്കുന്നു.

**ചിത്രത്തിന്റെ കഥ:**

മഴയുള്ള ഒരു രാത്രിയിൽ നീലിപ്പുലയി ശ്രീധരൻമാസ്റ്ററുടെ കളപ്പുരക്കോലായിൽ അഭയംതേടി. മിന്നലിന്റെ വെളിച്ചത്തിൽ ശ്രീധരൻ അവളെക്കണ്ടു. അവളുടെ സൗന്ദര്യത്തിൽ അയാൾ ഭ്രമിച്ചുപോയി. സമൂഹത്തിൽ ഉന്നതനായി വിരാജിക്കുന്ന ശ്രീധരൻ മാസ്റ്ററുടെ ആഗ്രഹത്തെ നിഷേധിക്കാൻ അവൾക്ക് കഴിഞ്ഞില്ല. ആ ബന്ധം അധികനാൾ നീണ്ടുനിന്നില്ല. ഒരു ദിവസം അവൾ ഗർഭിണിയാണെന്ന വിവരം മാസ്റ്ററെ അറിയിച്ചു. അതുകേട്ട് ശ്രീധരൻമാസ്റ്റർ ആകെ പരിഭ്രാന്തനായി. സമൂഹത്തിലെ പ്രമാണിമാരുടെ മുന്നിൽ തനിക്കെന്താണ് പറയാനുള്ളത്? ഒരു ഭീരുവിനെപ്പോലെ അയാൾ പിന്മാറി. നീലിയുടെ അച്ഛൻ എത്രതന്നെ നിർബന്ധിച്ചിട്ടും പിഴപ്പിച്ചതാരാണെന്ന് പറയാൻ നീലി തയ്യാറായില്ല. ഒടുവിൽ പുലയ സമുദായാചാരപ്രകാരം അവൾ ബഹിഷ്ക്കരിക്കപ്പെട്ടു. നീലി അനാഥയായി. ശ്രീധരൻമാസ്റ്റർക്ക് താൻ ചെയ്ത തെറ്റിനെക്കുറിച്ച് ഒട്ടും പശ്ചാത്താപമുണ്ടായില്ല. അയാൾ ഒരു തകർന്ന തറവാട്ടിലെ ഇളയ സന്താനമായ നളിനി എന്ന പെൺകുട്ടിയെ വിവാഹം കഴിച്ചു.

ഒരു സന്ധ്യയ്ക്ക് ഗ്രാമത്തിലൂടെ കടന്നുപോകുന്ന റെയിൽപാളത്തിനരുകിൽ ഒരു പിഞ്ചു കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഗ്രാമീണർ ഓടിക്കൂടി. ഒരു പുതിയ ജീവന് പിറവി കൊടുത്ത് പരിശുദ്ധമായ ഒരാത്മാവ് എന്നെന്നേയ്ക്കുമായി ഒരു ന്നേയ്ക്കുമായി ഈ ലോകത്തോട് യാത്ര പറയുകയായിരുന്നു. ആ രംഗത്തിന് ദൃക്സാക്ഷിയായിരുന്ന ശ്രീധരൻമാസ്റ്റർക്ക് താനും ആ പുലയിപ്പെണ്ണും മാത്രം കാത്തുസൂക്ഷിച്ചിരുന്ന രഹസ്യം, കയ്യുംകാലും ജീവനും വച്ച് പുറത്തുവന്നത് ഒരു ഭീരുവിനെപ്പോലെ നോക്കിനിൽക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. ആ ചോരക്കുഞ്ഞിനെ എടുക്കാനുള്ള ധൈര്യം അവിടെക്കൂടിയ ആർക്കും ഉണ്ടായില്ല. ആ സമയത്താണ് സ്ഥലത്തെ പോസ്റ്റുമാനും നല്ലവനുമായ ശങ്കരൻനായർ അവിടേയ്ക്ക് എത്തിച്ചേരുന്നത്. ഒരു മടിയുംകൂടാതെ ശങ്കരൻനായർ ആ കുഞ്ഞിനെ എടുത്തു. അവിടെ കൂടിനിന്നവരോടായി ശങ്കരൻനായർ പറഞ്ഞു:

"ഈ കുട്ടിയ്ക്ക് ജാതിയില്ല, മതമില്ല. ഒരു മനുഷ്യക്കുട്ടിയായി ഇതിനെ ഞാൻ വളർത്തും".

ശങ്കരൻനായർ നീലിയുടെ മകന് മോഹൻ എന്ന് പേരിട്ട അവനെ വളർത്തുന്നു. ശ്രീധരൻമാസ്റ്റർ ചിന്താക്കുഴപ്പത്തിലായി. മകനെ സ്വീകരിക്കുവാനുള്ള ആഗ്രഹം ഒരു വശത്ത്. സമുദായത്തോടുള്ള ഭീതി മറുവശത്ത്. മകനെ കാണാതിരിക്കാനും ഓർമിക്കാതിരിക്കാനും മാസ്റ്റർക്ക് കഴിയാതെവന്നു. അവനെ വീട്ടിൽ കൊണ്ടുവരാതെ തനിക്ക് സമാധാനമില്ല എന്ന് മാസ്റ്റർക്ക് തോന്നിത്തുടങ്ങി. ഒടുവിൽ ശങ്കരൻ നായരെ സമീപിച്ചു. തുറന്ന മനസ്സോടെ കാര്യങ്ങൾ പറഞ്ഞു. അവസാനം വളരെ പ്രയാസത്തിൽ മോഹനെ ശ്രീധരൻമാസ്റ്റർക്ക് നല്കുന്നു. തന്റെ ഭർത്താവിന്റെ പുതിയ സന്താനത്തെ തന്റെയും മകനായി ശ്രീധരന്റെ ഭാര്യ സ്വീകരിക്കുന്നതോടെ കഥ അവസാനിക്കുന്നു.

മനുഷ്യസ്നേഹത്തിന്റെ മഹനീയത എടുത്തുകാട്ടുന്ന കഥ. ചലച്ചിത്രരംഗത്ത് ആദ്യമായി അവതരിപ്പിച്ച ശക്തമായ പ്രമേയം. വശ്യതയാർന്ന രീതിയിൽ കഥാഗതിയ്ക്കനുസരിച്ച് ചേർത്തിട്ടുള്ള ഗാനങ്ങൾ. പുതുമയാർന്ന ക്യാമറയുടെ ചലനങ്ങൾ. യാഥാർത്ഥ്യപ്രതീതി ജനിപ്പിക്കുന്നതരത്തിലുള്ള പശ്ചാത്തല ചിത്രീകരണം. കഥാപാത്രങ്ങൾക്ക് അനുയോജ്യമായിട്ടുള്ള വേഷവിധാനങ്ങൾ. ദൃശ്യസംയോജനത്തിൽ പ്രകടമാക്കിയ ചാരുത, എല്ലാം ചിത്രത്തെ മനോഹരമാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ ചിത്രം



നൽകുകയുണ്ടായി എന്നത് വിസ്മരിക്കാനാവില്ല. സാഹിത്യകൃതികളും സാഹിത്യകാരന്മാരുമായുള്ള സിനിമാബന്ധമാണ് ഇതിന് വഴിയൊരുക്കിയിട്ടുള്ളത്. സാഹിത്യരംഗത്ത് ഉറൂബ് എന്ന പേരിൽ അറിയപ്പെടുന്ന പി.സി. കുട്ടിക്കൃഷ്ണനാണ് ചിത്രത്തിന് കഥയും സംഭാഷണവും രചിച്ചത്. തിരക്കഥയിൽനിന്നും ചിത്രണരേഖ തയ്യാറാക്കുന്നതിൽ, കവിയും ഗാനരചയിതാവും ആയ പി. ഭാസ്കരനും സിനിമാ ലേഖകനും പത്രാധിപരുമായിരുന്ന രാമു കാര്യാട്ടും ജമിനി സ്റ്റുഡിയോ

> 1954-ൽ നീലക്കുയിലിന് വെള്ളിമെഡൽ ലഭിച്ചു.
> ദേശീയതലത്തിലുള്ള ഈ അംഗീകാരം
> മലയാള ചലച്ചിത്രങ്ങൾക്ക്
> ഒരുണർവ് നൽകുകയുണ്ടായി.

ഏവർക്കും ഇഷ്ടപ്പെട്ടു. തെന്നിന്ത്യൻ സിനിമയിൽ അന്നുവരെ ആരും കണ്ടിട്ടില്ലാത്ത ഒരു നൂതനത്വം അവതരിപ്പിക്കുവാൻ ഇതിന്റെ പ്രവർത്തകർക്ക് കഴിഞ്ഞു. കലയും കച്ചവടവും സമന്വയിപ്പിച്ചുകൊണ്ടുള്ള അവതരണ മികവ് എന്ന് തീർത്തും പറയാം.

മലയാള ചലച്ചിത്രനിർമ്മാണം തുടങ്ങിയിട്ട് പതിനാറ് വർഷങ്ങൾ കഴിഞ്ഞു. ചലച്ചിത്രരംഗത്തെ പ്രോത്സാഹിപ്പിക്കാൻ കേന്ദ്രഗവൺമെന്റും അവാർഡുകൾ ഏർപ്പെടുത്തി. ആ വർഷംതന്നെ (1954) മലയാളത്തിന്റെ ഈ ചിത്രത്തിനു വെള്ളിമെഡൽ ലഭിക്കുകയും ചെയ്തു. ദേശീയതലത്തിലുള്ള ഈ അംഗീകാരം മലയാള ചലച്ചിത്രങ്ങൾക്ക് ഒരുണർവ് വിൽ ധാരാളം ചിത്രങ്ങളിൽ പങ്കെടുക്കുകയും ക്യാമറ കൈകാര്യം ചെയ്യുകയും ചെയ്തിട്ടുള്ള വിൻസന്റും ഒത്തുചേർന്നു. അതൊരു നല്ല കൂട്ടുകെട്ടായി ഭവിച്ചു എന്നത് മലയാള സിനിമയുടെ നേട്ടമായിരുന്നു. കാര്യാട്ടിന് പി.ആർ.എസ്. പിള്ളയോടൊപ്പം സംവിധാന സഹായിയായി പ്രവർത്തിച്ച പരിചയമുണ്ട്; പി. ഭാസ്കരന് ചന്ദ്രിക, തിരമാല എന്നീ ചിത്രങ്ങളുടെ പ്രവർത്തനങ്ങളുമായി പങ്കെടുത്ത അനുഭവങ്ങളും ഉണ്ടായിരുന്നു. ഹൃദയത്തെ സ്പർശിക്കുന്ന നല്ല ചില മുഹൂർത്തങ്ങൾ ഒരുക്കിയെടുക്കാൻ ഈ സംവിധായകർക്കു കഴിഞ്ഞു എന്നത് പ്രേക്ഷകരെ ആകർഷിക്കാൻ പര്യാപ്തമായിരുന്നു.



എ. വിൻസന്റ് പിന്നീട് സംവിധായക നുമായി. മലയാളത്തിലെ എണ്ണപ്പെട്ട ചിത്രങ്ങളുടെ സംവിധായകൻ. വിൻസന്റിന്റെ മലയാളത്തിലെ ആദ്യ ചിത്രമായിരുന്നു നീലക്കുയിൽ. അമ്പത് വർഷങ്ങൾക്ക് മുൻപുള്ള അനുഭവം ഓർമ്മയിൽ നിന്നും ചികഞ്ഞെടുത്ത് വിൻസന്റ് ഒരഭിമുഖത്തിൽ വ്യക്തമാക്കി യത് ഇപ്രകാരം:-

ഉറൂബ് സംഭാഷണമെഴുതിയ നീല ക്കുയിലിന്റെ കഥ പി. ഭാസ്കരനും രാമു കാര്യാട്ടും എന്നെ വായിച്ചു കേൾപ്പിച്ചു. ഈ ചിത്രത്തിന്റെ ഛായാഗ്രഹണത്തിൽ പ്രവർത്തിക്കണമെന്നും അവർ ആവശ്യ പ്പെട്ടു. മലയാള ചിത്രങ്ങളിൽ പ്രവർത്തി ക്കാൻ എനിക്കാഗ്രഹമുണ്ടായിരുന്നു. ദിവ സങ്ങളോളം കഥയെപ്പറ്റിയും അതിന്റെ ദൃശ്യങ്ങളെപ്പറ്റിയുമൊക്കെ ഞങ്ങൾ ചർച്ച നടത്തി. ഉറൂബിന് തിരക്കഥ വീണ്ടും വീണ്ടും മാറ്റി എഴുതേണ്ടിവന്നു. ചിത്രത്തിന്റെ ദൃശ്യങ്ങൾ എല്ലാംതന്നെ നേരത്തേ മനസ്സിൽ ഉറപ്പിച്ചിരുന്നത് വളരെ സഹായകമായിരുന്നു.

ചിത്രത്തിന് പണം മുടക്കുന്നയാൾ കൊച്ചിയിലെ ഒരു വ്യവസായിയായ ടി.കെ. പരീക്കുട്ടി. ആ സംഭവത്തെപ്പറ്റി പി. ഭാസ്കരൻ മാസ്റ്റർ:

എന്റെ കയ്യിൽ ഒരു ലക്ഷം രൂപയേ ഉള്ളൂ. ഇതിനുള്ളിൽ നിർത്തി പടം എടു ക്കണം. അതീക്കൂടുതൽ പ്രതീക്ഷിക്കരു ത്. നിങ്ങൾക്ക് സമ്മതമുണ്ടെങ്കിൽ തുട ങ്ങാം. ഇല്ലെങ്കിൽ നിർമ്മാണം വേണ്ട.

ചിത്രം സംവിധാനം ചെയ്യാനുള്ള അദമ്യമായ ആവേശം നിറഞ്ഞുനിന്നി രുന്ന ആ നാളുകളെപ്പറ്റിയുള്ള ഓർമ്മ കൾ മാസ്റ്ററെ വികാരഭരിതനാക്കുന്നു. ഒരു ലക്ഷം രൂപ മാത്രം. ഈ പണം കൊണ്ട് ചിത്രം പൂർത്തിയാ ക്കാൻ കഴിയാതെ വന്നാൽ ജീവിതംതന്നെ തകരുമെന്ന അവസ്ഥയും. വരുന്നിടത്തുവച്ച് കാണാമെന്ന ചിന്ത കൂടെച്ചേർന്ന ധീരനായ കാര്യാ ട്ടിനുണ്ടായി. ആദ്യം കഥാകാര നായ ഉറൂബിനെ കണ്ടു. പിന്നീട് കഥയ്ക്ക് ചേർന്ന അഭിനേതാ ക്കളെ കണ്ടെത്താൻ ശ്രമം ആരംഭിച്ചു. കഥകേട്ട് സത്യൻ മാസ്റ്റർ പ്രതിഫലമൊന്നും പ്രതീക്ഷിക്കാതെതന്നെ അഭിന യിക്കാമെന്ന് സമ്മതിച്ചു. നായി കയായി മിസ്സ് കുമാരിയെയും പോസ്റ്റ്മാന്റെ ഭാര്യയായി പ്രേമ യെയും പോസ്റ്റുമാനായി നാടക രംഗത്തു പ്രശസ്തനായിരുന്ന പി.ജെ. ആന്റണിയെയും നിശ്ച യിച്ചു. ചിത്രീകരണം തുടങ്ങിയ പ്പോൾ ആന്റണിക്ക് നാടക ത്തിന്റെ തിരക്കുമൂലം എത്തിച്ചേരാൻ കഴിഞ്ഞില്ല. ആ വേഷം ഭാസ്കരൻ മാസ്റ്റർക്കുതന്നെ ഏറ്റെടുക്കേണ്ടിവന്നു. അതും ഒരു നിയോഗമായിരുന്നു എന്ന് മാസ്റ്റർ ഓർക്കുന്നു.

കഥാഗതിയ്ക്ക് തടസ്സം സൃഷ്ടി ക്കാതെ ഗാനങ്ങൾ ഭാസ്കരൻ മാസ്റ്റർ എഴുതിയപ്പോൾ അതിന് ഈണം പക രാൻ റേഡിയോ സംഗീതത്തിലൂടെ പ്രശ സ്തനായ കെ. രാഘവനെ ഏല്പിക്കുക യായിരുന്നു. നാടൻ ശീലുകൾ കൊണ്ട് ഗാനങ്ങളെ ഹൃദയസ്പർശിയാക്കാൻ കെ. രാഘവന് സാധിച്ചു എന്നതും നേട്ട മായി, അതേപ്പറ്റി രാഘവൻമാസ്റ്റർ :

കതിരുകാണാക്കിളി എന്ന ചിത്ര ത്തിന് വേണ്ടിയാണ് ഞാൻ ആദ്യമായി സംഗീതസംവിധാനം ചെയ്തത്. ഭാസ്ക രൻ മാസ്റ്ററായിരുന്നു രചന. ചിത്രം പുറത്ത് വന്നില്ല. ആദ്യചിത്രം പുറത്ത് വരാത്തതിൽ അതിയായ നിരാശ തോന്നി. പീന്നീടാണ് പി. ഭാസ്കരൻ മാസ്റ്റർ നീലക്കുയിലിൽ അവസരം തന്നത്. മദിരാശിയിലെ വാഹിനി സ്റ്റുഡി യോവിൽ വച്ചായിരുന്നു റിക്കാർഡിംഗ്. പ്രശസ്ത ഗായകരോടൊപ്പം എനിക്കും ഒരു ഗാനം ആലപിക്കേണ്ടി വന്നു. നീല ക്കുയിലിലെ ഗാനങ്ങൾക്ക് ഞാനധികവും നാടോടി സംഗീതമായിരുന്നു നൽകി യത്. അതിലെ കായലരികത്ത് എന്ന് തുടങ്ങുന്ന ഗാനമാണ് ഞാൻ പാടിയത്. ആ ചിത്രം എന്നെ പ്രശസ്തനാക്കി. ഈ രംഗത്ത് പ്രതീക്ഷയ്ക്ക് വകയുണ്ടെന്ന് എന്റെ മനസ്സ് മന്ത്രിച്ചു. എന്റെ ജീവന്റെ ഒരംശം എന്നിലുള്ളിടത്തോളം കാലം ഭാസ്കരൻ മാസ്റ്റർ എന്നിലുണ്ടാവും, മാസ്റ്റർ ഒരു വലിയ മനുഷ്യനാണ്.

ഒൻപത് ഗാനങ്ങളുണ്ടായിരുന്നു ഇതിൽ. ജാനമ്മ ഡേവിഡ്, പുഷ്പ, കോഴിക്കോട് അബ്ദുൽ ഖാദർ, മെഹ ബൂബ്, ഹാജി അബ്ദുൽ ഖാദർ എന്നി വർ ഗാനങ്ങൾ ആലപിച്ചു. രാഘവൻ മാസ്റ്റർ പാടിയ പാട്ട് മറ്റൊരാൾ പാടാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ അത് മാസ്റ്റർ പാടിക്കേൾക്കാൻ ഇടയായ നിർമ്മാതാവ് പരീക്കുട്ടി പറഞ്ഞു "മാഷേ, ആ പാട്ട് നിങ്ങള് തന്നെ അങ്ങ് പാടീൻ. വേറെ ആര് പാടി യാലും ഇത്ര ഒക്കൂല". അങ്ങനെ സംഗീത സംവിധായകന് പാടേണ്ടി വന്നതും യാദൃശ്ചിക സംഭവമായിരുന്നു. നീലക്കുയിലിലെ ഗാനങ്ങൾ അമ്പത് വർഷത്തിന് ശേഷവും കർണ്ണപുടങ്ങളിൽ മുഴങ്ങിക്കേൾക്കുന്നു. 'കായലരികത്ത്', 'എങ്ങനെ നീ മറക്കും', 'മാനെന്നും വിളി ക്കില്ല', 'കുയിലിനെത്തേടി', എന്നീ ഗാന ങ്ങൾ എടുത്ത് പറയേണ്ടവയാണ്.

പ്രഗത്ഭരുടെ, പരസ്പരം സ്പർദ്ധ ഇല്ലാത്തവരുടെ ഒരു നല്ല കൂട്ടുകെട്ടാണ് നീലക്കുയിൽ എന്ന ചിത്രത്തെ ഇത്ര മാത്രം ഉയർത്തിക്കാട്ടിയത്. അഭിനയ ത്തിൽ എല്ലാവരും മികച്ചുനിന്നു. സത്യൻ, കുമാരി, പ്രേമ, പി. ഭാസ്കരൻ, കൊടുങ്ങല്ലൂർ അമ്മിണി അമ്മ, വി. കമലാക്ഷി, തങ്കമണി, മാസ്റ്റർ വിപിൻ, ബാലകൃഷ്ണ മേനോൻ, കൊച്ച പ്പൻ, ബലരാമൻ, മണവാളൻ, ജോൺസൺ, വി.ഒ. അബ്ദുള്ള, ഗോവിന്ദ് പാലിയാട്ട്, ഗോപി, ബാഹുലേയൻ, ഉസ്മാൻ, അബ്ദു എന്നിവരായിരുന്നു അഭിനേതാക്കൾ. കലാ സംവിധാനം കെ.പി. ശങ്കരൻകുട്ടി. ചിത്രസംയോജനം ടി.ആർ. ശ്രീനിവാസലു. മേക്കപ്പ് പീതാംബരം, നൃത്ത സംവിധാനം ഗോപാലകൃഷ്ണൻ. ചിത്രം മദിരാശി യിലെ വാഹിനി സ്റ്റുഡിയോവിൽ പൂർത്തിയാക്കി.

കാലഘട്ടത്തിനുമപ്പുറത്തേയ്ക്ക് കടന്ന് ചെല്ലാനുള്ള കാഴ്പ്പാടും ജന ങ്ങളെ വശീകരിക്കുന്ന രീതിയിലുള്ള ചിത്രത്തിന്റെ രൂപപ്പെടുത്തലും ചിത്രത്തെ സാമ്പത്തികമായും വിജയ പീഠത്തിൽ കൊണ്ടെത്തിച്ചു. ഈ ചിത്ര ത്തിൽ പങ്കെടുത്ത പ്രഗത്ഭമതികൾ മല യാളസിനിമയെ ഔന്നത്യത്തിലേക്ക് പിടി ച്ചുയർത്തിയതും ചരിത്രസംഭവമാണ്. ബാലതാരമായിരുന്ന വിപിൻ മോഹൻ പോലും ഇന്ന് മലയാളത്തിലെ പ്രശസ്ത നായ ഛായാഗ്രാഹകനാണ്. മലയാള സിനിമയുടെ ഗതിതന്നെ മാറ്റി മറിക്കാൻ ഈ ഒരു ചിത്രത്തിലൂടെ ഇതിന്റെ പ്രവർത്തകർക്ക് സാധിച്ചു എന്നതും ആസ്വാദകകേരളം നന്ദിയോടെ സ്മരി ക്കുന്നു. ചിത്രത്തിൽ പങ്കെടുത്ത ഇന്ന് ജീവിച്ചിരിക്കുന്നവരും അകന്ന് പോയവ രുമായ എല്ലാ കലാകാരന്മാർക്കും കലാ കാരികൾക്കും അഭിനന്ദനത്തിന്റെ പൂച്ചെ ണ്ടുകൾ.



## കൗതുകം പകർന്ന ആകാശവിസ്മയം

ഇരുളിന്റെ മറവിലെ ആകാശവിസ്മയം അവിസ്മരണീയമായി. മാനത്ത് കൗതുകം പരത്തിയ ശുക്ര-ചന്ദ്ര സംഗമം ശാസ്ത്രകുതുകികൾക്കൊപ്പം സാധാരണക്കാർക്കും അപൂർവ ദൃശ്യവിരുന്നാണ് പകർന്നുനല്കിയത്. ഒരു ജ്യോതിർഗോളം മറ്റൊരു ഗോളത്തെ മറയ്ക്കുന്ന പ്രതിഭാസമായ ഒക്കൽട്ടേഷൻ അപൂർവ കാഴ്ചയാണ്. ദക്ഷിണേന്ത്യയിൽ കോഴിക്കോട്ട് മാത്രമാണ് ഈ ആകാശനാടകം ദൃശ്യമായത്. കേവലം 45 സെക്കന്റുകൾ മാത്രം നീണ്ട ഈ പ്രതിഭാസം നവംബർ 10ന് പുലർച്ചെ 4.30 നാണ് ആകാശത്ത് അരങ്ങേറിയത്. ഓറഞ്ച് നിറത്തിൽ ശുക്രഗ്രഹം ചന്ദ്രക്കലയുടെ പുറകിലേയ്ക്ക് മറഞ്ഞുപോകുന്നത് തീർത്തും കൗതുകം പകരുന്നതായിരുന്നു. കോഴിക്കോട്ടെ മേഖലാ ശാസ്ത്രകേന്ദ്രത്തിന്റെ പ്ലാനറ്റേറിയത്തിൽ ഈ ദൃശ്യവിസ്മയം പകർത്തിയിട്ടുണ്ട്. ഇനി 2010-ൽ മാത്രമാണ് ഈ വിസ്മയം ദൃശ്യമാകുക. അന്ന് രാജ്യമെമ്പാടും ഈ പ്രതിഭാസം കാണാനാകും.

## പഠനപര്യടനത്തിന് ധനസഹായം

ഗ്രന്ഥങ്ങൾ രചിക്കുന്നതിനാവശ്യമായ വിവരങ്ങളും മറ്റും ശേഖരിക്കുന്നതിന് കേരളത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പഠനപര്യടനം നടത്താനുദ്ദേശിക്കുന്ന അക്കാദമി അംഗങ്ങളല്ലാത്ത സാഹിത്യകാരന്മാരെ സഹായിക്കാൻ സാഹിത്യ അക്കാദമി ഏർപ്പെടുത്തിയ പദ്ധതിയനുസരിച്ച് ഈ വർഷം അഞ്ചു പേർക്ക് ധനസഹായം നൽകുന്നു. 5000/- രൂപ വീതമാണ് സഹായധനം. പഠനപര്യടനം നടത്താനുദ്ദേശിക്കുന്ന സാഹിത്യകാരന്മാർ ഫോറത്തിനായി 5 രൂപയുടെ സ്റ്റാമ്പൊട്ടിച്ച് വിലാസമെഴുതിയ കവർ സഹിതം സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ-680 020 എന്ന വിലാസത്തിൽ എഴുതണം. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 15 വരെ സ്വീകരിക്കും. കഴിഞ്ഞ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും നൽകില്ല.

## നൂറു തികഞ്ഞ ശ്രീമൂലം പ്രജാസഭ

ശ്രീമൂലം പ്രജാസഭയ്ക്ക് നൂറുവയസ്സ് തികഞ്ഞു. 1904 ഒക്ടോബർ 22 ന് പ്രാതിനിധ്യ സ്വഭാവമുള്ള ജനകീയ നിർമ്മാണ സഭയായ ശ്രീമൂലം പ്രജാസഭ ജന്മം കൊണ്ടു. നമ്മുടെ ജനാധിപത്യ സംസ്കാരത്തിന്റെ വേരുകൾ ഇവിടെയാവാം മൺമറഞ്ഞു കിടന്നത്.

1885 മുതൽ 1924 വരെയുള്ള കാലം ആധുനിക തിരുവിതാംകൂറിന് സവിശേഷമായ നിർണായകത്വം നൽകി. അന്നു ഭരണാധികാരിയായിരുന്ന ശ്രീമൂലം തിരുനാളിന് ഏകാധിപത്യരീതികളിൽ കമ്പമുണ്ടായിരുന്നില്ല എന്നതിന് മകുടോദാഹരണം കൂടിയാണ് 1888-ൽ നടന്ന നിയമനിർമ്മാണസഭാ രൂപീകരണം (ഇന്ത്യയിൽ ആദ്യത്തേത്).

1904-ൽ ആണ് രണ്ടാമതൊരു നിയമസഭാവേദിക്ക് ശ്രീമൂലം തിരുനാൾ ജന്മം നൽകിയത്. അതാണ് ശ്രീമൂലം പ്രജാസഭ. തൊട്ടടുത്ത വർഷം മുതൽ ഈ സഭയിലേക്ക് തിരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനം ഉണ്ടായി. അൻപത് രൂപ കരം തീരുവയോ രണ്ടായിരം രൂപ വാർഷിക വരുമാനമോ ഉള്ളവർക്കേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ എന്നു മാത്രം.

## പവനോർജ്ജം വരുന്നു

കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ സ്ഥാപിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ ആയി. മൂന്നു വിഭാഗങ്ങളിലായി സ്വകാര്യ സംരംഭകർക്ക് പവനോർജ്ജ നിർമ്മാണത്തിന് ഇത് അനുമതി നൽകുന്നുണ്ട്.

ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസേഴ്സ്, ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസേഴ്സ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിൽ സ്വകാര്യ സംരംഭകർക്ക് സർക്കാർ ഭൂമിയിൽ നിന്നും പവനോർജ്ജം വികസിപ്പിക്കാം. സ്വകാര്യഭൂമിയിലെ പവനോർജ്ജ വികസനമാണ് മൂന്നാമത്തേത്. ഇതനുസരിച്ച് പവനോർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള സ്റ്റേഷനുകൾ, സ്വകാര്യ/സർക്കാർ ഭൂമിയിൽ സ്ഥാപിക്കാം. സംരംഭകർക്ക് 20 വർഷത്തേക്ക് സർക്കാർ ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിക്കും. ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസേഴ്സിന് മുൻഗണന ലഭിക്കും.

ഉത്പാദകരിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന്റെ വിശദാംശങ്ങൾ വൈദ്യുതി ബോർഡ് തീരുമാനിക്കും. സ്വകാര്യഭൂമിയിൽ അനെർട്ടിന്റെ സാങ്കേതിക അംഗീകാരത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകും.

സംസ്ഥാനത്ത് കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനശേഷി 600 മെഗാവാട്ട് ആണ്. ഇടുക്കിയിലെ രാമക്കൽമേട്ടിൽ ഏകദേശം 80 മെഗാവാട്ട് പവനോർജ്ജം ഉത്പാദിപ്പിക്കാൻ കഴിയും.





## പ്രോട്ടോ ടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ

ആണവോർജ ഉത്പാദനത്തിൽ ഇന്ത്യയുടെ മുന്നേറ്റം കുറിച്ച് തമിഴ്നാട്ടിലെ കൽപ്പാക്കത്ത് ഫാസ്റ്റ് ബ്രീഡർ റിയാക്ടറിന്റെ നിർമ്മാണം ആരംഭിച്ചു. 500 മെഗാവാട്ട് ഉത്പാദനശേഷിയുള്ള ഈ സംരംഭത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് പ്രധാനമന്ത്രി മൻമോഹൻസിംഗാണ്. ഇന്ത്യയുടെ ആണവോർജ പദ്ധതിയുടെ രണ്ടാംഘട്ടത്തിന് ഇതോടെ തുടക്കം കുറിച്ചു.

## 100 കോടിയുടെ നിക്ഷേപം വരും

കേരളത്തിലെ ടൂറിസം രംഗത്ത് ടാജ് ഗ്രൂപ്പ് 100 കോടിയിലേറെ മുതൽ മുടക്കുന്നു. മൂന്നാറിൽ ടാറ്റാ ടീയുടെ സ്ഥലത്ത് ലോക നിലവാരത്തിൽ സപ്ത നക്ഷത്ര ഹോട്ടൽ സ്ഥാപിക്കാൻ സർക്കാരിന്റെ അനുമതി നേടിയിട്ടുണ്ട്. 60 കോടിയോളം നിക്ഷേപം വരുന്ന പദ്ധതിയാണിത്. ഗുരുവായൂരിൽ മുന്തിയതരം ഹോട്ടൽ തുടങ്ങും. ഈ മാതൃകയിൽ ടെക്നോപാർക്കിൽ സ്ഥാപിക്കുന്ന ഹോട്ടലിന് 35 കോടിയാണ് മുതൽമുടക്ക്.

ടൂറിസം ഉത്തര മലബാറിലേക്ക് വ്യാപിപ്പിക്കാനും ടാജിന് പരിപാടിയുണ്ട്. പരമ്പരാഗത കലകൾ മലബാറിനെ ആകർഷകമാക്കും. ടാജിന്റെ ഹോൾഡിംഗ് കമ്പനിയായ ഇന്ത്യൻ ഹോട്ടൽസിന്റെ വൈസ് ചെയർമാൻ ആർ. കെ. കൃഷ്ണകുമാറാണ് ഇക്കാര്യം അറിയിച്ചത്.

സർക്കാരിന്റെ നയസമീപനം വളരെ സൗഹാർദ്ദം നിറഞ്ഞതാണ്. ടൂറിസ്റ്റുകൾക്കായി ഹെലികോപ്റ്റർ സർവ്വീസ് കേരളത്തിൽ ആരംഭിക്കാൻ ആലോചനയുണ്ട്. കാനനടൂറിസം വികസിപ്പിക്കുന്നതിന് ദക്ഷിണാഫ്രിക്കയിലെ 'കൺസർവേഷൻ കോർപറേഷൻ ആഫ്രിക്ക' എന്ന കമ്പനിയുമായി ധാരണയിൽ എത്തിയിട്ടുണ്ട്. തേക്കടിയും ഈ കമ്പനിയിൽ ഉൾപ്പെടും.



## പരീക്ഷണ വിമാനത്തിന് 7000 കിലോമീറ്റർ വേഗം

അമേരിക്കൻ ബഹിരാകാശ ഗവേഷണ സംഘടനയായ നാസയ്ക്ക് വീണ്ടും ശാസ്ത്രനേട്ടം. മണിക്കൂറിൽ 7000 കിലോമീറ്ററോളം വേഗത്തിൽ വിമാനം പറത്തി റെക്കോഡ് സൃഷ്ടിച്ചാണ് ഈ നേട്ടം കൈവരിച്ചത്.

എക്സ് 43 എ എന്ന പൈലറ്റില്ലാത്ത പരീക്ഷണവിമാനമാണ് ശാന്തസമുദ്രത്തിനു മുകളിൽ ശബ്ദത്തെക്കാൾ പത്തിരട്ടിയോളം വേഗത്തിൽ പറന്നത്. പരീക്ഷണവിമാനത്തെ ഒരു ചരക്കുവിമാനത്തിൽ ഘടിപ്പിച്ച് നിശ്ചിത ഉയരത്തിൽ കൊണ്ടുപോയി അവിടെനിന്നാണ് പരീക്ഷണ വിക്ഷേപണം നടത്തിയത്.

പുതിയ ശബ്ദാതിവേഗ ജറ്റ് എഞ്ചിൻ വികസിപ്പിച്ചെടുക്കുന്നതിനുള്ള പരീക്ഷണങ്ങളിൽ മൂന്നാമത്തേതാണിത്. സ്ക്രാം ജറ്റ് എന്നാണ് പേര്. സാധാരണ റോക്കറ്റുകളിൽ ഇന്ധനമായി ടാങ്കുകളിൽ ദ്രവരൂപത്തിലുള്ള ഓക്സിജൻ കൊണ്ടുപോകുകയാണ് പതിവ്. സ്ക്രാംജറ്റ് എഞ്ചിൻ വായുവിൽ നിന്ന് ഓക്സിജൻ ആവാഹിച്ചാണ് പറക്കുന്നത്.


## എനർജി ബാളിനെ അറിയുക

ശാസ്ത്രം ജനങ്ങളിലേക്കെത്തുമ്പോഴാണ് അതിന് കൂടുതൽ സ്വീകാര്യത കൈവരുക. എനർജി ബാൾ ഊർജ്ജതന്ത്രശാഖയിലെ പുതിയ വിസ്മയമായി ശാസ്ത്ര സ്നേഹികളിലേക്കെത്തുന്നു. ഊർജ്ജ സംരക്ഷണനിയമം ആണ് അടിസ്ഥാനം. ഊർജ്ജം പുതുതായി സൃഷ്ടിക്കാനോ നശിപ്പിക്കാനോ സാധിക്കുകയില്ല എന്ന പക്ഷക്കാരാണ് ഊർജ്ജതന്ത്രശാസ്ത്രജ്ഞർ. എന്നാൽ അതിനെ രൂപമാറ്റം ചെയ്യാൻ കഴിയുമെന്ന് നാം സ്കൂൾ ക്ളാസ്സുകളിൽ പഠിച്ചതാണല്ലൊ.

വിവിധ വർണ്ണങ്ങളിലൂടെയാണ് എനർജിബാൾ സഞ്ചരിക്കുന്നത്. മണിക്കിലുക്കം സൃഷ്ടിച്ചും വ്യത്യസ്തകിട് ചലിപ്പിച്ചും തന്ത്രികളിൽ സംഗീതം തൊട്ടുണർത്തിയുമാണ് ഈ സഞ്ചാരം. സംഗതിയുടെ പിന്നിലെന്താണെന്നല്ലേ ? രണ്ടു കൺവെയർ സംവിധാനമുപയോഗിച്ചു പന്തിനെ ഉയർത്തുമ്പോൾ സ്ഥാനികോർജ്ജം ഉല്പാദിപ്പിക്കപ്പെടുന്നു. ഉയരത്തിൽ നിന്ന് താഴോട്ടുരുളുന്ന പന്തുകൾക്ക് വിവിധ സഞ്ചാരപഥങ്ങളാണ്. ഇവിടെവച്ച് സ്ഥാനികോർജ്ജം ഗതികോർജ്ജമായി മാറുകയാണ് ചെയ്യുന്നത്. ഊർജ്ജതന്ത്രശാസ്ത്രത്തിന്റെ സാധ്യതകൾ ഇനിയുമെത്രയോ ഏറെ! ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലാണ് എനർജി ബാൾ സ്ഥാനം പിടിച്ചിരിക്കുന്നത്.

## സ്വർണ്ണ ഗദ്ദ

സ്വർണ്ണ ഗദ്ദ സമ്പൂർണ്ണ ഊര് വികസന പദ്ധതിക്ക് തുടക്കം. ആദിവാസി ജനസമൂഹത്തിന്റെ സമഗ്രവികസനമാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വികസനത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് ഊരു നിവാസികൾ പദ്ധതി സമ്പൂർണ്ണ വിജയമാക്കും. മാമണ, കാരറ, ഗുഡയൂർ എന്നീ ഊരുകളിലാണ് പ്രധാനമായും പദ്ധതി നടപ്പാക്കുക. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'സവാർഡ്' എന്ന സന്നദ്ധ സംഘടനയാണ് പദ്ധതിക്ക് സാങ്കേതികസഹായം നൽകുന്നത്. ആദ്യഘട്ടത്തിൽ ഇരുപത്തിനാല് വീടുകൾ നിർമ്മിക്കാനാണ് പരിപാടി. 48 പേരടങ്ങുന്ന പഠനയാത്രാസംഘം ഊരുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ വിലയിരുത്തി.



## ജുഗൽബന്ദി !

ക്രിക്കറ്റിന്റെ ഉജ്ജ്വലബാറ്റിംഗും ഒഡീസിയുടെ ലാസ്യഭംഗിയും തമ്മിൽ എന്തു ബന്ധം? ബന്ധം ഉണ്ടായാലും ഇല്ലെങ്കിലും ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ സൗരവ് ഗാംഗുലിക്ക് കളിക്കളത്തിൽ മികവ് പുലർത്താനാവണമെന്ന ചിന്തയോടെയാണ് ഒഡീസി നർത്തകി സോണ റോയ് ചിലങ്കയണിയുന്നത്. കൊച്ചിയിലായാലും കാൺപൂരിലായാലും വാംഗഡെ സ്റ്റേഡിയത്തിലായാലും പ്രിയതമൻ തിളങ്ങണമെന്നു തന്നെയാണ് സോണയുടെ പ്രാർത്ഥന. ഗാംഗുലി ദക്ഷിണാഫ്രിക്കക്കെതിരായ കാൺപൂർ ടെസ്റ്റിനു തയ്യാറെടുത്തപ്പോൾ സോണ ഭാരതീയ വിദ്യാഭവൻ രജത ജൂബിലിയോടനുബന്ധിച്ച് തൃശ്ശൂരിൽ അരങ്ങേറിയ ഒഡീസി നൃത്തപരിപാടിക്കു വേണ്ടി പരിശീലനത്തിലായിരുന്നു. നവംബർ 20നായിരുന്നു സോണ ഗാംഗുലിയുടെ ഒഡീസി. കേരളത്തോട് വലിയ പ്രണയമാണ് സോണയ്ക്ക്. അടുത്ത അവധിക്കാലം കേരളത്തിൽ ചെലവഴിക്കണമെന്നാണ് ആഗ്രഹം. ക്രിക്കറ്റ് താരം സൗരവിന്റെയും നർത്തകിയായ സോണയുടെയും മകൾ സന അമ്മയുടെ പാതയാണ് തെരഞ്ഞെടുത്തത്. മൂന്നു വയസ്സുകാരിയായ സന നൃത്തത്തിന്റെ ആദ്യചുവടുകൾ അഭ്യസിക്കുകയാണിപ്പോൾ.

## എരുമേലി പുണ്യപാത



ശബരിമല വികസനത്തിന് ആവശ്യമായ വനഭൂമി അടുത്ത വർഷത്തിനുള്ളിൽ ലഭ്യമാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. എന്തുവില കൊടുത്തും വനഭൂമി ലഭ്യമാക്കും. ഇതിനുവേണ്ടി കേന്ദ്രം മുന്നോട്ടുവയ്ക്കുന്ന ഏതു വ്യവസ്ഥയും അംഗീകരിക്കാൻ തയ്യാറാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എരുമേലിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം ബന്ധപ്പെട്ടവരുമായി മുഖ്യമന്ത്രി ചർച്ച ചെയ്തു.

എരുമേലിപേട്ട അമ്പലം മുതൽ വലിയ അമ്പലംവരെ പുണ്യപാതയായി തത്ത്വത്തിൽ അംഗീകരിച്ചു. 395 ലക്ഷം രൂപയുടെ പദ്ധതി ഇതിനായി അംഗീകരിച്ചിട്ടുണ്ട്. 275 ലക്ഷത്തിന് ഈ വർഷം ഭരണാനുമതി നൽകി. മൊത്തം അഞ്ചു പദ്ധതികളാണുള്ളത്. അടുത്ത വർഷത്തിന് മുമ്പ് എല്ലാ പണികളും പൂർത്തിയാക്കും.

മതസൗഹാർദ്ദത്തിന് പേരുകേട്ട പുണ്യഭൂമിയാണ് എരുമേലി. തീർത്ഥാടകർക്ക് സർക്കാർ കലവറയില്ലാത്ത സഹകരണം നൽകും. അതിന്റെ ഭാഗമായാണ് ബസ്ചാർജ് കുറച്ചത്. അഞ്ചുകോടിയോളം പേർ ഈ വർഷം തീർത്ഥാടകരായി എത്തുമെന്ന് ദേവസ്വം മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു.

# 2004-ലെ നോബൽ സമ്മാന ജേതാക്കൾ

2004-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് കെനിയയിലെ ഡെപ്യൂട്ടി പരിസ്ഥിതി മന്ത്രിയും പരിസ്ഥിതി സംരക്ഷകയുമായ ഡോ. വൻഗാരി മാതായി തെരഞ്ഞെടുക്കപ്പെട്ടു. സമാധാനത്തിനുള്ള നോബൽ സമ്മാനത്തിനർഹയായ ആദ്യ ആഫ്രിക്കൻ വനിതയാണിവർ. പരിസ്ഥിതിയുമായി താദാത്മ്യം പ്രാപിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ, ജനാധിപത്യ സംരക്ഷണം, സമാധാനം എന്നീ രംഗങ്ങളിൽ മാതായ് നല്കിയ സംഭാവനകൾ പരിഗണിച്ചാണ് നോബൽ സമ്മാനം.



സമാധാനം



സാഹിത്യം




വൈദ്യശാസ്ത്രം

സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിനർഹയായത് ആസ്ട്രിയൻ നോവലിസ്റ്റും നാടകകൃത്തുമായ എൽഫ്രീദി ജെലിനെക്കാണ് – സ്ത്രീ പോരാട്ടങ്ങളാണ് ജെലിനെക്കിന്റെ രചനകളിലെ പ്രധാന പ്രമേയം. 'പിയാനോടീച്ചർ' എന്ന ആത്മകഥാപരമായ നോവലാണ് ജെലിനെക്കിന്റെ ഏറ്റവും പ്രശസ്തമായ കൃതി.


അമേരിക്കൻ ശാസ്ത്രജ്ഞരായ റിച്ചാർഡ് ആക്സൽ, ലിൻഡ ബക്ക് എന്നിവർക്കാണ് വൈദ്യശാസ്ത്രത്തിൽ നോബൽ സമ്മാനം. ഗന്ധം തിരിച്ചറിയുന്നതിന് സഹായകമായ മനുഷ്യശരീരത്തിലെ ജൈവഘടകങ്ങളെക്കുറിച്ചുള്ള പഠനത്തിനാണിത്.

ഊർജ്ജതന്ത്രത്തിനുള്ള നോബൽ സമ്മാനത്തിന് അർഹരായത് അമേരിക്കൻ ശാസ്ത്രജ്ഞരായ ഡേവിഡ്. ജെ. ഗ്രോസ്, എച്ച്. ഡേവിഡ് പോളിറ്റ്സർ, ഫ്രാങ്ക് വിൽസെക് എന്നിവരാണ്. പദാർത്ഥത്തിന്റെ അതിസൂക്ഷ്മഘടകങ്ങളായ ക്വാർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്ന ശക്തിവിശേഷണത്തെപ്പറ്റിയുള്ള പഠനമാണ് ഇവരെ നോബൽ സമ്മാനത്തിന് അർഹരാക്കിയത്.




ഊർജ്ജതന്ത്രം

ഇസ്രായലി ശാസ്ത്രജ്ഞരായ ആരോൺ ക്ളച്ചനോവർ, അവ്റം ഷെർഷ്കോ, അമേരിക്കൻ ശാസ്ത്രജ്ഞൻ ഇർവിൻ റോസ് എന്നിവർ രസതന്ത്രത്തിൽ നോബൽ സമ്മാനത്തിന് തെരഞ്ഞെടുക്കപ്പെട്ടു. മനുഷ്യശരീരത്തിലെ അനാവശ്യ കൊഴുപ്പു നശിപ്പിക്കുന്ന കോശങ്ങളുടെ പരിണാമപ്രക്രിയ സംബന്ധിച്ച പഠനത്തിനാണ് പുരസ്കാരം.



രസതന്ത്രം

നോർവീജിയയിലെ ഫിൻ ഇ. കിഡ്ലാൻഡ്, അമേരിക്കയിലെ എഡ്വേർഡ് സി. പ്രെസ്കോട്ട് എന്നിവർക്ക് ഈ വർഷത്തെ ധനതത്ത്വശാസ്ത്രത്തിനുള്ള അവാർഡ് ലഭിച്ചു. സർക്കാർ നയങ്ങളും പരിപാടികളും ആഗോള സാമ്പത്തിക വ്യവസ്ഥിതിയെ എങ്ങനെ ബാധിക്കുന്നു എന്ന തിയറിയെ ആസ്പദമാക്കിയാണ് സമ്മാനം.



ധനതത്ത്വശാസ്ത്രം

## പ്രഥമ വനിത എയർമാർഷൽ

ഇന്ത്യയിലെ പ്രഥമ വനിതാഎയർമാർഷാലായി പത്മാവതി ബന്ധോപാദ്ധ്യായ നിയമിതയായി. ന്യൂഡൽഹിയിലെ എയർ ഹെഡ്ക്വാർട്ടേഴ്സിലെ മെഡിക്കൽ സർവ്വീസിന്റെ ഡയറക്ടർ ജനറലായാണ് നിയമിക്കപ്പെട്ടത്.

## പ്രഥമ ആഫ്രിക്കൻ വനിതാ സെക്രട്ടറി

യു. എസ് ചരിത്രത്തിൽ ആദ്യമായി ഒരു കറുത്ത വനിത, സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തെത്തി. ദേശീയ സുരക്ഷാ ഉപദേശകയായ കോണ്ടലിസ ജലിസ റൈസാണ് ആ സ്ഥാനത്തെത്തിയത്.



എഡ്യൂസാറ്റ്

വിദ്യാഭ്യാസാവശ്യത്തിനായി മാത്രമുള്ള ലോകത്തിലെ ആദ്യത്തെ ഉപഗ്രഹം എഡ്യൂസാറ്റ് സെപ്റ്റംബർ 20 ന് ഭ്രമണപഥത്തിൽ വിക്ഷേപിച്ചു. ശ്രീഹരികോട്ടയിലെ സതീഷ് ധവാൻ ശൂന്യാകാശ കേന്ദ്രത്തിൽ നിന്നാണ് ഇത് വിക്ഷേപിക്കപ്പെട്ടത്.

വിദ്യാഭ്യാസ രംഗത്ത് വിപ്ളവകരമായ നേട്ടങ്ങൾക്ക് ഇത് വഴിയൊരുക്കും. 12 ട്രാൻസ്പോണ്ടറുകളുള്ള എഡ്യുസാറ്റിന്റെ പരിപാടികൾ, പ്രാരംഭദശയിൽ തന്നെ 50,000 കുട്ടികളടങ്ങുന്ന 1000 ക്ളാസ് റൂമുകൾക്ക് ഫലപ്രദമാകും. ആയിരക്കണക്കിന് വിദ്യാർത്ഥികളെ ഒരേ സമയം പഠിപ്പിക്കാനും വിദ്യാർത്ഥികൾക്ക് അദ്ധ്യാപകനുമായി ആശയവിനിമയം നടത്താനുമുള്ള സാങ്കേതികത്വം ഇതിനുണ്ട്.




കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ബി. സുഭാഷൺ റെഡ്ഡി ഗവർണർ ആർ.എൽ. ഭാട്ടിയ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു



വ്യാജ സി.ഡി. നിർമ്മാണത്തിനെതിരെ നടപടി സംബന്ധിച്ച് തീയേറ്റർ ഉടമകളും നിർമ്മാതാക്കളും വിതരണക്കാരും താരങ്ങളും അടങ്ങിയ സംഘവുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി ചർച്ച നടത്തുന്നു.



ദേശീയോദ്ഗ്രഥന ദിനത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാർ പ്രതിജ്ഞ എടുക്കുന്നു.




ഭരണഭാഷാവാരത്തോടനുബന്ധിച്ച് മലയാള ഭാഷാദിനം മന്ത്രി വക്കം പുരുഷോത്തമൻ ഉദ്ഘാടനം ചെയ്യുന്നു.